അതിൽ അൽഭുതകരമായ വസ്തുത യോഹന്നാനും തന്റെ സൃഷ്ടാവാം ദൈവവുമായുള്ള വസ്തുത കേൾക്കാനും കാണാനും സ്പർശിക്കാനും കഴിയുംവിധത്തിലായിരുന്നു എന്ന താണ്.

> ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും (കേൾക്കാൻ കഴിയുന്ന അഭിമുഖം) സ്വന്ത കണ്ണുകൊു കതും (കാണാൻ കഴിയുന്ന അഭിമുഖം), ഞങ്ങളുടെ കൈ തൊട്ടതും (സ്പർശിക്കുവാൻ കഴിയുന്ന അഭിമുഖം) ഞങ്ങൾ സാക്ഷീകരിക്കുന്നു. (യോഹ ന്നാൻ 1:1)

യോഹന്നാന്റെ ലേഖനത്തിൽ നാം വായിക്കുന്നത് വ്യക്തി പരമല്ലാത്ത ഒരു ദൈവശാസ്ത്രമല്ല. ജീവനുള്ള ദൈവത്തോടു യോഹന്നാനുായ അഭിമുഖത്തിന്റെ സാക്ഷ്യമാണു അത്.

*'ഇതെല്ലാം ഇന്നു എന്നെ എങ്ങനെ സഹായിക്കും?'* എന്നു നിങ്ങൾ ചോദിച്ചേക്കാം. ഈ ചോദ്യത്തിനു യോഹ ന്നാൻ ഉടനെ ഉത്തരം നൽകുന്നു: നമ്മുടെ സന്തോഷം പൂർണ മാകുവാൻ ഇത് നിങ്ങൾക്കു എഴുതുന്നു (1 യോഹന്നാൻ1:4) അതുപോലെ ജീവനുള്ള ദൈവത്തെ നിങ്ങൾ കത്തെുന്ന തിന്റെ സന്തോഷം സമ്പൂർണമായി നിങ്ങൾ അനുഭവിക്കണ മെന്നു ഒരു സ്നേഹിതൻ ആഗ്രഹിക്കുന്നതുകൊാണ് നിങ്ങൾ വായിക്കുന്ന ഈ പുസ്തകം നിങ്ങളുടെ കരങ്ങളിൽ എത്തുന്നത്

യോഹന്നാൻ വിശദീകരിക്കുന്നു:

ഞങ്ങൾ കും കേട്ടുമുള്ളത്, നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉാകേ തിനു നിങ്ങളോടും, അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം

പൂർണമാകുവാൻ ഞങ്ങൾ ഇത് നിങ്ങൾക്ക്എഴുതുന്നു (1 യോഹന്നാൻ1:3,4)

അതേ, ഇരുളടഞ്ഞ രാത്രിയിൽ പ്രകാശം ആകർഷണീയമായിരിക്കുന്നതുപോലെ, ദൈവതേജസ്സിന്റെ പ്രകാശം മനുഷ്യനെ ദൈവത്തിങ്കലേക്കു ആകർഷിക്കും. ദൈവം എങ്ങനെയുള്ളവൻ എന്നു കാണുവാനുള്ള നിങ്ങളുടെ ആഗ്രഹത്തിൽ, നിങ്ങൾക്കും മോശെയെപ്പോലെ ഇന്നു പ്രാർഥിക്കാം *'അങ്ങയുടെ തേജസ്സ് എന്നെ കാണിക്കേണമേ!'*

## ഒരുനിമിഷം നില്ക്കുക: ചിന്തിക്കുക

1. നിങ്ങളുടെ ദൈവാന്വേഷണത്തിൽ നിങ്ങൾ ഉറച്ച ചിന്തയോടുകൂടെ ബൈബിൾ വായിച്ചിട്ടുാേ?
2. നിങ്ങൾ ബൈബിൾ വായിക്കുമ്പോൾതന്നെ ദൈവമേ അങ്ങ് എനിക്കു വെളിപ്പെടുത്തണമേ എന്നു നിങ്ങൾ അപേക്ഷിക്കുമോ?
   പ്രാർഥിക്കുക: *'ദൈവമേ, ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചവനും എന്നെ സ്നേഹിക്കുന്നവനും ആയ ദൈവം അങ്ങ് ആകുന്നു എങ്കിൽ, ദയവായി എനിക്കു അങ്ങയെ വെളിപ്പെടുത്തേണമേ വാഗ്ദത്ത മശിഹായായ അങ്ങയുടെ പുത്രൻ യേശുക്രിസ്തുവിനെ എനിക്കു കാണിച്ചു തരണമേ!'*
3. നിങ്ങൾ യഥാർഥമായും ദൈവത്തെ ആരാധിക്കണമെങ്കിൽ ആ ദൈവം,
   മാനുഷിക ഗവേഷണത്താൽ കത്തൊൻ കഴിയുന്നതിനെക്കാൾ ശ്രേഷ്ഠനും, മാനുഷിക ബുദ്ധിയിൽ ഗ്രഹിക്കാൻ കഴിയുന്നതിനെക്കാൾ ശ്രേഷ്ഠനുമായിരിക്കുന്നു എന്നു നിങ്ങൾ തിരിച്ചറിയുന്നുവോ?

മനുഷ്യന്റെ സ്വഭാവത്തെക്കുറിച്ചു അല്പമൊക്കെ മനസ്സിലാക്കിയിട്ടു് എന്നു ഞാൻ വിചാരിക്കുന്നു. പുരാതന വീരന്മാർ എല്ലാവരും മനുഷ്യർ ആയിരുന്നു; ഞാനും ഒരു മനുഷ്യൻ തന്നെ, എന്നാൽ അവനെ പ്പോലെ ആരുമില്ല! യേശുക്രിസ്തു മനുഷ്യരിൽ ശ്രേഷ്ഠനായിരുന്നു.

നെപ്പോളിയൻ

## അധ്യായം 4

# ജനങ്ങളെ വാസ്തവത്തിൽ വേർപിരിക്കുന്നത് എന്താണ്?

ആധുനികലോകം ഒരു ആഗോളഗ്രാമമാണ്. എങ്കിലും, ശത്രുതയിൽ കഴിയുന്ന അയല്ക്കാരാണ് അതിലെ ജനങ്ങൾ: തന്നിമിത്തം ഈ ആഗോള ഗ്രാമം ഒരു അപകടമേഖലയായി മാറിക്കൊിരിക്കുന്നു.

ഉപരിതലത്തിൽ രാഷ്ട്രീയവും സാമ്പത്തികവും കുടുംബപരവും, ചിലപ്പോൾ വ്യക്തിപരമായ പ്രശ്നങ്ങളാണ് ജനത്തെ വേർതിരിക്കുന്നത് എന്നു തോന്നും. മേല്പറഞ്ഞ കാരണങ്ങൾ ജനത്തെ ഭിന്നിപ്പിക്കുന്നവയാണെങ്കിലും, തിരിച്ചറിയാൻ പ്രയാസമുള്ളതും, കൂടുതൽ ഗൗരവമുള്ളതുമായ പ്രശ്നം ലോകത്തിൽ നിലനില്ക്കുന്നു്.

ആദ്യമായി, ഉപരിതലത്തിൽ ജനത്തെ വേർതിരിക്കുന്ന കാരണങ്ങൾ ചിന്തിക്കാം; അതിനുശേഷം പ്രധാനപ്രശ്നത്തിലേക്കു വരാം.

### പ്രത്യക്ഷമായ വിഭജനങ്ങൾ

**രാഷ്ട്രീയമായി:** രാഷ്ട്രീയമായ് നേതാക്കന്മാർ ഭയത്തോടും അവിശ്വാസത്തോടും കൂടെയാണ് പരസ്പരം അഭിമുഖീകരിക്കുന്നത്. അനുരഞ്ജന സാധ്യമല്ലാത്ത പ്രശ്നങ്ങൾ സൈനിക ശക്തികൊ് പരിഹരിക്കാമെന്നും, അതാണ് തങ്ങ

ളുടെ രാജ്യത്തിന്റെ സുരക്ഷയുടെ അടിസ്ഥാനമെന്നും അവർ കരുതുന്നു.

അതേസമയം ഉൽക്കണ്ഠാകുലരായ പൗരജനങ്ങൾ സമാധാനത്തിനും ആണവ നിരായുധീകരണത്തിനും വേി ശബ്ദമുയർത്തുന്നു. ഘടകവിരുദ്ധമെന്നു പറയട്ടെ, സമാധാന റാലികൾ ടെലിവിഷനിൽ കാണുമ്പോൾ അതിൽ പങ്കെടുക്കുന്ന ചിലരുടെ മനോഭാവം, യുദ്ധമാരംഭിക്കുന്നവരുടെ അതേ വികാരങ്ങൾ തന്നെയല്ലേ എന്നു നമുക്കു തോന്നും.

**സാമ്പത്തികമായി:** പ്രകൃതി ദുരന്തങ്ങൾ വരൾച്ച, ക്ഷാമം, പട്ടിണി, ഭൂകമ്പം മൂന്നാം ലോകരാജ്യങ്ങളിൽ വർധമാനമായി കാണപ്പെടുന്നു. സമ്പന്നരാജ്യങ്ങൾക്കും ദരിദ്രരാജ്യങ്ങൾക്കും മധ്യേയുള്ള ഈ വലിയ സാമ്പത്തിക വ്യത്യാസങ്ങൾ പ്രകൃതി ദുരന്തങ്ങളുടെ ആഘാതം വർധിപ്പിക്കുന്നു. സഹായിക്കുവാൻ ആഗ്രഹിക്കുന്ന നിരവധിയാളുകളുടെ സന്മനസ്സും ത്യാഗവും ഉങ്കെിലും. പലപ്പോഴും ധനികർ അധികം ധനികരായും ദരിദ്രർ അധികം ദരിദ്രരുമായാണ് കാണപ്പെടുന്നത്.

**കുടുംബപരമായി:** വിവാഹത്തിലെയും കുടുംബ ജീവിതത്തിലെയും തകർച്ച പകർച്ചവ്യാധിപോലെ പടർന്നു പിടിച്ചിരിക്കുന്നു എന്നത് ഇന്നു രഹസ്യമല്ല. കണ്ണുനീർ വീഴ്ത്തിക്കൊ് ലെറ്റ്സോളെ പറഞ്ഞു : *'എന്റെ വീട് തകർന്നുപോയി'* അവന്റെ നാലു ചുവരുള്ള ആഫ്രിക്കൻ കുടിൽ തകർന്നു എന്നു പറയുന്നു എന്നാണ്, ഞാൻ വിചാരിച്ചത്. തന്റെ ഭാര്യ തന്നെ ഉപേക്ഷിച്ചുപോയി എന്നതാണ്, ലെറ്റ് സോളെ പറഞ്ഞതിന്റെ അർഥം. സ്വാർഥ ജീവിത ശൈലികൾ സ്നേഹബന്ധങ്ങളെ നശിപ്പിക്കുന്നതിനാൽ അനേകമനേകം *'വീടുകൾ'* നശിച്ചുകൊിരിക്കുന്നു (എങ്കിലും, തങ്ങളുടെ വിവാഹബന്ധത്തെ സ്ഥിരതയുള്ളതായി ഉറപ്പിക്കാൻ ആഗ്രഹിക്കുന്ന ദമ്പതികൾക്ക് ദൈവസ്നേഹം ലഭ്യമാണ് എന്നു പിന്നീടൊരു അധ്യായത്തിൽ നാം കാണുന്നതാണ്)

**വ്യാവസായികമായി:** ജോലിസ്ഥലങ്ങളിൽ അസംതൃപ്തിയും സംഘർഷവുമു് എന്നു നാം കേൾക്കാറു്. ഇരുപതാം നൂറ്റാിലെ ഇംഗ്ലിലെ വ്യവസായ തർക്കം 1985-ൽ അവസാനിക്കുകയുായി. പണിമുടക്കവും തെരുവിലെ ഏറ്റുമുട്ടലുകളും അവസാനിപ്പിച്ചു എങ്കിലും, അസ്വാസ്ഥ്യങ്ങളും കൈപ്പും തൊഴിലാളി-മാനേജ്മെന്റ് ബന്ധങ്ങളിലും വ്യവസായിക സമൂഹത്തിലും തുറന്ന വൃണമായി തുടർന്നുകൊിരുന്നു. 1904-ൽ വെയിൽസിലുായ വ്യവസായിക അസ്വസ്ഥതകൾക്കുശേഷം കൽക്കരിഖനികളിൽ തൊഴിലാളി, മാനേജ്മെന്റു ബന്ധങ്ങളിൽ എത്ര സൗഹാർദപരമായ വ്യതിയാനമാണുായത്. ജോൺ പാരി നേരിട്ടറിഞ്ഞിരുന്ന കാര്യങ്ങൾ എന്നോടു പറഞ്ഞു.

ജോണിനെ ഞാൻ ആദ്യം കാണുമ്പോൾ അദ്ദേഹത്തിനു 91 വയസ്സു്. ഒരു റിട്ടയാർഡ് കൽക്കരിഖനി തൊഴിലാളിയാണ്; മൈനേഴ്സ് ഡിസീസ് (ഖനി വ്യാധി) ബാധിച്ചു പൂർണമായും അന്ധനായിരുന്നു. സൗകര്യമുള്ളപ്പോഴെല്ലാം, എന്റെ ഭാര്യയും ഞാനും നോർത്ത് വെയ്ൽസിലെ തന്റെ ചെറിയ ഭവനം സന്ദർശിച്ചിരുന്നു. 1904-1905 കാലഘട്ടത്തിൽ, ദൈവം വെയ്ൽസിൽ അയച്ച ഉണർവിൽ, പാപബോധമുായി രക്ഷയിലേക്കു നയിക്കപ്പെട്ട അനുഭവം, വളരെ സന്തോഷത്തോടെ ജോൺ വിവരിച്ചിരുന്നു. ആ കാലത്ത് ഖനിതൊഴിലാളികളും, ഖനി ഉടമകളും ജീവനുള്ള ദൈവത്തെ കത്തിയിരുന്നു. അവർക്ക് പരസ്പരം നല്ല കൂട്ടായ്മയും ഒത്തൊരുമയും വിശ്വാസവും ബഹുമാനവും ഉായിരുന്നു. 1905-നും 1985-നും തമ്മിൽ എന്തൊരു വ്യത്യാസം!

ആ ദിനങ്ങളെക്കുറിച്ചു ആഹ്ലാദത്തോടെയാണ് ജോൺ സംസാരിച്ചത്. അനേകം മദ്യശാലകൾ, മദ്യംവാങ്ങുവാൻ ആളില്ലാതെ വന്നതിൽ അടച്ചു പൂട്ടിപോയി. ഖനിഗർത്തങ്ങളിലേക്കു ഇറങ്ങിപ്പോകുന്ന തൊഴിലാളികൾ ദൈവത്തിനു സ്തോത്രഗീത

ങ്ങൾ ആലപിച്ചു കൊാണ് പോയിരുന്നത്. അദ്ദേഹം കുലു ങ്ങിചിരിച്ചുകൊു വീും പറഞ്ഞു. *'ഉണർവ് എവിടെ ആയി രുന്നു എന്നു ചോദിച്ചുകൊ് ആളുകൾ എന്നെ അന്വേഷിച്ചു വരാറു്.'* തന്റെ മാറിൽ കൈപ്പത്തി അമർത്തി ജോൺ പറയും *'അത് ഇവിടെയായിരുന്നു; ഇപ്പോഴും അവിടെയു്!'*

**യഥാർഥ വേർതിരിവ്**

മേല്പറഞ്ഞ വസ്തുതകൾ ജനങ്ങൾക്കു തമ്മിൽ ആഴ ത്തിലുള്ള വേർതിരിവുാക്കുന്നു എങ്കിലും, കൂടുതൽ ഭയ ങ്കരമായ ഭിന്നതയുളവാക്കുന്ന മറ്റുചില കാരണങ്ങളു്. അനേക ദേശങ്ങളുടെ പ്രശാന്തതയെ സ്ഥിരമായി തകർക്കും വിധം അത് അപകടകരമായിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള തങ്ങളുടെ അവ്യക്തമായ ധാരണകൾനിമിത്തം ജനങ്ങൾ ആത്യന്തികമായി ധ്രുവീകരിക്കപ്പെടുന്നു.

മനുഷ്യവർഗത്തോടുള്ള തന്റെ വെളിപ്പാടിൽ, തന്റെ ദിവ്യാസ്തിത്വത്തെക്കുറിച്ചുള്ള സത്യത്തെ ദൈവം ഒരിക്കലും വിട്ടുവീഴ്ചയ്ക്കു വിധേയമാക്കിയിട്ടില്ല. ദൈവം വാസ്തവത്തിൽ ആയിരിക്കുന്നതുപോലെ തന്നെ ജനങ്ങൾ മനസ്സിലാക്കുവാൻ അവരെ സഹായിക്കേതിനു ഒരു വലിയ വെളിച്ചം അവർക്കു നല്കുമെന്നു അവിടന്നു വാഗ്ദത്തം നല്കിയിരുന്നു. *'ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കു'* (യെശയ്യാവ് 9:2) ഈ വെളിച്ചത്തെ എങ്ങനെ തിരിച്ചറിയാമെന്നും ദൈവം ജന ത്തോടു അറിയിച്ചിരുന്നു: *'നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു'* (യെശയ്യാവ് 9:6)

ഒരു ശിശു ജനിക്കും എന്നുമാത്രം, ദൈവം പറഞ്ഞിരുന്നു എങ്കിൽ, ആ പ്രസ്താവനയിൽ യാതൊരു സവിശേഷതയും ഉാകുമായിരുന്നില്ല. ശിശുക്കൾ എപ്പോഴും ജനിക്കുന്നു ല്ലോ! *'ഒരു മകൻ നല്കപ്പെടും'* എന്ന വാഗ്ദത്തവുമായി ബന്ധപ്പെടുത്താതിരുന്നെങ്കിൽ ഒരു ശിശു ജനിക്കും എന്നു പറ യുന്നതിൽ പ്രാധാന്യവുമില്ലായിരുന്നു. ഒരിക്കൽ പ്രവചനമായി

വന്നത്, ചരിത്രമായി. എന്തു സംഭവിക്കുമെന്നു ദൈവം പറഞ്ഞുവോ, അത് സംഭവിച്ചു. ഭൂമിയിൽ ഒരു ശിശു ജനിച്ചു; സ്വർഗത്തിൽ നിന്ന് ഒരു മകൻ നല്കപ്പെട്ടു, ഒരു ശിശുവിന്റെ ജനനത്തിൽ ഒരു മകൻ ദാനം ചെയ്യപ്പെട്ടു. അന്ധകാരത്തിൽ തപ്പിനടന്നിരുന്ന ജനത്തിനു ദൈവം വെളിച്ചം നല്കി. ഇന്നുവരെയും ആ വെളിച്ചം അന്ധകാരത്തെ നിർജനം ചെയ്തുകൊ ിരിക്കുന്നു. ആ വെളിച്ചമില്ലാതിരുന്നെങ്കിൽ ഇരുട്ട് ദൈവത്തെ നമ്മുടെ കണ്ണുകൾക്കു മറച്ചുകളയുമായിരുന്നു.

ദൈവത്തിന്റെ നിസ്തുലനായ ശിശുവിന്റെ ജനനത്തെ തിരിച്ചറിയുന്നതിനും, മറ്റുള്ളവരിൽനിന്നു അവനെ വേറിട്ടു കാണുന്നതിനും, തന്റെ പുത്രന്റെ ജനനത്തിനു ദൈവം അൽഭുകരമായ ഒരു *'അടയാളം'* നല്കി *'കന്യകഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ഇമ്മാനുവേൽ എന്നു പേർവിളിക്കും'* (യെശയ്യാവ് 7:14).

ഇമ്മാനുവേൽ എന്ന അവന്റെ പേരിന്റെ അർഥം തന്നെ *'ദൈവം നമ്മോടു കൂടെ'* എന്നാകുന്നു – അത് എത്ര അൽഭുതകരമാകുന്നു. സകലമതങ്ങളിൽനിന്നും എത്രയോ സദ്വാർഥയാണ് ആ നാമം നമുക്കു നല്കുന്നത്. വേദപുസ്തകത്തിൽ അത് രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യർ ദൈവത്തെ കണ്ടെത്തേത് എങ്ങനെയെന്നു വ്യാജമതങ്ങൾ കാണിക്കാൻ ശ്രമിക്കുമ്പോൾ ദൈവം മനുഷ്യനെ കണ്ടെത്തിയത് എങ്ങനെ എന്നുപറയുന്ന ദൈവത്തിന്റെ രേഖയാണ് വേദപുസ്തകം.

വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം ദൈവം ഭൂഗ്രഹത്തിൽ തലചായ്ച്ചപ്പോൾ ഒരു കന്യകഗർഭിണിയായിരുന്നു. പ്രപഞ്ചസൃഷ്ടാവ്, കാലത്തിന്റെയും സ്ഥലത്തിന്റെയും ഭാഗമായിത്തീരുവാൻ നിശ്ചയിച്ചത് ഇപ്പോൾ ചരിത്രത്തിന്റെ ഭാഗമായിത്തീർന്നു. *'കർത്താവിന്റെ ഒരു ദൂതൻ യോസെഫിനു സ്വപ്നത്തിൽ പ്രത്യക്ഷനായി ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തു*

*കൊൾവാൻ ശങ്കിക്കേ; അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു'* (മത്തായി 1:20). യേശു ജനിച്ച്, അവൻ പുരുഷനായതിനുശേഷം തന്റെ വിരോധികളായിരുന്ന സംശയാലുക്കളുടെ മധ്യത്തിൽ അവൻ പ്രഖ്യാപിച്ചു *'ഞാനും പിതാവും ഒന്നാകുന്നു'* (യോഹന്നാൻ 10:30).

അപ്പോളോ XV – ലെ ബഹിരാകാശ യാത്രികനായിരുന്ന ജോൺ ഇർവിൻ ഇപ്രകാരം എഴുതി; മനുഷ്യർ ചന്ദ്രനിൽ നടക്കുന്നതിനെക്കാൾ എത്രയോ പ്രധാനമാണ് ദൈവം ഭൂമിയിൽ നടക്കുന്നത്. ദൈവം നിത്യതയിൽനിന്നു കാലത്തിലേക്കു ഇറങ്ങി വന്നതാണ് മഹാസംഭവം; ബഹിരാകാശത്തുാക്കിയ നേട്ടം അതിനോടു താരതമ്യപ്പെടുത്താനാവില്ല.

ഒരു ശിശു ജനിക്കും, ഒരു മകൻ നല്കപ്പെടും എന്ന പ്രവചനത്തിനു ശേഷം, ആ നിസ്തുല വ്യക്തിയെക്കുറിച്ചു കൂടുതൽ വിശദമായ പ്രവചനവിവരണം നല്കപ്പെട്ടിരിക്കുന്നു. *'അവനു അൽഭുതമന്ത്രി വീരനാം ദൈവം നിത്യപിതാവ് സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർധനയ്ക്കും സമാധാനത്തിനും അവസാനം ഉാകയില്ല'* (യെശയ്യാവ് 9:6,7) ഒരുവൻ വിജയകരമായി ലോകാധിപത്യം വഹിക്കുന്നവനാകണമെങ്കിൽ ഇത്രയും വലിയ അധികാരവും ഉദ്ദേശ്യവും അവനുായിരിക്കണം. ഇന്നും ശരിയായ കാര്യങ്ങൾ പ്രവർത്തിക്കുവാനുള്ള അറിവു മാത്രമല്ല, അധികാരമുള്ള നായകന്മാരെ ലോകം അന്വേഷിച്ചുകൊിരിക്കുന്നു. ചില നേതാക്കന്മാർക്ക്, എന്തു നടപടിയാണ് സ്വീകരിക്കേത് എന്ന അറിവുായിരിക്കാം; എന്നാൽ നിത്യ സമാധാനം ഭൂമിയിൽ നിലനിർത്തുവാനുള്ള അധികാരമോ, ശക്തിയോ ജ്ഞാനമോ ചരിത്രത്തിൽ ഒരു നായകനും ഉായിട്ടില്ല.

സമാധാന പ്രഭുവിന്, ഈ ലോകത്തിൽ നിത്യസമാധാനം വരുത്തുന്നതിനുള്ള അറിവും ശക്തിയുമു്. യേശു ഭരണം നടത്തുന്നതിനു ഒരു ദിവസം ഭൂഗ്രഹത്തിൽ വരും. ആ സുദിനം

പ്രഭാതമാകുമ്പോൾ എല്ലാ ആയുധനിർമ്മാണ ഫാക്ടറികളും അടച്ചു പൂട്ടും. പൊട്ടിച്ചിട്ടില്ലാത്ത എല്ലാ അണുവായുധങ്ങളും നിർവീര്യമാക്കപ്പെടും. എല്ലാ അതിർത്തി ഗാർഡുകളും പട്ടാളക്കാരും എന്നന്നേക്കുമായി ഭവനങ്ങളിലേക്കു തിരിച്ചയക്കപ്പെടും.

മനുഷ്യവർഗത്തെ ഭരിക്കുന്നതിൽ മനുഷ്യൻ എത്ര ദയനീയ പരാജയവും അപര്യാപ്തനുമാണ് എന്ന് ഇതിനകം തെളിയിച്ചിട്ടു്. സ്വർലോക സാമ്രാജ്യത്തിന്റെ ചെങ്കോൽ സമാധാനപ്രഭു കയ്യിലേന്തുന്ന നിമിഷംവരെ, സകല മനുഷ്യർക്കും സമാധാനവും നീതിയും എന്നത് കാത്തു നില്ക്കേി വരും! *'അപ്പോൾ മനുഷ്യൻ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും. ജാതിജാതിക്കുനേരെ വാളോങ്ങുകയില്ല അവർ ഇനി യുദ്ധം അഭ്യസിക്കയുമില്ല.'* (യെശയ്യാവ് 2:4) ആ സമാധാന ദിനത്തിൽ *'വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്ത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണമാകും'* (ഹബക്കൂക്ക് 2:14). നിത്യതയുടെ ദൈവത്തെ തൃപ്തനാക്കുന്ന മറ്റൊരു നിഗമനവും ചരിത്രത്തിലുാവില്ല.

എന്നാൽ, കർത്താവായ യേശുവിന്റെ നിയന്ത്രണത്തിൽ സന്മാർഗിക സമാധാനം കൈവരുന്നതിനു മുമ്പേ, ജനങ്ങൾക്കു മധ്യത്തിൽ ആഴത്തിലുള്ള വ്യക്തമായ വേർതിരിവു കാണുവാൻ കഴിയും. ആ ഭിന്നത യേശുക്രിസ്തുവിന്റെ ആളത്വത്തെ കേന്ദ്രീകരിച്ചുള്ളതായിരിക്കും.

**അതുകൊ് യേശു ആര്? അവൻ വന്നതിന്റെ ഉദ്ദേശ്യമെന്ത്? അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ നിങ്ങൾക്കുവേി അവൻ എന്തു ചെയ്തു? എന്നീ കാര്യങ്ങളെക്കുറിച്ചു നിങ്ങൾക്ക് ഉത്തമബോധ്യമുാകേത് പ്രധാനമാണ്.**

ഉല്പത്തിപുസ്തകവും യോഹന്നാന്റെ സുവിശേഷവും ഒരേനിലയിലാണ് ആരംഭിക്കുന്നത്. *'ആദിയിൽ ദൈവം ആകാ*

*ശവും ഭൂമിയും സൃഷ്ടിച്ചു'* (ഉല്പത്തി1:1) എന്നു, നാം ഉല്പത്തിയിൽ വായിക്കുന്നു. 'ആദിയിൽ വചനമുായിരുന്നു വചനം ദൈവം ആയിരുന്നു... സകലവും അവൻ മുഖാന്തരം ഉളവായി' (യോഹന്നാൻ 1:1-3) എന്നിങ്ങനെ യോഹന്നാൻ എഴുതുന്നു. ഏലോഹിം എന്നു വിളിക്കപ്പെടുന്ന ദൈവം; യോഹന്നാന്റെ സുവിശേഷത്തിൽ *'വചനം'* എന്നു പരാമർശിക്കപ്പെട്ടിരിക്കുന്നു. ഏലോഹിം വചനമാണ്. സ്വന്ത സൃഷ്ടികളുടെ മധ്യത്തിൽ നടക്കുവാൻ അവൻ ജഡം ധരിച്ചു. വചനം ജഡമായിത്തീർന്നു; നമ്മുടെ ഇടയിൽ പാർത്തു അതിനെക്കുറിച്ചു പറയുന്ന സമ്പൂർണ വേദഭാഗം വായിക്കുക:

> *ആദിയിൽ വചനം ഉായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു; സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല. അവൻ ലോകത്തിൽ ഉായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി; ലോകമോ അവനെ അറിഞ്ഞില്ല. അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊില്ല. അവനെ കൈകൊ് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞതായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസു പിതാവിൽനിന്നു ഏകജാതനായവന്റെ തേജസായികു.* (യോഹന്നാൻ 1:1-3,10-12,14)

നൂറ്റാുകൾക്കു മുമ്പ് മോശെയും, എല്ലാ കാലത്തുമുള്ള ജനങ്ങളും ആഗ്രഹിച്ചതുപോലെ ശിഷ്യനായ ഫിലിപ്പൊസും ദൈവം എങ്ങനെയുള്ളവൻ എന്നു കാണുവാൻ ആഗ്രഹിച്ചു. *'കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം'* (യോഹന്നാൻ14:8) എന്നു അപേക്ഷിച്ചു. അൽഭുതകരമാംവിധം യേശു ഉത്തരം പറഞ്ഞു *'എന്നെ കവൻ പിതാവിനെകിരിക്കുന്നു'* (യോഹന്നാൻ 14:9). യേശു വാസ്തവത്തിൽ ദൈവം അല്ല എങ്കിൽ, മേല്പറഞ്ഞ ഉത്തരം അവനെ ഭോഷനെന്നോ

ചതിയനെന്നോ വിളിക്കപ്പെടുവാൻ ഇടയാകുമായിരുന്നു. അങ്ങനെ പറയുവാൻ ആരും ധൈര്യപ്പെട്ടില്ല. യേശു ദൈവമായിരുന്നില്ല എങ്കിൽ, അവൻ ലോകം കിട്ടുള്ള ഏറ്റവും വലിയ വഞ്ചകൻ ആകുമായിരുന്നു. യേശുവിനെ കാണുമ്പോൾ നാം ദൈവത്തെ കാണുന്നു എന്നു അംഗീകരിക്കണം.

യേശു ആരാണ് എന്ന പ്രഖ്യാപനത്തിന്റെ ഈ രംഗത്താണ് ജനങ്ങൾ വേർതിരിയുന്നത്. *'ഞാനും പിതാവും ഒന്നാകുന്നു'* (യോഹന്നാൻ 10:30) എന്നു യേശു പറഞ്ഞപ്പോൾ തങ്ങളുടെ ദൈവത്തിനുവേിയുള്ള അന്വേഷണത്തിന്റെ മറുപടി അവർ യേശുവിൽ കത്തെി എന്നതിൽ ആളത്വമില്ല. എന്നാൽ ദൈവം ഇത്രയും താഴ്മധരിച്ചു വരുന്നതിന്റെ സാധ്യത മനസ്സിലാക്കാൻ കഴിയാത്തവർ ശത്രുതയോടെയാണ് പ്രതികരിച്ചത്. യേശു കുറെ ജനത്തെ ആകർഷിച്ചു, മറ്റുള്ളവരെ അകറ്റി. അവനെ അനുഗമിച്ചവർ ഉായിരുന്നു; അവനെ കൊല്ലുന്നതിനു ഗൂഢാലോചന നടത്തിയവരും ഉായിരുന്നു.

യേശുവിന്റെ ജീവിതകാലത്തു തന്നെ അവൻ ജനത്തെ വേർതിരിച്ചു. യേശു വ്യക്തമായി പറഞ്ഞു, *'എനിക്ക് അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു'* (മത്തായി 12:30) **എങ്കിലും ആരംഭ പ്രതികണം ഒരു സ്ഥിരം പ്രതികരണമാകണമെന്നില്ല.**

യേശുവിന്റെ ശത്രുവായിരുന്ന ഒരുവൻ അവന്റെ അനുഗാമിയായിത്തീർന്നതിനെക്കുറിച്ചു നമുക്കു ചിന്തിക്കാം. ശൗൽ എന്നു പേരായ ഒരു യെഹൂദാ റബ്ബി, തന്റെ യൗവനത്തിൽ യേശുവിന്റെ ശിഷ്യന്മാരെ അത്യധികം വെറുത്തിരുന്നു. അവൻ അവരെ ഉപദ്രവിക്കയും അവരെ കൊല്ലുന്നതിനു സമ്മതം നല്കുകയും ചെയ്തു എന്നാൽ തന്റെ മാനസാന്തരത്തിനു ശേഷം ശൗൽ യേശുവിനെ തന്റെ കർത്താവും പ്രഭുവുമായി അംഗീകരിച്ചു, ആദരിച്ചു. ക്രിസ്തുവിനോടുള്ള ഭക്തി നിമിത്തം അവൻ വളരെ കഷ്ടതകൾ അനുഭവിച്ചു. വ്യത്യാസമുാക്കിയത് എന്താണ്?

ശൗൽ ദമസ്കോസിലേക്കു യാത്രചെയ്യുമ്പോൾ അവൻ ഒരു *'വലിയവെളിച്ചം'* കു. വലിയ പ്രകാശത്തിൽ അവന്റെ കണ്ണുകൾ കാണാൻ വഹിയാതായി. താൻ ദൈവത്തിന്റെ സാന്നിധ്യത്തിലാണ് എന്നു ശൗൽ മനസ്സിലാക്കി.

യഹ്വെ എന്നതിന്റെ ഗ്രീക്കു പദം ഉപയോഗിച്ചുകൊു അവൻ ചോദിച്ചു: *'നീ ആരാകുന്നു കർത്താവേ? നീ ഉപദ്രവിക്കുന്ന യേശുവാകുന്നു'* എന്നു യേശു ഉത്തരം പറഞ്ഞു (പ്രവൃത്തികൾ 9:5). യഹ്വെയും യേശുവും ഒന്നാകുന്നു എന്നു ആ ദിവസം ശൗൽ മനസ്സിലാക്കി.

ഈ വെളിപ്പാട് യേശുവിന്റെ ശത്രുവായിരുന്ന ശൗലിനെ, അപ്പൊസ്തലനായ പൗലൊസ് ആയി രൂപാന്തരപ്പെടുത്തി. ആ ദിവസം മുതൽ പൗലൊസ് തന്റെ ജീവിതം സമ്പൂർണമായും കർത്താവായ യേശുക്രിസ്തുവിനു സമർപ്പിച്ചു. തന്റെ ശേഷിച്ച ജീവിതകാലം മുഴുവനും ദൈവം ഭൂഗ്രഹത്തെ സന്ദർശിച്ചു എന്ന സുവാർത്ത അവൻ പ്രസംഗിച്ചുപോന്നു. പൗലൊസിന്റെ ജീവിതത്തിൽ യേശുക്രിസ്തുവിന്റെ യാഥാർഥ അനുഭവം അവനെ ഏറ്റവും വലിയ മിഷനറിയായി രൂപാന്തരപ്പെടുത്തി. സകലവും അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം അവന്റെ എഴുത്തുകളിൽ കാണാം (കൊലൊസ്യർ 1:16).

നാം കതുപോലെ നസറായനായ യേശു, പുത്രനാം ദൈവമാകുന്നു എന്നു ബൈബിൾ പ്രഖ്യാപിക്കുന്നു. ഹെർമ്മോൺ, യഹോവാ സാക്ഷികൾ തുടങ്ങിയവർ വിശ്വസിക്കുന്നതുപോലെ ദൈവത്തിന്റെ പുത്രൻ എന്നല്ല, ബൈബിൾ പറയുന്നത്. ഇസ്ലാം ഉപദേശിക്കുന്നതുപോലെ യേശു ദൈവത്തിന്റെ കേവലം ഒരു പ്രവാചകനുമല്ല, ഈ വിധത്തിലുള്ള പഠിപ്പിക്കലുകൾ നിമിത്തം ദൈവം ദൈവത്തെക്കുറിച്ചു നല്കിയിട്ടുള്ള വ്യക്തമായ വെളിപ്പാട് അനേകർ അവഗണിച്ചിരിക്കുന്നു. അങ്ങനെ അവൻ വ്യത്യസ്ത വിശ്വാസികളെ കൂട്ടിയോജിപ്പിക്കുവാൻ ശ്രമിച്ചുകൊിരിക്കുന്നു.

ഉദാഹരണമായി, ഹിന്ദുക്കൾ ഞങ്ങൾ അനേകം ദേവന്മാരിൽ ഒരാളെന്നനിലയിൽ യേശുവിനെ കരുതുന്നു. ജീവനുള്ള സത്യദൈവമായ ഏലിയാവിന്റെ ദൈവം, ജാതീയ ദേവനായ ബാലിനെ അഭിമുഖീകരിച്ചപ്പോൾ യഥാർഥ ദൈവം ബാലിനെ സമ്പൂർണമായും പരാജയപ്പെടുത്തി എന്ന വസ്തുത നാം ഓർക്കുക. അതുപോലെ, മനുഷ്യനിർമിതവും മനുഷ്യ സങ്കല്പിതമായ സകല ദേവന്മാരും കർത്താവായ യേശുവിന്റെ മുമ്പിൽ അടിയറവ് പറയും; എന്തെന്നാൽ യേശുക്രിസ്തുവിന്റെ മുമ്പിൽ പിതാവാംദൈവത്തോടും പരിശുദ്ധാത്മാവാം ദൈവത്തോടുംകൂടെ നിത്യനായ ദൈവമാണ്.

യേശുക്രിസ്തു ദൈവമാകുന്നു എന്നു നാം മനസ്സിലാക്കി കഴിയുമ്പോൾ അവന്റെ കന്യകാജനനത്തിൽ വിശ്വസിക്കുവാൻ നമുക്കു അശേഷം പ്രയാസമില്ല. അവന്റെ നിരവധി അൽഭുതങ്ങളിലും, അവന്റെ മരണ പുനരുത്ഥാനങ്ങളിലും അവന്റെ സ്വർഗാരോഹണത്തിലും മഹത്വത്തിലും, ശക്തിയിലും അവന്റെ ഭൂമിയിലേക്കുള്ള പുനരാഗമനത്തിലും നാം വിശ്വസിക്കുന്നു. എന്തെന്നാൽ യേശുക്രിസ്തു സകല പ്രപഞ്ചത്തിന്റെയും അതിന്റെ സഹായഘടകങ്ങളുടെയും സൃഷ്ടാവായ ദൈവമത്രേ! സ്നേഹത്തിന്റെയും വീടെുപ്പിന്റെയും ഉദ്ദേശ്യങ്ങൾക്കായി അവൻ തന്നേ സൃഷ്ടിച്ച സകലനിയമങ്ങൾക്കും അവൻ അതീതമാകുന്നു.

നസറായനായ യേശുക്രിസ്തു എന്ന ആളത്വത്തിനു ചുറ്റും ലോകം വേർതിരിക്കപ്പെടുന്നു. അങ്ങനെ പരസ്പരം അകന്നുനില്കുന്ന കൂട്ടങ്ങൾ ഉള്ളവരും ഇല്ലാത്തവരും അല്ല. രാഷ്ട്രീയമായി, ശക്തരോ ബലഹീനരോ അല്ല. വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങൾ പിൻതുടരുന്ന രാജ്യങ്ങളുമല്ല. ദൈവം ഭൂഗ്രഹത്തെ സന്ദർശിച്ചപ്പോൾ ഉായതാണ് ആ വേർതിരിയൽ മനുഷ്യവർഗത്തെ വേർതിരിക്കുന്നത് മറ്റെല്ലാ കാരണങ്ങളെക്കാൾ ഇതാണ് മൗലികമായ കാരണം.

ഇതൊരു അമിത പ്രസ്താവനയല്ല. കർത്താവായ യേശു തന്നെ ഈ വസ്തുത പ്രസ്താവിച്ചിട്ടുള്ളതാണ്:

*ദൈവം നിങ്ങളുടെ പിതാവ് എങ്കിൽ, നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. ഞാൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു. ഞാൻ സ്വയമായി വന്നതല്ല അവൻ എന്നെ അയച്ചതാകുന്നു. എന്റെ ഭാഷണം നിങ്ങൾ ഗ്രഹിക്കാത്തത് എന്ത്? എന്റെ വചനം കേൾപ്പാൻ നിങ്ങൾക്കു മനസ്സില്ലായ്ക കൊണ്ടത്രേ. നിങ്ങൾ പിശാചു എന്ന പിതാവിന്റെ മക്കൾ നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്യാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലായ്കകൊ് സത്യത്തിൽ നിലനില്ക്കുന്നതുമില്ല. അവൻ ഭോഷ്ക്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നും എടുത്തു പറയുന്നു. അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു (യോഹന്നാൻ 8:42–44).*

വിശ്വാസികളുടെ കുടുംബത്തിന്റെ പിതാവ് ദൈവമായിരിക്കുന്നതുപോലെ, അവിശ്വാസികളുടെ ഒരു കുടുംബമുണ്ട്, അതിന്റെ പിതാവ് പിശാച് ആകുന്നു എന്നുനാം മനസ്സിലാക്കിയിട്ടുോ? എല്ലാവരും ദൈവമക്കൾ അല്ല. ദൈവത്തിന്റെ കുടുംബത്തിൽ ആയിരിക്കണമോ, സാത്താന്റെ കുടുംബത്തിൽ ആയിരിക്കണമോ എന്നത് നിത്യമായും നിങ്ങളും, ഞാനും തിരഞ്ഞെടുക്കേതാണ്.

ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ വിശ്വാസം എത്ര ആത്മാർഥതയുള്ളതായിരുന്നാലും നിങ്ങൾക്ക് *'ആത്മാർഥമായി'* തന്നെ തെറ്റുപറ്റാൻ സാധ്യതയു്. സത്യസന്ധതയുങ്കിൽ ഒരു മനുഷ്യന്റെ വിശ്വാസം എന്തായിരുന്നാലും കുഴപ്പമില്ല എന്നു പറയുന്നത് വ്യാജമാണ്. ഔഷധമാണ് എന്നു ആത്മാർഥമായി വിശ്വസിച്ചുകൊ് നിങ്ങൾ വിഷം കഴിച്ചതായിരിക്കും പക്ഷേ, മരണം നിശ്ചയമാണ്!

സത്യത്തിൽ മനുഷ്യവർഗം രു കുടുംബങ്ങളായി വേർതിരിഞ്ഞിട്ടു്. ഓരോ മനുഷ്യനും ഇതിൽ ഏതെങ്കിലും ഒരു കുടുംബത്തിൽ അംഗമാണ്. ഒന്നുകിൽ ദൈവത്തിന്റെ

കുടുംബത്തിൽ അല്ലെങ്കിൽ പിശാചിന്റെ കുടുംബത്തിൽ, നിങ്ങൾ ആരുടെ കുടുംബത്തിലുള്ളവനാണ് എന്ന് അറിഞ്ഞിരിക്കേത് വളരെ പ്രധാനമാണ്. ദൈവത്തിന്റെ കുടുംബത്തിൽ അംഗമാകേതിനു സ്വീകരിക്കേ ഒന്നാമത്തെ പടി ദൈവം ആരാണെന്നും, തന്റെ പുത്രനായ യേശുവിനെ നല്കിയതിൽ ദൈവം നമുക്കുവേി എന്തു ചെയ്തു എന്നും മനസ്സിലാക്കുക എന്നതാണ്.

യേശു എന്ന പേരിന് 'യഹ്വെ രക്ഷയാകുന്നു' എന്നാണർഥം. ദൈവദൂതൻ യോസെഫിനോടു പറഞ്ഞു: *'അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊ് നീ അവനു യേശു എന്നു പേർ ഇടേണം'* (മത്തായി 1:21).

## ഒരുനിമിഷം നില്ക്കുക: ചിന്തിക്കുക

1. നിങ്ങൾ ആത്മാർഥതയുള്ളവനാണ് എന്നത്, ദൈവത്തെക്കുറിച്ചു നിങ്ങൾ വിശ്വസിക്കുന്നു എന്നതിനെ ശരിവെക്കുമോ?
2. ജനങ്ങൾ തമ്മിലുള്ള വേർതിരിവിന്റെ അന്തിമമായ കാരണം എന്താണ്? അത് രാഷ്ട്രീയമാണോ? സാമ്പത്തികമാണോ? കുടുംബപരമാണോ? വ്യവസായികമാണോ? അതോ ആത്മികവും നിത്യതയെ സംബന്ധിച്ചുള്ളതും ആണോ?
3. കർത്താവായ യേശു വിവരിച്ച ഏതു കുടുംബത്തിലാണ് നിങ്ങൾ അംഗമായിരിക്കുന്നത്?

മറ്റെല്ലാത്തിനെക്കാളും ധാർമിക ഭോഷ ത്തത്തെക്കുറിച്ചുള്ള ആഴമേറിയ അവബോധ ത്തിൽ ദൈവത്തിന്റെ രക്ഷണ്യ പരിജ്ഞാനം അധിവസിക്കുന്നു.

ഡോ. അർണോൾഡ്
(ഹെഡ്മാസ്റ്റർ റഗ്ബി പബ്ലിക്ക് സ്കൂൾ)

## അധ്യായം 5

# യഥാർഥ പ്രശ്നം എന്താണ്?

ഇരുപതാം നൂറ്റാിന്റെ ആരംഭത്തിൽ ഈ ലോകത്തിന്റെ ഭാവിയെക്കുറിച്ചു വളരെയധികം ആളുകളും ശുഭാപ്തിവിശ്വാസമുള്ളവരായിരുന്നു. സമാധാനത്തിന്റെയും സമൃദ്ധിയുടെയും സുവർണയുഗത്തിലേക്കു ലോകം പ്രവേശിക്കുകയാണ് എന്നു ജനങ്ങൾ കരുതി. ഈ പുതുയുഗത്തിന്റെ അനുഗ്രഹങ്ങൾ എല്ലാ രാജ്യങ്ങളിലും നിരാശയും, വ്യാധിയും കൊടുംദാരിദ്രവും, അവർണനീയ കഷ്ടപ്പാടുകളും നിറഞ്ഞ രാജ്യങ്ങളിൽപോലും ലഭ്യമാകുമെന്നു അവർ വിചാരിച്ചു. എന്നാൽ 1914–ൽ യൂറോപ്പിലെങ്ങും മഹായുദ്ധത്തിന്റെ കാഹളം മുഴങ്ങി.

ഇരുപത്തി ഒന്നാം നൂറ്റാിന്റെ പ്രാരംഭത്തിൽ നാം സാക്ഷ്യം വഹിക്കുന്ന അൽഭുതകരമായ ശാസ്ത്രപുരോഗതിയുടെ മുമ്പിൽ പോലും, ഒരു ശോഭനഭാവിയെക്കുറിച്ചു ജനങ്ങൾ സംസാരിക്കുന്നില്ല. പിന്നെയോ, ലോകത്തിന്റെ ആയുധപുരകളിലുള്ള ആണുവായുധങ്ങളുടെ മാരകസാധ്യതകളെക്കുറിച്ചു ജനങ്ങളാകെ വ്യാകുലചിന്തരാണ്. അന്തർദേശീയ ഭീകരരുടെയും ദേശീയപ്രശ്നങ്ങളുടെയും സങ്കീർണത, നാം മനുഷ്യചരിത്രത്തിലെ അത്യാപൽഘട്ടത്തിലാണ് ജീവിക്കുന്ന

തെന്നു ചിന്തിക്കുവാൻ നിരക്ഷകരെ പ്രേരിപ്പിക്കുകയാണ്. ആധുനിക ലോകത്തിൽ ജനത്തിന്റെ ധ്രുവീകരണത്തെക്കുറിച്ചു നാം ചിന്തിച്ചുവല്ലോ. നാഗരിക സമൂഹത്തിന്റെ അടിസ്ഥാനഘടകങ്ങൾതന്നെ അക്രമണ വിധേയമായിരിക്കുന്നു. എവിടെയാണ് കുഴപ്പം?

ഈ ചോദ്യത്തിനു ഉത്തരം കത്തെുവാനുള്ള ശ്രമത്തിൽ പ്രമുഖരായ ലോകനേതാക്കൾ ഒരുമിച്ചുകൂടി സംഭാഷണം നടത്തുന്നു. അവർ പരസ്പരം ശ്രദ്ധിക്കയും ചെയ്യുമ്പോൾ തന്നെ ലോകം ഒരു പ്രതിസന്ധിയിൽ നിന്നു അടുത്തതിലേക്കു നീങ്ങുകയാണ്. എത്രയധികം ഊർജ്ജവും ധനവും ചെലവഴിച്ചിട്ടും, ലോകത്തിന്റെ ശക്തിക്കൊരു വ്യതിയാനം വരുത്താൻ ആർക്കും കഴിയുന്നില്ല. പ്രഗല്ഭരായ രാഷ്ട്രീയ തന്ത്രജ്ഞന്മാരും, രാഷ്ട്രനേതാക്കളും, പ്രശസ്തരായ ശാസ്ത്രജ്ഞന്മാരും, പണ്ഡിതന്മാരും ബഹുമാന്യരായ ഡോക്ടർമാരും, സാമൂഹ്യശാസ്ത്രജ്ഞന്മാരും തങ്ങളുടെ സങ്കേതികജ്ഞാനം ചെലവിടുന്നു്. എങ്കിലും, ഉത്തരം കത്തൊൻ കഴിയുന്നില്ല.

എന്നാൽ, മനുഷ്യന്റെ യഥാർഥപ്രശ്നത്തെക്കുറിച്ചു ദൈവം പ്രഖ്യാപിച്ചിട്ടുള്ളതിനെ സംബന്ധിച്ചു ഈ വിദഗ്ധന്മാർ ഒരിക്കൽപോലും ഒരക്ഷരവും സംസാരിക്കുന്നില്ല. ഒരു പരിഹാരം കാണാൻ ശ്രമിക്കുന്നതിന് മുമ്പേ അടിസ്ഥാന പ്രശ്നം കത്തെണം. നമ്മുടെ യഥാർഥപ്രശ്നമെന്താണെന്ന് നമ്മെ ബോധ്യപ്പെടുത്തുവാൻ ദൈവത്തിനു മാത്രമെ കഴിയുകയുള്ളൂ; യഥാർഥത്തിൽ ദൈവത്തെ അന്വേഷിക്കുന്നവർക്കും, കേവലമൊരു മതജിജ്ഞാസ മാത്രമുള്ളവർക്കും തമ്മിലുള്ള വ്യത്യാസം ഇവിടെയാണ് തിരിച്ചറിയുന്നത്.

ദൈവം പറഞ്ഞു: *'നാം നമ്മുടെ സ്വരൂപത്തിൽ മനുഷ്യനെ ഉാക്കുക'* (ഉല്പത്തി 1:26). നിങ്ങൾ ചോദിച്ചേക്കാം *'ഏതെല്ലാം വിധങ്ങളിലാണ് ദൈവം, ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചത്?'* നിശ്ചയമായും ശാരീരിക സാദൃശ്യത്തിലല്ല. കർത്താവായ യേശുക്രിസ്തു പറഞ്ഞു:

*'ദൈവം ആത്മാവാകുന്നു'* (യോഹന്നാൻ 4:24). നമുക്കുള്ളതു പോലെയുള്ള കാൽകരങ്ങളോ കണ്ണുകളോ ദൈവത്തിനില്ല. *'ഈ ദൈവം അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന വനും, മനുഷ്യർ ആരും കാണാത്തവനും കാണുവാൻ കഴി യാത്തവനുമാകുന്നു'* (1തിമൊഥെയോസ് 6:16). കാണുവൻ കഴി യാത്ത ഒരു മനുഷ്യൻ ഭൂമിയിൽ ഉായിട്ടില്ല. അതിനാൽ മനു ഷ്യൻ വസിക്കുന്ന ശരീരത്തെക്കാൾ അമൂല്യമായ എന്തോ, ഒന്നു മനുഷ്യനിൽ ഉ്! ശരീരം ഉപേക്ഷിച്ച ശേഷവും ഈ യഥാർഥമനുഷ്യൻ ജീവിക്കുന്നു, ദൈവത്തിന്റെ സ്വരൂപപ്രകാരം സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ജീവിക്കുന്നു.

ദൈവത്തിന് മനസ്സും വികാരങ്ങളും ഇച്ഛയും ഉ് എന്നു വേദപുസ്തകം വെളിപ്പെടുത്തുന്നു. ഈ മൂന്നു മണ്ഡലങ്ങളി ലുമാണ് മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്ക പ്പെട്ടത്. അവിടന്നു ദൈവമാകയാൽ അവിടത്തെ ബുദ്ധിയും വികാരങ്ങളും ഇച്ഛയും അനന്തമാണ്; അതായത്, പരിധിയി ല്ലാത്തതാണ് ദൈവത്തിന്റെ പ്രകൃതി അതാണ്. എന്നാൽ മനു ഷ്യൻ പരിമിതനാണ്. മഹാബുദ്ധിമാനായിരുന്ന ഐൻസ്റ്റിനു പോലും പരിമിത മനസ്സാണ് ഉായിരുന്നത്. ഒരു മനുഷ്യനും എല്ലാം അറിയുവാൻ സാധ്യമല്ല. ഒരു മനുഷ്യനും പരിമി തിയില്ലാതെ സ്നേഹിക്കുവാൻ സാധ്യമല്ല. മനുഷ്യന്റെ ഇച്ഛ ഈ പ്രപഞ്ചത്തിൽ പരമാധികാരമുള്ളതല്ല. മനുഷ്യൻ സ്വന്തം വിധിയുടെ യജമാനനോ അവന്റെ ഭാവിയുടെ നിയന്ത്രിതാവോ അല്ല.

മനുഷ്യന്റെ ആളത്വത്തിൽ ദൈവത്തെ അറിയുവാനും ദൈവവുമായി കൂട്ടായ്മ കഴിക്കുന്നതും ഒരു ആത്മീയ കഴിവാ ണ്. അതുകൊാണ് *'മനുഷ്യൻ, ആത്മാവും പ്രാണനും ദേഹവും ആകുന്നു'* എന്നു വേദപുസ്തകം വ്യക്തമായി പറ ഞ്ഞിരിക്കുന്നത് (1 തെസ്സലൊനിക്യർ 5:23).

മനുഷ്യന്റെ ആത്മാവിനാൽ സൃഷ്ടാവുമായി ബന്ധപ്പെ ടുന്നതിനു ദൈവദത്തമായ കഴിവ് മനുഷ്യനു നല്കപ്പെട്ടിരി

ക്കുന്നു. മനുഷ്യന്റെ ശരീരത്താൽ, മനുഷ്യൻ ഈ ഭൗതിക ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു. (ചിന്തിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനും സ്നേഹിക്കുന്നതിനുമുള്ള കഴിവാണ് അത്.)

ആത്മാവിന് ഒന്നാം സ്ഥാനവും, പ്രാണന് രാം സ്ഥാനവും ദേഹത്തിന് മൂന്നാം സ്ഥാനവും നല്കിക്കൊ് വേദപുസ്തകം നിശ്ചയിച്ചിട്ടുള്ള മുൻഗണനാക്രമം നാം അംഗീകരിക്കുന്നിടത്തോളം എല്ലാം ഭംഗിയായി!

പക്ഷേ, എവിടെയോ കുഴപ്പം പറ്റി. തൽഫലമായി അനേകമാളുകളെ സംബന്ധിച്ചും മുൻഗണനാക്രമം നേരേ തിരിച്ചായി. ശരീരം/ദേഹം മുൻഗണന ഒന്ന്, പ്രാണൻ ര്, ആത്മാവ് മൂന്ന് എന്നിങ്ങനെയായി. നിർഭാഗ്യവശാൽ ഇത് ലോകത്തിലെ ബഹുഭൂരിപക്ഷം ആളുകളുടെയും ശാരീരികവും ഭൗതികവും ജഡികവുമായ താൽപര്യങ്ങളുടെയും അവരുടെ ചിന്തകളുടെയും തീരുമാനങ്ങളുടെയും ആഗ്രഹങ്ങളുടെയും മേൽ ആധിപത്യം പുലർത്തുന്നു. അതേ സമയം അവരുടെ ആത്മീയ കഴിവ് നിദ്രാധീനവും മൃതവുമായി കിടക്കുന്നു. അതുകൊ് ആത്മീയ ജീവിതത്തെ പുനഃസ്ഥാപിക്കുന്നതിനും, ദൈവം സൃഷ്ടിച്ച ആളത്വത്തെ നിയന്ത്രിക്കുവാൻ നാം ദൈവത്തെ അനുവദിക്കുന്നതിനു പകരം ദൈവത്തെ കീഴടക്കിയിരിക്കുകയാണ്; അല്ലെങ്കിൽ ദൈവത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ്. വഴിതെറ്റിയ ജനങ്ങൾക്കും തങ്ങളുടെ സ്രഷ്ടാവിനും തമ്മിൽ ഇപ്പോൾ യാതൊരു ആശയവിനിമയവുമില്ല.

ഒരു വ്യക്തിക്ക് ദൈവം വിദൂരസ്ഥനും അയഥാർഥ്യവും ആയിരിക്കുന്നെങ്കിൽ ആ വ്യക്തി ആത്മീയമായ് മരിച്ചവനാണ്. അതേസമയം ദൈവവുമായുള്ള കൂട്ടായ്മയിൽ ആയിരിക്കുന്ന വ്യക്തി വാസ്തവമായി ജീവനുള്ളവനുമാകുന്നു.

> കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിച്ചു (എഫെസ്യർ 2:4,5).

ലോകത്തിലെ സകലപ്രശ്നങ്ങളും ആരംഭിച്ചത് മനുഷ്യന്റെ ഇച്ഛയിലാണ്. മറ്റൊരാളിന്റെ ഇച്ഛയുടെ സഹായം കൂടാതെ ചലിക്കുവാൻ കഴിയാത്ത പാവകളായിട്ടല്ല മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. ഒരു ചരട് വലിച്ചുകൊ്, പാവകളിക്കാരൻ പാവയുടെ സകലചലനങ്ങളും നിയന്ത്രിക്കുന്നു. ദൈവമാകട്ടെ, നാം തിരഞ്ഞെടുക്കുന്ന രീതിയിൽ പെരുമാറുന്നതിനു സ്വതന്ത്രമായ ഇച്ഛ നമുക്കു നല്കിയിരിക്കുന്നതിനാൽ, നാം എടുക്കുന്ന തീരുമാനങ്ങളുടെ ധാർമിക ഉത്തരവാദിത്വം നമുക്കു്. (വേദപുസ്തക സത്യത്തെ അവഗണിക്കുന്ന മനോരോഗ വിദഗ്ധന്മാർ ഒരിക്കലും നിങ്ങളോടു പറയാത്ത ഒരു സത്യമാണിത്).

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടശേഷം മനുഷ്യവർഗത്തിന്മേൽ അതിഭയങ്കരമായ ഒരു അത്യാഹിതം സംഭവിച്ചു ഏദെൻ തോട്ടത്തിലെ വൃക്ഷങ്ങളിൽ രണ്ണെം സവിശേഷതയുള്ള വൃക്ഷങ്ങൾ ആയിരുന്നു. ഒന്ന് ജീവന്റെ വൃക്ഷവും, മറ്റേത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും (ഉല്പത്തി 2:9). തോട്ടത്തിലെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം ഒഴികയുള്ള സകലവൃക്ഷങ്ങളിൽ നിന്നുള്ള ഫലവും അവർക്കു ഭക്ഷിക്കാം എന്നു ആദാമിനോടും ഹവ്വായോടും ദൈവം കല്പിച്ചിരുന്നു. അനുസരണമോ, അനുസരണക്കേടോ തിരഞ്ഞെടുക്കുന്നതിനു അവർക്കു ദൈവം അവസരം നല്കി; ദൈവം മനുഷ്യനെ, പുരുഷനെയും സ്ത്രീയെയും, സ്വതന്ത്ര ഇച്ഛയുള്ളവനായിട്ടാണ് സൃഷ്ടിച്ചതെന്നു വ്യക്തമാക്കി. ദൈവത്തെ തങ്ങൾ അനുസരിക്കുമോ ഇല്ലയോ എന്ന് അവർ തീരുമാനിക്കേ കാര്യമാണ്. അത് അവരുടെ വ്യക്തിപരമായ തീരുമാനമാണ്.

ദൈവം മനുഷ്യവർഗത്തിനു ലഭ്യമാക്കിയ അത്യുത്തമമായതിനെതിരെ ആദാമും ഹവ്വായും മത്സരിച്ചു. അനുസരണക്കേടു കാണിക്കുവാനുള്ള അവരുടെ തീരുമാനം അവർക്കു കഷ്ടതയും തനിക്ക്, അസ്വാസ്ഥ്യവും ഉളവാക്കുമെന്നു ദൈവം മുൻകൂട്ടി അറിഞ്ഞിരുന്നു. മനുഷ്യവർഗത്തിന്, അവരുടെ അനു

സരണക്കേട് വ്യഥയുാക്കും, എന്നാൽ, തന്റെ സൃഷ്ടിയോടുള്ള മഹാസ്നേഹത്തിലും ശരിയായ തീരുമാനം എടുക്കുന്നവർക്കു പിൻവരുന്ന മഹത്ത്വത്തെക്കുറിച്ചുള്ള അറിവിലും സ്വയംതിരഞ്ഞെടുക്കുന്നതിനുള്ള സ്വതന്ത്ര ഇച്ഛയും ദൈവം മനുഷ്യനു നല്കി.

വ്യാജവാദിയായ സാത്താൻ, തെറ്റായ തിരഞ്ഞെടുപ്പു നടത്തുവാൻ ആദാമിനെയും ഹവ്വായെയും പ്രേരിപ്പിച്ചു. സാത്താൻ വിലക്കപ്പെട്ട കനിയെ പുകഴ്ത്തി, അത് ഭക്ഷിച്ചാൽ അവർ ദൈവത്തെപോലെയാകും എന്നു അവരോടു പറഞ്ഞു (സാത്താൻ ഇപ്പോഴും, മനുഷ്യന് ദൈവമാകുവാൻ കഴിയുമെന്നു പറയും; എന്നാൽ, ദൈവം ദൈവമായിരിക്കയും ഒരിക്കലും ദൈവത്തിൽ നിന്നു കുറഞ്ഞവനായിരിപ്പാൻ കഴിയാത്തവനും ആയിരിക്കുന്നതുപോലെ, മനുഷ്യൻ എന്നും മനുഷ്യനായിരിക്കും; മനുഷ്യനെക്കാൾ വലുതാകുവാൻ ഒരിക്കലും മനുഷ്യനു സാധ്യമല്ല). എങ്കിലും, സാത്താൻ ആദാമിനെയും ഹവ്വായെയും ദൈവത്തിന്റെ ഇച്ഛക്കെതിരെ തങ്ങളുടെ ഇച്ഛയെ പ്രയോഗിക്കുന്നതിനു പ്രലോഭിപ്പിച്ചു. തൽഫലമായി ഓരോ തലമുറയും, സൃഷ്ടാവുമായുള്ള സജീവവും വ്യക്തിപരവുമായ ബന്ധത്തിൽ നിന്നും വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. എല്ലാവരും ആദാമിന്റെ സന്തതികൾ ആണല്ലോ. അതുകൊ് *'ഏകമനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു'* (റോമർ 5:12).

ഓരോ സെമിത്തേരിയും, ഓരോ ആശുപത്രിയും, ഓരോ സൈന്യവും, ലോകം അറിഞ്ഞിട്ടുള്ള ഓരോവ്യക്തിയും സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യൻ സ്വീകരിച്ച തെറ്റായ തിരഞ്ഞെടുപ്പിന്റെ ഫലമാണ്. മനുഷ്യവർഗത്തെ പിടികൂടിയിരിക്കുന്ന മാരകദോഷം നാം പാപം എന്നു വിളിക്കുന്ന ഈ മഹാവ്യാധി സകല മനുഷ്യരെയും ബാധിച്ചിരിക്കുന്നു. പാപം മനുഷ്യന് ദൈവത്തോടുായിരുന്ന കൂട്ടായ്മയെ വിച്ഛേദിച്ചതു

മാത്രമല്ല, അവനെ തന്റെ സഹജീവികളിൽ നിന്നു വേർപെടുത്തുകയും ചെയ്തു

**ഞാനും നിങ്ങളും ജന്മനാൽ പാപികളാണ്. മാത്രമല്ല, നാം പ്രവൃത്തികളാലും പാപികളത്രെ.**

നമ്മുടെ ജനനത്തെ സംബന്ധിച്ചിടത്തോളം സങ്കീർത്തനക്കാരൻ നമുക്കുവേി പ്രസ്താവിച്ചിട്ടു്. *'ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു'* (സങ്കീർത്തനം 51:5) എന്നാൽ നാം ചെയ്യുന്ന പ്രവൃത്തികൾക്ക് പാപരഹസ്യം ഒഴികഴിവായിരിക്കുന്നില്ല. നാം **അനുസരണക്കേടിന്റെ** മക്കൾ ആകുന്നു എന്നു ബൈബിൾ പറയുന്നു. *'അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെ അനുസരിച്ചു നടന്നു.'* നമ്മുടെ ജഡമോഹങ്ങളിൽ നടന്നു (എഫെസ്യർ 2:2,3)

അതെ, നമ്മുടെ അനുസരണക്കേടു നിമിത്തം നാം ദൈവത്തിന്റെ മുമ്പിൽ കുറ്റക്കാരായിരുന്നു. മറ്റാരെയും ഭാര്യയെയോ സ്നേഹിതനെയോ മാതാപിതാക്കളെയോ കുറ്റപ്പെടുത്തേതില്ല. നമ്മുടെ പശ്ചാത്തലത്തെയോ നാം ജീവിക്കുന്ന ചുറ്റുപാടുകളെയോ കുറ്റപ്പെടുത്തുവാൻ പാടില്ല. നിങ്ങളുടെ പാപങ്ങൾക്കു നിങ്ങൾ തന്നെയാണ് ഉത്തരവാദി; എന്റെ പാപങ്ങൾക്കു ഞാൻ ഉത്തരവാദിയായിരിക്കുന്നു.

ജനങ്ങൾ തമ്മിൽ ഇത്രയധികം ശത്രുതയും ഭിന്നതയും കാണപ്പെടുന്നതിനു കാരണം നമ്മെയെല്ലാവരെയും ഭരിക്കുന്നത് പാപമാകുന്നു എന്നതത്രേ. പാപം ഒരു നീരിശ്വരനെ വിശുദ്ധിയോടും, ഒരു അറബിയെ യെഹൂദനോടും ബന്ധിക്കുന്നു. മൂന്നാം ലോകജനതയെ പാപം വ്യവസായ ലോകജനതയുമായും ബന്ധിക്കുന്നു പാപം ഒരു കമ്യൂണിസ്റ്റിനെ മുതലാളിത്ത്വവാദിയോടും, പോലീസുകാരനെ കുറ്റവാളിയോടും ബന്ധിക്കുന്നു. ഒരു സ്ത്രീസമത്ത്വവാദിയെയും പുരുഷമേധാവിത്ത്വവാദിയെയും പാപം ബന്ധിക്കുന്നു. വ്യഭിചാരിയോ പ്രസംഗകനോ; ആഡംബരത്തിൽ ജീവിക്കുന്നവനോ ദരിദ്രനോ, അഭ്യസ്തവി

ദ്യനോ നിരക്ഷരകനോ ആയിക്കൊള്ളട്ടെ; *സകലമനുഷ്യരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു* (റോമർ 3:23). മനുഷ്യരുടെ മധ്യത്തിലുള്ള സകല സംഘർഷത്തിന്റെയും കാരണം പാപംതന്നെ.

എന്നാൽ പാപിയുടെ പ്രത്യാശ യേശുവാണ്! *ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രെ മാനസാന്തരത്തിലേക്കു വിളിക്കുവാൻ വന്നത്* (മത്തായി 9:13) എന്നു യേശു പറഞ്ഞു. കുറഞ്ഞ അളവിലായാലും, ദീർഘഅളവിലായാലും നാം ദൈവത്തിന്റെ വിശുദ്ധിയുടെ മാനദണ്ഡം നഷ്ടമാക്കിയവരാണ്. പാപം എന്നതിനു ലക്ഷ്യംതെറ്റുക എന്നർഥം. അത് തിരുത്തുവാൻ സ്വയംനമുക്കു സാധ്യമല്ല. നാം നല്ലവരായിരിക്കുന്നതുകൊാോ, നന്മ പ്രവർത്തിക്കുന്നതുകൊാോ ദൈവത്തോടു സമാധാനം കത്തെുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നത് വ്യാമോഹം മാത്രമാണ്. *ആരും പ്രശംസിക്കാതിരിക്കേതിനു പ്രവൃത്തികളാലല്ല* (എഫെസ്യർ 2:9). അതുകൊാണ് രക്ഷയെക്കുറിച്ചു സംസാരിച്ചപ്പോൾ *യാഗത്തിൽ അല്ല കരുണയിൽ അത്രേ ഞാൻ പ്രസാദിക്കുന്നത്* (മത്തായി. 9:13) എന്നു യേശു പറഞ്ഞത്.

സ്വന്തപാപത്തിന്റെ പിടിയിൽ പെട്ടിരിക്കുന്ന ഓരോ മനുഷ്യനും, ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള യഥാർഥ അവബോധം ആശ്വാസം നല്കും.

*ദൈവം കരുണസമ്പന്നനാകയാൽ* (എഫെസ്യർ 2:4) തന്റെ സൗജന്യദാനമായി മനുഷ്യൻ രക്ഷ സ്വീകരിക്കണമെന്നു മാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്. *കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല;* ***ദൈവത്തിന്റെ ദാനമത്രേ*** *ആകുന്നു* (എഫെസ്യർ 2:8). ദൈവത്തിന്റെ വിശുദ്ധസാന്നിധ്യത്തിലേക്കുള്ള വൻമതിൽ ഒരു പാപിക്കുവേി തുറന്നു കൊടുക്കുവാൻ യേശുതന്നെ ആ പരമയാഗം സ്വയംഅർപ്പിക്കയുായി.

കരുണസമ്പന്നനായ ദൈവം കർത്താവായ യേശുക്രിസ്തുമുഖാന്തരം സമൃദ്ധിയായ ജീവൻ സൗജന്യമായി നല്കിയിരിക്കുന്നു. ദൈവം നിങ്ങൾക്കൊരു ഇച്ഛ നല്കിയിട്ടു് എന്നതിനാൽ ആ ജീവന്റെ പങ്കാളിയാകുവാൻ ദൈവം നിങ്ങളെ നിർബന്ധിക്കയില്ല. ദൈവത്തിന്റെ സൗജന്യ ദാന വാഗ്ദാനത്തോടു നിങ്ങൾ അടിയന്തിരമായി പ്രതികരിക്കേതാണ്. *'ഇപ്പോൾ ആകുന്നു സുപ്രസാദ കാലം; ഇപ്പോൾ ആകുന്നു രക്ഷാ ദിവസം'* (2 കൊരിന്ത്യർ 6:2) എന്നു ദൈവം പറയുന്നു. നിങ്ങളുടെ ജീവിതത്തിനു ക്രമീകരണം വരുത്തുവാൻ ശ്രമിച്ചതിനുശേഷം ഭാവിയിൽ എപ്പോഴെങ്കിലുമല്ല ഇപ്പോൾ തന്നെയാണ് അതിന്റെ സമയം. *'ഞാൻ നീതിമാൻമാരെയല്ല പാപികളെയത്രേ വിളിപ്പാൻ വന്നത്'* എന്നു യേശു പറഞ്ഞത് ഓർക്കുക (മത്തായി 9:13)

നിങ്ങളുടെ യഥാർഥപ്രശ്നത്തെ സംബന്ധിച്ചു, പാപം എന്ന പ്രശ്നത്തെ സംബന്ധിച്ചു നിങ്ങൾ സത്യസന്ധതയുള്ളവരാകണം. അതാണ് പരിഹാരത്തിന്റെ ഒന്നാമത്തെ പടി. നിങ്ങൾ എവിടെ ആയിരിക്കുന്നുവോ, ഏതൊരു സ്ഥിതിയിലായിരിക്കുന്നുവോ അവിടെ നിങ്ങളെ ഇന്നു സ്വീകരിക്കുവാൻ നീട്ടിയ കരങ്ങളുമായി യേശു നില്ക്കുന്നു. *ദൈവമേ, പാപിയായ എന്നോടു കരുണയുാകണമേ* (ലൂക്കൊസ് 18:13) എന്നൊരു ശബ്ദം നിങ്ങളിൽനിന്നു കേൾക്കുവാൻ മാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്.

### *സി മാക്സ് ജയിലിൽനിന്ന് ഒരുകത്ത്* *(C Max Prison)*

ദക്ഷിണാഫ്രിക്കയിലെ അതിസുരക്ഷിത കാരാഗ്രഹത്തിൽനിന്ന് ഒരു അന്തേവാസി അയച്ച കത്താണിത്:

നിങ്ങളുടെ, *'ദൈവത്തിനുവേിയുള്ള അന്വേഷണം' എന്ന പുസ്തകം ദൈവവചനം ഗ്രഹിക്കുവാൻ എന്നെ സഹായിച്ചു. ഈ പുസ്തകം യഥാർഥ ജീവിത വഴി കത്തുവാൻ ഞങ്ങളെ സഹായിച്ചു എന്നാണ് ഞാൻ അർഥമാക്കുന്നത്. നിങ്ങൾ എന്നെ മനസ്സിലാ*

*ക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ സ്നേഹിതനാണ് ഈ പുസ്തകം എനിക്കു നല്കിയത്. ദൈവം സൃഷ്ടാവാകുന്നു എന്നും, സകല പ്രപഞ്ചത്തെയും ദൈവം സൃഷ്ടിച്ചു എന്നും ഞാൻ വിശ്വസിക്കുന്നു. ഞാൻ ഇപ്പോൾ കാരാഗൃഹത്തിലാണ്. ദൈവം എന്നെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.*

ട്രാൻസ് വേൾഡ് റേഡിയോ സമർപ്പിച്ച റിപ്പോർട്ട്

## ഒരുനിമിഷം നില്ക്കുക: ചിന്തിക്കുക

1. ഇന്നത്തെ സമൂഹത്തിൽ അത്യന്തം ദയനീയമായ തകരാറുന്നെു നിങ്ങൾ മനസ്സിലാക്കുന്നുവോ?
2. നിങ്ങൾ രോഗിയായിരിക്കുമ്പോൾ, നിങ്ങളെ പരിശോധിക്കുന്ന ഡോക്ടർ ഔഷധം നല്കുന്നതിനു മുമ്പേ ശരിയായ രോഗനിർണയം നടത്തേതാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുവോ?
3. ബൈബിൾ നിങ്ങളുടെ പ്രശ്നത്തിന്റെ രോഗ നിർണയം നടത്തുന്നത് എങ്ങനെ? ബൈബിൾ നിങ്ങളുടെ പ്രശ്നത്തിന്റെ പരിഹാരം നിർദേശിക്കുന്നത് എങ്ങനെ?

എന്നാൽ ശീമോൻ എന്നു പേരുള്ള ഒരു പുരുഷൻ ആ പട്ടണത്തിൽ ആഭിചാരം ചെയ്തു; താൻ മഹാൻ എന്നു പറഞ്ഞു ശമര്യജാതിയെ ഭ്രമിപ്പിച്ചുപോന്നു. ഇവൻ മഹതി എന്ന ദൈവശക്തി ആകുന്നു എന്നും പറഞ്ഞ് ആബാല വൃദ്ധം എല്ലാവരും അവനെ ശ്രവിച്ചുവന്നു. ഇവൻ ആഭിചാരം കൊ് ഏറിയ കാലം അവരെ ഭ്രമിപ്പിക്കയാൽ അത്രേ അവർ അവനെ ശ്രവിച്ചത്.

ഡോ. ലൂക്കൊസ്

## അധ്യായം 6

# മനുഷ്യർ ഇത്രയധികം വഴിതെറ്റുന്നത് എന്ത്?

ബ്രിട്ടിഷ് ദ്വീപുകളിൽ ശത്രുവിന്റെ ബോംബർ വിമാനങ്ങൾ നിരന്തരം പറന്നിരുന്ന ഒരു ഭാഗത്താണ് എന്റെ ബാല്യത്തിൽ ഞാൻ താമസിച്ചിരുന്നത്. അത് യുദ്ധകാലമായിരുന്നു. വ്യവസായ മേഖലയായ മധ്യദേശത്തും ഉത്തരഇംഗ്ലും ലക്ഷ്യമാക്കി ബോംബർ വിമാനങ്ങൾ ഞങ്ങളുടെ മുകളിലൂടെ പാഞ്ഞുപോയിരുന്നു. ശത്രുവിമാനങ്ങളെയും ഞങ്ങളുടെ പോർ വിമാനങ്ങളെയും അവയുടെ ഇരമ്പൽ ശബ്ദം കൊ് തിരിച്ചറിയുന്നതിനു എന്റെ സ്നേഹിതർക്കും എനിക്കും കഴിഞ്ഞിരുന്നു. ആകാശത്തിൽ സെർച്ച് ലൈറ്റിൽ ഒരു വിമാനം കാണപ്പെട്ടാൽ ഞങ്ങൾക്കു വലിയ ആവേശമായിരുന്നു. ഉടനെ നിലത്തുനിന്നു *'ആർക്ക് ആർക്ക്'* വിമാനമേധത്തോക്കുകൾ ഗർജിക്കും; ഒരു ബോംബർ വിമാനം വെടിയേറ്റു നിലംപതിക്കുന്നതും പതിവായിരുന്നു.

ഒരു ശത്രുവിമാനം വെടിയേറ്റു വീണാൽ അതിലെ പട്ടാളക്കാർ പാരച്യൂട്ട് ഉപയോഗിച്ച് സുരക്ഷിതരായി ഇറങ്ങാൻ സാധ്യതയു്. അവർ വഴികുപിടിച്ച് ഓടി രക്ഷപ്പെടാതിരിക്കേ തിന് അധികാരികൾ റോഡ് അടയാളങ്ങളും കൈചൂി ബോർഡുകളും നീക്കം ചെയ്തിരുന്നു. റോഡി

ലെങ്ങും അടയാളങ്ങളും ഉായിരുന്നില്ല. എങ്കിലും നഗരത്തിനു വെളിയിൽ, അപ്രധാനമായ വുട്ടൻവുഡ്സ് കവലയിൽ ഒരു ചെറിയ സൈൻ പോസ്റ്റ് റോഡടയാളം ഉായിരുന്നത് ബാലന്മാരായ ഞങ്ങൾക്കു അറിയാമായിരുന്നു. ഞങ്ങൾ ആ കൈ ചൂി തിരിച്ചു തെറ്റായ ദിശയിലാക്കി. യുദ്ധശ്രമങ്ങളെ സഹായിക്കുന്നു എന്നു വിചാരിച്ചു. അധികാരികളെപ്പോലെ, ശത്രുക്കളുടെ വഴിതെറ്റിക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

എന്നാൽ ഒരാളിന്റെ കൈയ്യിൽ നല്ലൊരു റോഡ് മാപ്പ് ഭൂപടം ഉെങ്കിൽ, കൈചൂിയുോ ഇല്ലയോ, എന്നത് ഒരു പ്രശ്നമാകയില്ല. റോഡ് മാപ്പ് ഉെങ്കിൽ കൈചൂി തെറ്റായ വശത്തേക്കു തിരിച്ചുവെച്ചിരുന്നാൽ പോലും അയാളെ കുഴക്കുകയില്ല.

ദൈവത്തിനുവേിയുള്ള അന്വേഷണത്തിൽ വ്യാജ കൈചൂി മുഖേന വഴിതെറ്റിപ്പോകുന്നതിനെക്കുറിച്ചു ദൈവം പറയുന്നു. പ്രാരംഭമായി പറയട്ടെ, ഈ അൽഭുത പ്രപഞ്ചത്തിന്റെ അസ്തിത്വം, സൃഷ്ടാവാം ദൈവത്തിങ്കലേക്കു വിരൽ ചൂുന്നു എന്ന യഥാർഥ്യം അവഗണിക്കുന്ന ഏതൊരു വ്യക്തിയും കുഴഞ്ഞുപോകും!

> ജ്ഞാനികൾ എന്നു പറഞ്ഞുകൊു അവർ മൂഢരായിപ്പോയി. ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിനു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യുവാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. (റോമർ 1:22,28)

സൃഷ്ടാവിനെ ആരാധിക്കുന്നതിനു പകരം ഈ അധമമനസ്സ് സൃഷ്ടിയെ ആരാധിക്കും. സുബോധചിന്തയുള്ള ഒരു മനുഷ്യൻ തന്റെ സൃഷ്ടാവിനെ ആരാധിക്കും, അങ്ങനെ ദൈവമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത് എന്നു വിശ്വസിക്കുവാൻ നിങ്ങൾ കൂട്ടാക്കുന്നില്ല എങ്കിൽ, ദൈവം നിങ്ങളെ നികൃഷ്ട ബുദ്ധിയിൽ ഏല്പിക്കും. ഈ പ്രപഞ്ചം എങ്ങനെയുായി എന്നതിനെക്കുറിച്ച് വിചിത്ര ചിന്തകളായിരിക്കും നിങ്ങൾക്കുാകുന്നത്. അധമമനസ്സ് മിഥ്യാബോധമുള്ള മനസ്സാണ്.

ദൈവത്തിന്റെ വചനത്തെ സത്യമായി സ്വീകരിക്കാത്തവർ വഞ്ചിക്കുന്ന മാർഗത്തിലൂടെയാണ് സഞ്ചരിക്കുന്നത് എന്നും ദൈവം മുന്നറിയിപ്പു നല്കുന്നു. അത് നാശത്തിലേക്കു നയിക്കുന്ന മാർഗമാണ്. അതുപോലെ ദൈവവചനത്തിന്റെ സത്യത്തെ ധനാത്മകമായും സജീവമായും സ്നേഹിക്കാത്ത മനുഷ്യനും അത്യാപൽക്കരമായ സ്ഥാനത്താണ് നിലകൊള്ളുന്നത്.

> അവർ രക്ഷിക്കപ്പെടുവാൻതക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും. ദൈവം അവർക്ക് ഭോഷ്ക്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യപാരശക്തി അയക്കുന്നു. (2തെസ്സലൊനിക്യർ 2:10,11).

ഒരു മനുഷ്യൻ സത്യത്തെ അവഗണിക്കയോ നിരസിക്കയോ ചെയ്തു കഴിഞ്ഞാൽ വ്യാജമായതിനെ വളരെ വേഗം ആശ്ലേഷിക്കും.

കടുത്ത ലൻ മൂടൽമഞ്ഞിൽ ഒരിക്കൽ വഴികുപിടിക്കാൻ ഞാൻ ശ്രമിച്ചത് ഓർക്കുന്നു. റോഡിന്റെ വശത്തേക്കു നീങ്ങണമെങ്കിൽ പോലും എനിക്കു ലഭ്യമായ എല്ലാ സഹായവും വേണമായിരുന്നു. എന്റെ ടോർച്ച് പ്രകാശിപ്പിച്ചിട്ടും, കയ്യെത്താവുന്നതിനപ്പുറമൊന്നും കാണുവാൻ സാധിച്ചില്ല. മിഥ്യാബോധമുള്ള മനസ്സ് ഒരു മാനസിക മൂടൽ മഞ്ഞ്പോലെ ഭൂഗ്രഹത്തിൽ ഇന്നത്തെ അവസ്ഥയെ പിൻതുടരും. എന്തെന്നാൽ, മനുഷ്യൻ ദൈവവചനത്തിന്റെ സത്യത്തെ നിരസിച്ചു കളഞ്ഞിരിക്കുന്നു. യേശുവിന്റെ ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു *'നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?'* മറ്റു കാര്യങ്ങൾക്കൊപ്പം യേശു അവർക്കു ഉത്തരം നല്കി.

> കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെ തെറ്റിപ്പാനായി വലിയ അടയാളങ്ങളും അൽഭുതങ്ങളും കാണിക്കും (മത്തായി 24:24).

ഒരുപക്ഷേ, ഞാൻ വഞ്ചിക്കപ്പെട്ടിട്ടില്ല എന്നു നിങ്ങൾ ഇപ്പോഴും പറയുന്നുാവും. ഒരു കള്ള ക്രിസ്തുവിനെയോ

ഒരു കള്ള പ്രവാചകനെയോ എളുപ്പത്തിൽ തിരിച്ചറിയുവാൻ നിങ്ങൾക്കു കഴിയുമെന്നു നിങ്ങൾ അഭിമാനിക്കുന്നുാവും. എന്നാൽ, ഒരു നിമിഷം നിന്നു, നിങ്ങളുടെ നിഗമനം എന്തായിതിരിക്കുമെന്നു ചിന്തിക്കുക. സാത്താൻ നിങ്ങളുടെ മനസ്സിനെ വഞ്ചിക്കുവാൻ ദൈവം അനുവദിച്ചിരിക്കുന്നു നിങ്ങൾ അത് തിരച്ചറിയുന്നില്ല. ഏതെങ്കിലുമൊരു കള്ളപ്രവാചകൻ നിങ്ങളെ വഞ്ചിച്ചു എന്നു നിങ്ങൾ വാസ്തവത്തിൽ മനസ്സിലാക്കിയിരുന്നു എങ്കിൽ, നിങ്ങൾക്ക് ചതി സംഭവിക്കുമായിരുന്നില്ല. മിഥ്യാബോധം മനസ്സിലാണ്. സ്വന്തം ബുദ്ധിശക്തിയിൽ നിഗളിക്കുന്ന ഒരു മനുഷ്യൻ, തന്റെ മനസ്സ് വ്യാജം വിശ്വസിക്കുന്നതിനു വശീകരിക്കപ്പെട്ടുപോയി എന്നു അംഗീകരിക്കയില്ല.

വേദപുസ്തകം വായിക്കുമ്പോൾ, സത്യത്തോട് എതിർത്തു നില്ക്കുന്ന രുതരം ആളുകൾ ു്. അവർ ലോകം പഠിപ്പിക്കുന്ന വഞ്ചനകൾക്ക്, തങ്ങളെത്തന്നെ ഏല്പിച്ചു കൊടുക്കുകയാണ്. ബുദ്ധിപരമായി നിഗളമുള്ളവരും സ്വയംതൃപ്തരുമാണ് ഒരു കൂട്ടർ. മറ്റൊരുകൂട്ടർ, സന്മാർഗികമായി അനുസരണയില്ലാത്തവരാണ്. എന്നാൽ, ദൈവത്തിന്റെ ഹിതം യഥാർഥമായി അനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും കർത്താവായ യേശു ഒരു പ്രത്യേക വാഗ്ദത്തം നല്കിയിട്ടു്. *‘അവന്റെ ഇഷ്ടം ചെയ്യുവാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ, ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നു അറിയും’* (യോഹന്നാൻ 7:17).

നിങ്ങൾ വാസ്തവത്തിൽ ദൈവത്തിന്റെ ഹിതം അനുസരിക്കുന്നതിനു ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങൾക്കും ഏതു വിശ്വസിക്കണം, ഏതുവിശ്വസിക്കരുത്, എങ്ങനെ പെരുമാറണം എങ്ങനെ പെരുമാറരുത് എന്നിത്യാദി കാര്യങ്ങൾ ദൈവം വേദപുസ്തകത്തിലൂടെ നിങ്ങളെ പഠിപ്പിക്കും.

എന്നാൽ ദൈവവചനം പഠിപ്പിക്കാതെ, സ്വയം അവരോധിതരായ മതനേതാക്കളുടെ വാക്കുകൾ നാം നിരസിക്കേതാണ്. അവർ നിങ്ങളെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കും; തെറ്റായ

പ്രവൃത്തികളാണ് അവർ ചെയ്യുന്നത്.

ഈ തലമുറയിൽ വ്യാജ ക്രിസ്ത്യൻ ആരാധനാസമ്പ്രദായങ്ങൾ അഥവാ, അധോമതങ്ങൾ ജനത്തെ വഴിതെറ്റിക്കുന്നു. അതിലെ ആളുകൾ സാത്താന്റെ ഏജന്റുമാരായി പ്രവർത്തിക്കുന്നു. പിതാവാം ദൈവത്തെയും പുത്രനാം ദൈവത്തെയും പരിശുദ്ധാത്മാവാം ദൈവത്തെയും കുറിച്ചുള്ള സത്യത്തെ നിരസിക്കുന്ന ഏതൊരു മനുഷ്യനും കള്ള പ്രവാചകനാണ് ത്രിയേക ദൈവത്തെ വിശ്വസിക്കാത്തവർ കള്ള പ്രവാചകന്മാരാണ്. അവർ വേദപുസ്തകത്തിൽ നിന്നും ചില ഒറ്റപ്പെട്ട വാക്യങ്ങൾ ഉദ്ധരിക്കുമെങ്കിലും വചനത്തെ അതിന്റെ സന്ദർഭത്തിൽനിന്നു അടർത്തിയെടുത്താണ് അവർ സംസാരിക്കുന്നത്. വേദപുസ്തകാനുസൃതമല്ലാത്ത ഒരു മതം വളർത്തുകയാണവരുടെ ലക്ഷ്യം. *'യേശുക്രിസ്തു ആര്?'* – എന്ന ഒരേയൊരു ചോദ്യംകൊ് നിങ്ങൾക്ക് ഒരു ദുരുപദേഷ്ടാവിനെ തിരിച്ചറിയാം. അതുകൊാണ് നിങ്ങൾ യേശുക്രിസ്തു ആര്? എന്നു വ്യക്തമായി അറിഞ്ഞിരിക്കണം.

നിങ്ങൾ യേശുവിനെ പുത്രനായ ദൈവമായി അറിഞ്ഞിരുന്നു എങ്കിൽ, ഈ രഹസ്യസംഘങ്ങൾ ഭോഷ്ക്കു വിശ്വസിക്കുന്നവരാണ് എന്നു മനസ്സിലാക്കുവാൻ നിങ്ങൾക്കു പ്രയാസമുാകയില്ല. *ഈ രഹസ്യ സംഘങ്ങൾ ദൈവത്തെക്കുറിച്ചു പരാമർശിച്ചേക്കാമെങ്കിലും അവർ ക്രിസ്തുവിന്റെ ഉപദേശങ്ങളെ അവഗണിക്കുന്നു.

> ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. (യോഹന്നാൻ 14:6). ദൈവത്തെക്കുറിച്ചു തെറ്റായ വിശ്വാസം പുലർത്തുന്നവരെക്കുറിച്ചു ബൈബിൾ കർശന ഭാഷയിൽ സംസാരിക്കുന്നു. ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ? കൊള്ളാം, പിശാചുക്കളും അങ്ങനെ വിശ്വസിക്കയും വിറെക്കുകയും ചെയ്യുന്നു (യാക്കോബ് 2:19).

ഇന്നു വേദപുസ്തകത്തിലെ ദൈവത്തെ നിഷേധിക്കുന്ന പ്രബലമതങ്ങളിൽ വലിയ വളർച്ച കാണുന്നു്. ഹിന്ദുമതത്തിന്റെ പലവിഭാഗങ്ങളും പുതിയ ആളുകളെ ആകർഷിക്കു

ന്നു്. വേദപുസ്തക പാരമ്പര്യമുള്ള പല രാജ്യങ്ങളിലും അതിന്ദ്രധ്യാനം, പൂർവദേശ അധ്യാത്മികത, യോഗ തുടങ്ങിയ രൂപത്തിൽ ഹിന്ദുതത്വശാസ്ത്രം പ്രചരിപ്പിക്കപ്പെടുന്നു. ഹിന്ദു മതത്തിൽ നിന്ന് ഉൽഭവിച്ച നിരവധി അധോമതങ്ങൾ സൃഷ്ടാവാം ദൈവത്തെ ആരാധിക്കുന്നതിനു പകരം നിരവധി ദേവന്മാരെ ഭോഷത്വമായി ആരാധിക്കുന്നു. ഇരുമനസ്സുകളെ *'ഗുരു'*ക്കന്മാർക്ക് കീഴടക്കിയിരിക്കുന്നു. ഈ ഭൂഗ്രഹത്തെ സന്ദർശിക്കുവാൻ താണിറങ്ങിവന്ന സൃഷ്ടാവാം ദൈവത്തെ അവർ അംഗീകരിക്കുന്നില്ല.

മുസ്ലീം ലോകം തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുവാൻ അത്യുത്സാഹം കാണിക്കുന്നു. അവരുടെ എണ്ണ – ഡോളറും

---

*ലോകത്തിലെ ഏറ്റവും വലിയ രഹസ്യസമൂഹം *'ഫ്രീമേസൺറി'* എന്ന റിയപ്പെടുന്നതാണ്. ലോകമെങ്ങും പത്തുലക്ഷം അംഗങ്ങൾ അവർക്കുള്ളതായി അവകാശപ്പെടുന്നു. 'സാഹോദര്യസ്നേഹം, ആശ്വാസം, സത്യം' എന്നീ തത്ത്വ ങ്ങൾ ആകർഷകമാണെങ്കിലും മേസൺറി അപകടരഹിതമല്ല. താൻ അന്ധ കാരത്തിലാണെന്നും വെളിച്ചം അന്വേഷിക്കുകയാണെന്നും ഒരുവൻ ഏറ്റുപറ ഞ്ഞാൽ മാത്രമേ മേസൺറിയിൽ അംഗത്വം ലഭിക്കുകയുള്ളൂ. യേശുവിനെ അനുഗമിക്കുന്നവൻ വെളിച്ചം കു എന്നു വിശ്വസിക്കുന്നു. ഞാൻ ലോക ത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ *ജീവന്റെ വെളിച്ചമുള്ളവൻ ആകും* (യോഹന്നാൻ 8:12) എന്നു യേശു പറ ഞ്ഞു.

മേസൺറിയിലേക്കു പ്രവേശിക്കുന്നത് നാടകീയവും പ്രതികാത്മകവു മായ അനുഷ്ഠാനങ്ങളിലൂടെയാണ്. മേസൺറിസ്ഥാനാർഥിയെ ദൈവത്തെ ക്കുറിച്ചുള്ള വേദപുസ്തക വെളിപ്പാടിൽനിന്നു അകറ്റിക്കളയുന്നു. ഗാട്ടോ (GAUTO) എന്ന പുതിയ പേര് അവരെ പരിചയപ്പെടുത്തുന്നു. ദൈവത്തിന്റെ നഷ്ടപ്പെട്ട നാമമാണ് ഗാട്ടോ എന്നു അവർ പറയുന്നു. ഏതൊരു ദൈവവി ശ്വാസിക്കും ഫ്രീ മേസൺറിയിൽ അംഗമാകാവുന്നതാണ്. *സത്യവെളിച്ചം* (യോ ഹന്നാൻ 1:9) എന്നു വേദപുസ്തകം വെളിപ്പെടുത്തിയിട്ടുള്ള യേശുവിൽനിന്നു അവൻ അകറ്റപ്പെടുന്നു ഈ ഫ്രീ മേസൺ മുതിർന്നു കഴിയുമ്പോൾ അവനു ജെബ്ബുലോൺ എന്ന പേരുനല്കുന്നു. ഈ പേര് ദൈവത്തിനു നല്കപ്പെട്ടുന്ന യെഹൂദ – മധ്യപൂർവ ദേശനാമമാണ്. യഹ്വെയിൽ നിന്നുള്ള ജാ ബാലിൽനി ന്നുള്ള ബുൽ, ഈജിപ്റ്റ്യൻ സൂര്യദേവനായ ഓൻ – ഇവ ചേർന്നു ജെബ്ബുലോൺ എന്ന പേരു രൂപപ്പെടുത്തിയിരിക്കുന്നു. വ്യത്യസ്ത വിശ്വാസി കളെ സംയോജിപ്പിക്കാനുള്ള വൃഥാ ശ്രമമാണിത്.

*'നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ആ ഇരുട്ട് എത്ര വലിയതാണ്'* (മത്തായി 6:23) എന്നു യേശു പറഞ്ഞത് എത്ര ശരി!

വർധിച്ചു വരുന്ന രാഷ്ട്രീയ സ്വാധീനവും തങ്ങളുടെ അതിർ വിശാലമാക്കുന്നതിൽ അവരെ സഹായിക്കുന്നു. ഏതാനും ദശകങ്ങൾക്കു മുമ്പ് ഇതൊരു പക്ഷേ, അസാധ്യമായിരുന്നു. യെരുശലേമിലെ ദൈവാലയ മലയിൽ അവർ സ്ഥാപിച്ചിരിക്കുന്ന ഡോം ഓഫ് ദ റോക്ക് എന്ന മുസ്ലീം ആരാധനാ സ്ഥലത്തു നിന്നും ദൈവത്തിന്റെ സദ്വാർത്തയുടെ ഹൃദ്യസന്ദേശം അവർ നിഷേധിക്കുന്നു. ആ ഡോമിന്റെ ചുറ്റും അവർ എഴുതിയിരിക്കുന്നത് 'ദൈവം ജനിപ്പിക്കപ്പെട്ടവനല്ല. അവനു ജനിപ്പിക്കാൻ സാധ്യമല്ല എന്നാണ് എന്നാൽ ഒരു വേദപുസ്തക വിദ്യാർഥി പറയും.

> *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16)*

ഈ ആത്മിക മിഥ്യാബോധം മതലോകത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. ലോകം മാനവിക തത്ത്വശാസ്ത്രം സ്വീകരിച്ചിരിക്കുകയാണ്. മനുഷ്യനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്നും മനുഷ്യന്റെ വികാസമാണ് സമൂഹത്തിന്റെ പരമ ലക്ഷ്യം എന്നും അവർ പഠിപ്പിക്കുന്നു. യൂണിവേഴ്സിറ്റികളിലും വർത്തമാനപത്രങ്ങളിലും ബഹുരാഷ്ട്ര സെമിനാറുകളിലും പ്രശസ്ത മാസികകളിലും റേഡിയോയിലും ടെലിവിഷനിലും മാനവികത വിളംബരം ചെയ്യപ്പെടുന്നു *'സ്വയം ലാളിച്ചുകൊള്ളൂ'* എന്നു പരസ്യങ്ങളിൽ അവർ മനുഷ്യനെ ആഹ്വാനം ചെയ്യുന്നു.

മാനവികത, മനുഷ്യനെ ആരാധിക്കുന്നതല്ലാതെ മറ്റൊന്നുമല്ല. ചിലർ വിചാരിക്കുന്നതുപോലെ അതൊരു പുതിയ തത്ത്വശാസ്ത്രവുമല്ല. പൗലൊസിന്റെ കാലത്തുതന്നെ ദൈവം അത് അരുളിച്ചെയ്തു. ദൈവത്തിന്റെ സത്യം അവർ വ്യാജമായി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചാരാധിച്ചു (റോമർ 1:25). എന്നാൽ, ദൈവം ഈ മാനവികവാദത്തോടു ചോദിക്കുന്നു. *'ഞാൻ ഭൂമിക്കു അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുെങ്കിൽ*

*പ്രസ്താവിക്ക'* (ഇയ്യോബ് 38:4). അത് പഴയകഥയാണ് – സാത്താൻ ഹവ്വയെ സമീപിച്ചപ്പോൾ, ഒരു അസാധ്യതയെ സാധ്യതയായി ഭവിച്ചുകൊ് സംസാരിച്ചു: *നിങ്ങൾ ദൈവത്തെപ്പോലെ ആകും* (ഉല്പത്തി 3:5). നമ്മുടെ കാലത്ത് സാത്താൻ, ഈ മതനിരപേക്ഷ മാനവികതയുടെ വഞ്ചിക്കുന്ന ഉപദേശങ്ങൾ ആവർത്തിച്ചുകൊിരിക്കുന്നു.

രാഷ്ട്രീയ അഭ്യാസനമോ മതാഭ്യാസനമോ ഇല്ലാത്ത ഒരു ആധുനികത യുവാവായിരിക്കാം നിങ്ങൾ. നിങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയക്കാർ സംശയിക്കപ്പെടേവരും, മതം അപ്രസക്തവുമാണ്. നിങ്ങളുടെ ഗുരു, ജനങ്ങളോടൊപ്പം വ്യക്തി പൂർത്തീകരണത്തിനു മറ്റെവിടെയെങ്കിലും നോക്കുവാൻ ആഗ്രഹിക്കുന്നുാകാം. അത്യാധുനിക സംഗീതത്തിലും റോക്ക്മ്യൂസിക്കിലും നിങ്ങളുടെ ഏകാന്തതക്കൊരു രക്ഷാമർഗം കത്തൊമെന്നു നിങ്ങൾ വ്യാമോഹിക്കുന്നുാകാം.

നിങ്ങൾ കേൾക്കയും ചേർന്നാടുകയും ചെയ്യുന്ന വാക്കുകൾ ശ്രദ്ധിക്കാനു്. നിങ്ങൾ അത് ഇപ്രകാരം വിവരിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽപോലും, അതിന്റെ അധികഭാഗവും സാത്താന്യമതവും, ക്രൂരവിനോദവും ലൈംഗികതയുമാണ് എന്നു നിങ്ങൾ മനസ്സിലാക്കിക്കൊള്ളുന്നു. അർഥശൂന്യമായ ജീവിതത്തിനൊരു ആകർഷണീയ പര്യായമായി അവ അവതരിപ്പിക്കപ്പെടുകയാണ്. ഭ്രാന്തമായ ആക്രമണാന്തരീക്ഷത്തിൽ, ഈ യുവജനങ്ങൾ തങ്ങളെതന്നെയും പരസ്പരവും നശിപ്പിക്കുവാൻ പ്രേരിതനായിതീരുന്നു.

ലോസ്ഏൻജലസിലെ ഒരു സ്ഥലത്തെക്കുറിച്ചു ഞാൻ നിങ്ങളോടു പറയട്ടെ: *'റഫ്രീജെറേറ്റർ'* എന്നു പേരുള്ള ഒരു മോർച്ചറിയാണ് അത്. അവിടെ 600 ശവശരീരങ്ങൾ സൂക്ഷിച്ചിരിക്കുന്നു. അധികവും യൗവ്വനക്കാരുടെ ശരീരങ്ങളാണ്. ആർക്കെങ്കിലും അവരെ തിരിച്ചറിയാൻ കഴിഞ്ഞേക്കുമെന്ന പ്രതീക്ഷയിൽ മൂന്നു മാസത്തേക്കാണ് അവ അവിടെ സൂക്ഷി

ക്കുന്നത്. അവരുടെ പെരുവിരലുകളിൽ *'അജ്ഞാതർ'* എന്ന കുറിപ്പ് കെട്ടിയിട്ടിട്ട്. ഈ നിർഭാഗ്യവാന്മാരിൽ ബഹുഭൂരി പക്ഷം പേരും അജ്ഞാതനായി തന്നെ കാലക്രമത്തിൽ സംസ്കരിക്കപ്പെടും. അധികം പേരും മയക്കുമരുന്നു രംഗത്തു നിന്നും നേരത്തെ പ്രസ്താവിച്ച ഡിസ്ക്കോ – റോക്ക് സംഗീ തത്തിന്റെ ലഹരിയിൽ, തെറ്റായ വഴികു നഗരത്തിലേക്കു കുതിച്ചവരാണ്. ആയിരമായിരം വീടുകളിൽ മുഴങ്ങുന്നതും ഈ സംഗീതം തന്നെ. ഇപ്പോഴിതാ, പെരുവഴിയിലൂടെ അന്ത്യത്തി ലെത്തി വളരെ താമസിച്ചുപോയി. *നിങ്ങൾക്കു ജീവൻ ഉാ കുവാനും സമൃദ്ധിയായ ജീവൻ ഉാകുവാനും അത്രെ ഞാൻ വന്നത്* (യോഹന്നാൻ 10:10) എന്നു യേശുവിന്റെ വാക്കുകൾ അവർ ശ്രദ്ധിച്ചിരുന്നു എങ്കിൽ!

ഇതുപോലെ ലോകത്തിൽ വളർന്നുകൊിരിക്കുന്ന താണ് സാത്താന്യസേവയും കറുത്തകലകളും. അന്ധകാരയു ഗങ്ങളിലെപ്പോലെ ഇപ്പോൾ അത് വ്യാപകമായിരിക്കുന്നു. ഇന്നത്തെ ശാസ്ത്രീയ വെളിച്ചത്തിലും ഈ അന്ധകാരപ്രവ ണതകൾ വളരുന്നു.

അശേഷം സാധ്യതയില്ലാത്ത സ്ഥാനങ്ങളിൽപോലും സാത്താന്യ ആരാധകർ പെരുകിക്കൊിരിക്കുന്നു. ലൻ നഗരത്തിലെ സാങ്കേതിക വിദഗ്ധർ കെൻസിംഗ്ടണിൽ *'ബ്ലാക്ക് മസ്സ്'* ആചരിക്കുന്നതിനു കൂടിവരുന്നു. യൂറോപ്പിലാകമാനവും ഡാൻകൂവർ ദ്വീപിലും ദുർമന്ത്രവാദിനിശാലകൾ വർധിച്ചിട്ടു ്. ആഫ്രിക്കയിലെ പൂർവന്മാരെ ആരാധിക്കുന്ന മതം, ലോക മെങ്ങും ആത്മാരാധനയായി പകർത്തപ്പെട്ടിരിക്കുന്നു. ഡാൻജി യൺസ് ആൻഡ് ഡ്രാഗൻസ്, *'ഔജാബോർഡ്'* തുടങ്ങിയ പേരുകളിൽ, നീചമായതും പ്രകൃത്യാതീതത്തിനുമുള്ള ജന ങ്ങളുടെ ആവേശത്തെ ഇവ പ്രോത്സാഹിക്കുന്നു. ഉപരിപ്ലവ മായ ആത്മീയജിജ്ഞാസയുടെ ഫലമാണ് ഈ പ്രതിഭാസ ങ്ങൾ. വഴിതെറ്റിയ അവരുടെ ദൈവാന്വേഷണത്തിൽ അനേ കർ ദൈവത്തിൽനിന്നു ഓടിപ്പോകുന്നു; മാത്രമല്ല അവർ വിവിധ

വ്യാജാരാധനകളിലേക്കു തിരിയുകയും ചെയ്യുന്നു. ഇതെല്ലാം പരിഷ്കൃതലോകത്തിലാണ് സംഭവിച്ചുകൊിരിക്കുന്നത്.

അന്ത്യകാലത്തെക്കുറിച്ചു ദൈവം പറഞ്ഞിരിക്കുന്നത് ഓർക്കുക. കള്ള പ്രവാചകന്മാർ അൽഭുതങ്ങളും അടയാളങ്ങളും കാണിച്ചുകൊ്, മിഥ്യാസങ്കല്പങ്ങളിലേക്ക് ജനത്തെ ആകർഷിക്കും. മഹാവഞ്ചക നായകന്മാരെക്കുറിച്ചു ദൈവം മുന്നറിയിപ്പു നല്കിയിരിക്കുന്നു: (അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അൽഭുതങ്ങളോടും അനീതിയുടെ സകലവഞ്ചനയോടും കൂടെ ആയിരിക്കും. *'അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും'* (2തെസ്സലൊനിക്യർ 2:9,10)

വ്യാജോപദേശങ്ങളിലും ഭോഷാനുഷ്ഠാനങ്ങളിലുമുള്ള അമിത താൽപര്യംനിമിത്തം, ഇത്രയധികം രാജ്യങ്ങളും ജനസമൂഹങ്ങളും നിരാശയുടെയും, സംശയത്തിന്റെയും വിശ്വാസത്യാഗത്തിന്റെയും മൂടുപടത്തിൻ കീഴിൽ വീർപ്പ്മുട്ടുന്നതിന്റെ രഹസ്യം ഗ്രഹിക്കുവാൻ പ്രയാസമില്ല. സാത്താന്യമാർഗലക്ഷ്യങ്ങൾ ധാരാളമു്. മനുഷ്യവർഗത്തിന്റെ വിവേചകനായ യേശുക്രിസ്തുവിനെ അവ ചൂിക്കാണിക്കുന്നില്ല.

ലോകജീവിതത്തെക്കുറിച്ചു എന്തു പറഞ്ഞാലും, ദൈവത്തിന്റെ സന്ദേശം നാശത്തിന്റെയോ കുഴപ്പത്തിന്റെയോ മരണത്തിന്റെയോ സന്ദേശമല്ല. ദൈവം പ്രത്യാശയുടെയും ഉറപ്പിന്റെയും സമൃദ്ധിയായ ജീവന്റെയും സന്ദേശമാണ് ക്രിസ്തു നല്കിയിട്ടുള്ളത്. ദൈവാന്വേഷണത്തിന്റെ ഭാഗമായി നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ നിശ്ചയമായും കർത്താവായ യേശുക്രിസ്തുവിങ്കലേക്കു നയിക്കും. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്നു യേശു പറഞ്ഞു. മറ്റാരുമില്ല *'ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ'* എത്തുന്നില്ല എന്നു പ്രസ്താവിച്ചു.

(യോഹന്നാൻ 14:6)

നിങ്ങൾ വഴിതെറ്റിപ്പോകാതിരിക്കേതിനു തെറ്റായ ചൂ പലകകളെക്കുറിച്ചു ദൈവം നിങ്ങൾക്കു മുന്നറിയിപ്പു നല്കിയിരിക്കുന്നു. നിങ്ങളുടെ ചിന്തയെ മേഘാവൃതമാക്കുന്ന മിഥ്യയായ ചിന്തകളെക്കുറിച്ചു, ദൈവം നിങ്ങളെ അറിയിച്ചിട്ടു്. ദൈവം നിങ്ങൾക്കു ഈ വാഗ്ദത്തവും നല്കിയിരിക്കുന്നു.

*നിങ്ങൾ പ്രത്യാശിക്കുന്ന ശുഭ ഭാവിവരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു. അവ തിന്മെക്കല്ല, നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്. നിങ്ങൾ എന്നോടു അപേക്ഷിച്ചു എന്റെ സന്നിധിയിൽ വന്നു പ്രാർഥിക്കയും ഞാൻ നിങ്ങളുടെ പ്രാർഥന കേൾക്കയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കത്തെും* (യിരമ്യാവ് 29:11–13)

## ഒരുനിമിഷം നില്ക്കുക: ചിന്തിക്കുക

1. സ്രഷ്ടാവിനെക്കാൾ സൃഷ്ടിയെ ആരാധിക്കുന്നത് എങ്ങനെയുള്ള മനസ്സാണ്? (വായിക്കുക, റോമർ 1:22–28)
2. നിങ്ങളുടെ ദൈവത്തിനുവേിയുള്ള അന്വേഷണത്തിൽ നിങ്ങൾക്കുള്ള ഏതൊരു ബുദ്ധിപരമായ പ്രശ്നത്തെയും തുറക്കുവാൻ കഴിയുന്ന താക്കോൽ ഏത്? (വായിക്കുക, യോഹന്നാൻ 7:17)
   നിങ്ങളുടെ മനസ്സ് ആണോ?
   നിങ്ങളുടെ ആഗ്രഹമാണോ? ഇച്ഛയാണോ?
3. ദൈവത്തിലേക്കു നിങ്ങളെ നയിക്കുവാൻ ദൈവം നിങ്ങൾക്കു വ്യക്തമായൊരു *'ചൂുപലക'* നല്കിയിട്ടുോ? (വായിക്കുക, യോഹന്നാൻ 8:12)

അനേക വർഷങ്ങൾക്കു മുമ്പ് ഇംഗ്ലിലെ ഒരു സസേ്കൂളിൽ ഒരു ബാലൻ തന്റെ അധ്യാപികയോടു ചോദിച്ചു: *'ദൈവം, കുസൃതിക്കാരായ കുട്ടികളെ സ്നേഹിക്കുന്നുവോ?' 'ഇല്ല, നിശ്ചയമായും ഇല്ല'* എന്നായിരുന്നു അധ്യാപികയുടെ മറുപടി. മനഃപൂർവമല്ലെങ്കിലും ആ ബാലനോട് അവർ പറഞ്ഞത് എത്ര വലിയ ദൈവദൂഷണമായിരുന്നു! ദൈവം കുസൃതിക്കുട്ടികളെ സ്നേഹിക്കാതിരുന്നു എങ്കിൽ, ദൈവം ഒരിക്കലും എന്നെ സ്നേഹിക്കുമായിരുന്നില്ല! *'എവിടെയെങ്കിലുമൊരു മാറ്റം കാണുമ്പോൾ മാറ്റം വരുന്ന സ്നേഹം സ്നേഹമല്ല'* എന്നു ഷെക്സ്പിയർ പറഞ്ഞിട്ടു്.

ജി. കാംപ്ബെൽ മോർഗൻ

## അധ്യായം 7

# ദൈവം വാസ്തവമായി എന്നെ സ്നേഹിക്കുന്നുവോ?

നിങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യക്തിയുടെ സ്നേഹത്തെക്കുറിച്ചു നിങ്ങൾ എപ്പോഴെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോ? അല്ലെങ്കിൽ നിങ്ങൾ ആരെയെങ്കിലും സ്നേഹിക്കുന്നു എന്ന വസ്തുത അവർ വിശ്വസിക്കാതിരിക്കുമ്പോൾ, നിങ്ങൾ അവരെ സ്നേഹിക്കുന്നു എന്നു തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ടോ? എങ്ങനെയായിരുന്നാലും യഥാർഥ സ്നേഹം വാക്കുകളിലല്ല, പ്രവൃത്തികളാൽ മാത്രമേ തെളിയിക്കപ്പെടുവാൻ കഴിയുകയുള്ളൂ എന്നു മനസ്സിലാകും.

ചില പ്രവൃത്തികൾ വാക്കുകളെക്കാൾ എത്രയോ ശക്തമാണ്. യേശു ക്രൂശിൽ മരിച്ചപ്പോൾ ദൈവം നിർവഹിച്ച പ്രവൃത്തിയിലൂടെയാണ് നിങ്ങളോടുള്ള തന്റെ സ്നേഹം ദൈവം പ്രദർശിപ്പിച്ചത്. ഇതിന്റെ പ്രാധാന്യം നിങ്ങൾ ശരിക്കും മനസ്സിലാക്കുമ്പോൾ ദൈവം വാസ്തവമായി നിങ്ങളെ സ്നേഹിക്കുന്നു എന്നു മനസ്സിലാക്കുവാൻ, മറ്റൊരു വിശദീകരണവും നിങ്ങൾക്ക് ആവശ്യമായിവരികയില്ല.

ഞാൻ ക്രിസ്തുവിങ്കലേക്കു മാനസാന്തരപ്പെട്ടതിനു ശേഷം ഒരു ബ്യൂഗിൾ ബോയിയുടെയും ഒരു പട്ടാളക്കാരന്റെയും യാഥാർഥകഥ വായിക്കുകയുണ്ടായി. ബോവർ യുദ്ധകാലത്ത്

അവർ രുപേരും സൈന്യത്തിൽ സേവനമനുഷ്ഠിച്ചു. വില്ലി ഹോൾട്ട് എന്നായിരുന്നു ബ്യൂഗിൾ ബോയിയുടെ പേര്. അവനു പന്ത്രു വയസ്സുള്ളപ്പോൾ ദൈവമില്ലാത്ത ഏഴു പട്ടാളക്കാരോടുകൂടെ ഒരു കൂടാരത്തിലേക്ക് അവനെ നിയോഗിച്ചു. അതിലൊരാളുടെ പേര് ബിൽ എന്നായിരുന്നു. ബില്ലിൽനിന്നു വ്യത്യസ്തനായി, വില്ലി കർത്താവായ യേശുക്രിസ്തുവിൽ ഭക്തിയുള്ള ഒരു വിശ്വാസിയായിരുന്നു. ഓരോ രാത്രിയിലും അവൻ കിടക്കയ്ക്കരികിൽ മുട്ടുകുത്തി നിശബ്ദമായി പ്രാർഥിക്കുകയും വേദപുസ്തകം വായിക്കുകയും ചെയ്തിരുന്നു. അതുകാണുമ്പോൾ പട്ടാളക്കാർ അവനെ പരിഹസിക്കുകയും ശപിക്കുകയും ചെയ്തിരുന്നു.

ഒരു ദിവസം കേണൽ-ഇൻ-ചാർജ്ജ് ആ കമ്പനിയെ പരേഡിന് അണിനിരത്തി. വില്ലിയെയും ബില്ലിനെയും നിയോഗിച്ചിരുന്ന ടെന്റിൽ ഒരു കള്ളൻ കടന്നു. കള്ളനെ കുപിടിക്കുന്നതിനുള്ള അശ്രാന്ത പരിശ്രമത്തിൽ കേണൽ ആ കമ്പനിയിലെ പട്ടാളക്കാർക്ക് അന്ത്യശാസനം നല്കി, *'ഞാൻ മുമ്പു നല്കിയ താക്കീതുകൾ എല്ലാം നിഷ്ഫലമായി. കഴിഞ്ഞരാത്രിയിൽ വീും കള്ളൻ കയറിയിരിക്കുന്നു. ഇന്നു കുറ്റക്കാരനു ഞാൻ അവസാനമായി ഒരവസരം കൂടെ നല്കുന്നു; അവൻ മുന്നോട്ടുവന്ന് ആണത്തത്തോടെ ശിക്ഷ എറ്റുവാങ്ങട്ടെ. അവൻ പ്രതികരിക്കാത്ത പക്ഷം കമ്പനിയിലെ എല്ലാ പട്ടാളക്കാർക്കും, പത്തു ചാട്ടയടി ലഭിക്കും. എന്നാൽ നിങ്ങളിൽ ആരെങ്കിലും ശിക്ഷയേറ്റുവാങ്ങുന്നതിനു മുമ്പോട്ടുവന്നാൽ മറ്റുള്ളവർക്കു ശിക്ഷയില്ല'*

നിമിഷങ്ങളുടെ നിശബ്ദതയ്ക്കുശേഷം, വില്ലി അറ്റൻഷനായി നിന്നു; മുന്നോട്ടു നീങ്ങിനിന്നിട്ടു അവൻ പറഞ്ഞു: 'സർ, നിങ്ങളിൽ ആരെങ്കിലും ശിക്ഷ ഏറ്റുവാങ്ങുന്നതിനു മുന്നോട്ടു വന്നാൽ മറ്റുള്ളവർക്കു ശിക്ഷയില്ല എന്ന് അങ്ങ് ഇപ്പോൾ കല്പിച്ചുവല്ലോ. സർ, ഞാൻ ശിക്ഷയേൽക്കുന്നു!' കോപാന്ധനായ കേണൽ കുപിടിക്കാത്ത ആ കള്ളനെ ഉച്ചത്തിൽ ശപിച്ചു: *'ഭീരുവേ, നിരപരാധിയായ ഒരു ബാലൻ നിന്റെ ശിക്ഷ*

*യേല്ക്കുവാൻ നീ എങ്ങനെ അനുവദിക്കുന്നു?'* ആരും അന ങ്ങിയില്ല. കേണൽ ഉറക്കെപ്പറഞ്ഞു: *'കുറ്റക്കാരനുവേി നിര പരാധിയായ ഈ ബാലൻ ശിക്ഷയേൽക്കുന്ന ഭയാനകമായ കാഴ്ച നിങ്ങൾക്കിപ്പോൾ കാണാം.'*

കേണൽ പറഞ്ഞതുപോലെ, വില്ലിയുടെ ഉടുപ്പ് മാറ്റുവാൻ പറഞ്ഞു. ക്രൂരമായ ചാട്ടയടി ആരംഭിച്ചു. ഭയങ്കരമായ ചാട്ടയ ടിയേറ്റു വില്ലി ബോധരഹിതനായി. ആ കാഴ്ച കു നില്ക്കാ നാകാതെ ബില്ലി, തന്റെ നിരയിൽ നിന്നുകൊു വിളിച്ചു പറ ഞ്ഞു. *'നിറുത്തൂ, ഞാനാണ് ആ കള്ളൻ. എന്റെ ശിക്ഷ ഞാൻ ഏറ്റുകൊള്ളാം.'* മോഹാലസ്യത്തിൽനിന്നുണർന്ന വില്ലി സാവ കാശം കണ്ണുതുറന്നു. ബില്ലിനോടു മാന്ത്രിച്ചു. *'സാരമില്ല, ബിൽ! ഇനി കേണലിനു വാക്കുമാറ്റുവാൻ സാധ്യമല്ല നിന്റെ ശിക്ഷ മുഴുവനും ഞാൻ ഏറ്റുകൊള്ളാം'* എന്ന് അവൻ ഏറ്റു!

ബാലനായ വില്ലി, ആ ചാട്ടയടിയുടെ ആഘാതത്തിൽ നിന്നു വിമുക്തനായില്ല. എന്നാൽ വില്ലി സ്വർഗത്തേക്കു പോകു ന്നതിനുമുമ്പെ, തകർന്നുപോയ ബിൽ വില്ലിയുടെ കിടക്കയ്ക രികിൽ ചെന്നു സാവധാനം ചോദിച്ചു: *'എന്തുകൊു വില്ലീ? നീ എനിക്കുവേി അങ്ങനെ ചെയ്തത് എന്തുകൊ്? ഞാൻ അതിന് അർഹനല്ല.'* വില്ലിയുടെ മറുപടി ലഘുവായിരുന്നു, ദൃഢ മായിരുന്നു: *'ബിൽ, ദൈവം നിന്നെ എത്രയധികം സ്നേഹി ക്കുന്നു എന്നു നിന്നോടു പറയുവാൻ ഞാൻ പലപ്പോഴും ശ്രമി ച്ചിട്ടു്. അപ്പോഴെല്ലാം നീ എന്നെ പരിഹസിച്ചു. നിന്റെ ശിക്ഷ ഞാൻ ഏറ്റുവാങ്ങുന്നു പക്ഷേ, നിന്റെ പാപങ്ങൾ ഏറ്റുകൊു ക്രൂശിൽ നിനക്കുവേി മരിക്കുവാൻ തക്കവണ്ണം യേശു നിന്നെ എത്രയധികം സ്നേഹിച്ചു എന്നു മനസ്സിലാക്കുവാൻ നിനക്കു കഴിയുമെന്നു ഞാൻ വിചാരിച്ചു.'* വില്ലി സ്വർഗത്തിലേക്കു പോകുന്നതിനു മുമ്പ് സ്നേഹവാനായ യേശുക്രിസ്തു നല്കുന്ന സൗജന്യ *'രക്ഷ'* ബിൽ സ്വീകരിച്ചു.

നഷ്ടപ്പെട്ട മനുഷ്യവർഗത്തിന്റെ വിജയകരമായ രക്ഷാ പ്രവൃത്തി ക്രിസ്തുവിൽ സ്വർഗം പൂർത്തിയാക്കി. യാഗത്തി

ന്റെയും കഷ്ടാനുഭവത്തിന്റെയും അവിശ്വസനീയ പ്രവൃത്തിക്കായി ക്രിസ്തുവിനെ പ്രേരിപ്പിച്ചത് സ്നേഹം, നമ്മിൽ ഓരോരുത്തരോടുമുള്ള ദൈവസ്നേഹമായിരുന്നു.

**സമ്പൂർണ മനുഷ്യൻ**

ഗോൽഗോഥാക്കുന്നിൽ മൂന്നു ക്രൂശുകൾ ഉയർത്തപ്പെട്ടു രു ക്രൂശുകളിൽ കള്ളന്മാർ ക്രൂശിക്കപ്പെട്ട ആ കള്ളന്മാരുടെ മധ്യത്തിൽ കർത്താവായ യേശു ക്രൂശിക്കപ്പെട്ടു, അവിടെ അവൻ മരിച്ചു.

അവന്റെ അതിവ്യഥയുടെ അവസാന മണിക്കൂറുകളിൽ ആ കള്ളന്മാരിലൊരുവൻ മൂന്നു പേരെയും ക്രൂശീകരണത്തിനേൽപിച്ച അർധന്യായ അവസ്ഥയെക്കുറിച്ചു തന്റെ അഭിപ്രായം പറയുവാൻ ധൈര്യപ്പെട്ടു. വേദനകൊു പുളയുന്ന തന്റെ ശരീരത്തെക്കുറിച്ചായിരുന്നില്ല അവന്റെ ഉൽക്കണ്ഠ എന്നത് ആശ്ചര്യമാണ്. രു കള്ളന്മാർക്കും സമനാക്കി യേശുവിനെ ക്രൂശീകരണത്തിനേൽപിച്ച റോമൻ നീതിന്യായ വ്യവസ്ഥയെക്കുറിച്ചാണ് അവൻ ചിന്തിച്ചത്. ഈ കാട്ടുന്ന അനീതി അവനെ അസ്വസ്ഥനാക്കി. തന്റെ അന്ത്യനിമിഷത്തോടടുത്ത ആ കള്ളൻ മൂന്നു കാര്യങ്ങൾ ഉറക്കെപ്പറയുവാൻ ധൈര്യം കാണിച്ചു.

ഒന്ന് : *നമ്മുടെ പ്രവൃത്തികൾക്കു യോഗ്യമായത് നാം പ്രാപിക്കുന്നു.* ഈ ലളിതമായ വാക്കുകളിൽ, തന്റെ കുറ്റങ്ങൾക്കു താൻ തന്നെയാണ് ഉത്തരവാദി എന്ന് അവൻ ഏറ്റു പറഞ്ഞു. സ്വന്തംകുറ്റം അവൻ സമ്മതിച്ചു.

ര് : *നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു.* മോഷണവും കൊള്ളയും വ്യാപകമായിരിക്കുന്ന ഈ കാലത്ത്, ഒന്നാം നൂറ്റാിൽ ഇത്തരം കുറ്റകൃത്യങ്ങൾ എത്ര ഗൗരവമായി വീക്ഷിക്കപ്പെടുന്നു എന്നു മനസ്സിലാക്കാൻ പ്രയാസമാണ്. പക്ഷേ, മരണാസന്നനായ ആ കള്ളൻ ഏതാനും വാക്കുകളിൽ, തന്റെ കാലത്ത് ലഭിച്ച മരണശിക്ഷ ന്യായവും നീതിയുമായിരുന്നു എന്നു ഏറ്റുപറഞ്ഞു. നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു.

മൂന്ന് : *ഇവനോ, അരുതാത്തത് ഒന്നും ചെയ്തിട്ടില്ല.* സ്വന്തം കുറ്റത്തെയും, അന്നത്തെ നീതിന്യായ വ്യവസ്ഥ യെയും അവൻ അംഗീകരിച്ചു എങ്കിലും, തന്റെ സമീപം ക്രൂശിൽ തൂങ്ങിക്കിടക്കുന്ന യേശുവിനെക്കുറിച്ച് അവനുായ ഉൾക്കണ്ഠ ആശ്ചര്യമത്രേ. മരണാസന്നനായി ആ കള്ളൻ പ്രഖ്യാപിച്ചു: ഈ മനുഷ്യൻ, ഈ യേശു, കുറ്റമില്ലാത്തവനാണ്; അതുകൊ് അനീതിയായിട്ടത്രെ മരണത്തിനു വിധിക്ക പ്പെട്ടത്.

സ്വന്ത പാപങ്ങൾക്കു കുറ്റം വിധിക്കപ്പെട്ട് ക്രൂശിൽ തൂക്ക പ്പെട്ട കള്ളന്, യേശുവിങ്കലേക്കു തിരിയുകയല്ലാതെ മറ്റൊരു ആശയ്ക്കും വഴിയുായിരുന്നില്ല. അവൻ ആത്മാർഥത യോടെ യാചിച്ചു: യേശുവേ, നീ രാജ്യത്വം പ്രാപിച്ചു വരു മ്പോൾ എന്നെ ഓർത്തുകൊള്ളേണമേ. എല്ലായ്പ്പോഴും ചെയ്യു ന്നത്പോലെ, ഉടനെ യേശു പ്രതികരിച്ചു. അവന്റെ ഏറ്റുപറ ച്ചിലും അപേക്ഷയും അംഗീകരിച്ചു. *'ഇന്നു നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും'* (ലൂക്കൊസ് 23:39-43).

അനുതപിച്ചു കർത്താവിങ്കലേക്കു തിരിയുന്ന സകല പാപികളെയുംപോലെ, ആ ദിവസം ആസന്നമരണനായ ആ കള്ളനു നിത്യജീവന്റെ നിർണയം ലഭിച്ചു അവൻ ശരിയായ വ്യക്തിയായ കർത്താവായ യേശുക്രിസ്തുവിങ്കലേക്കു നേർക്കു തിരിഞ്ഞു. ശരിയായ സ്ഥലത്തേക്കു, യേശു മരിച്ച ക്രൂശിലേക്ക് നോക്കി അവൻ കരുണയ്ക്കായി യാചിച്ചു.

അതേ, ആ ഭയങ്കരദിനത്തിൽ, ആസന്നമരണനായ ഒരു കള്ളന്റെ ദൃഷ്ടിയിൽ കർത്താവായ യേശുക്രിസ്തു വാസ്ത വത്തിൽ **കുറ്റമില്ലാത്തവനായിരുന്നു**. പിന്നീടൊരിക്കൽ രു ശിഷ്യന്മാർ, യേശു **പാപമില്ലാത്തവനായിരുന്നു** എന്നു സാക്ഷ്യം പറഞ്ഞു. അപ്പൊസ്തലനായ പൗലൊസിനോടൊപ്പം ഇവർ എല്ലാവരും യേശു പാപമില്ലാത്തവനായിരുന്നു എന്ന സാക്ഷ്യം ഉറപ്പിച്ചു.

**പത്രൊസ്** – കർത്താവായ യേശുവിന്റെ അടുത്ത സ്നേഹിതനായിരുന്ന പത്രൊസ് പ്രവൃത്തി നിരതനായ ഒരു

വ്യക്തിയായിരുന്നു. അതുകൊ് യേശുവിന്റെ പാപമില്ലായ്മയെ സാക്ഷിക്കുമ്പോൾ അവൻ ഒരു പ്രവൃത്തിപദം തന്നെ പ്രസ്താവിച്ചു : അവൻ പാപംചെയ്തിട്ടില്ല (1പത്രൊാസ് 2:22).

**യോഹന്നാൻ** – കർത്താവായ യേശുവിന്റെ പ്രിയ ശിഷ്യനായിരുന്ന യോഹന്നാൻ, യേശു ജനസമൂഹത്തിൽനിന്ന് അകലെയായിരുന്നപ്പോഴും അവനെ ശ്രവിച്ചിരുന്നു. അതിന്റെ വെളിച്ചത്തിൽ യോഹന്നാൻ വ്യക്തമായി സാക്ഷിച്ചു: അവനിൽ (യേശുക്രിസ്തുവിൽ) പാപം ഇല്ല. (യോഹന്നാൻ 3:5)

**പൗലൊസ്** – അന്ന് അറിയപ്പെട്ടിരുന്ന മഹാപണ്ഡിതനായിരുന്നു പൗലൊസ്. അഭ്യസ്തവിദ്യനും ജ്ഞാനിയുമായ പൗലൊസ് യേശുവിനെക്കുറിച്ചു: അവൻ പാപം അറിയാത്തവൻ (2 കൊരിന്ത്യർ 5:21) എന്നു സാക്ഷ്യം പറഞ്ഞു. ക്രിസ്തുവിന്റെ പാപരഹിത ജീവിതത്തെക്കുറിച്ചു ഈ വിധത്തിലുള്ള ആധികാരിക സാക്ഷ്യങ്ങൾ നമുക്കു ലഭിച്ചിരിക്കുന്നു.

ഒരുപക്ഷേ, ചിലർ ഇങ്ങനെ പറഞ്ഞേക്കാം: 'ഒരോ മരിക്കുന്ന കള്ളനും പത്രൊാസും യോഹന്നാനും പൗലൊസും പറഞ്ഞ സാക്ഷ്യങ്ങൾ വിശ്വസിക്കാനാകുമോ? മരണാസന്നനായ കള്ളൻ ആശയറ്റവനായിരുന്നു; അപ്പൊസ്തലന്മാർ കർത്താവായ യേശുവിനോടുള്ള ഭക്തിനിമിത്തം അങ്ങനെ പറഞ്ഞതാകാം. *'യെഹൂദ്യയുടെ റോമൻ ഗവർണർ ആയിരുന്ന പൊന്തിയോസ് പീലാത്തോസ് എന്തു പറയും?'* അവൻ, യേശുവിന്റെ സ്നേഹിതനായിരുന്നില്ല, യേശുവിനെ മരണശിക്ഷയ്ക്കു വിധിക്കണമെന്നു മുറവിളി കൂട്ടിക്കൊിരുന്ന അപവാദികളായ യഹൂദപുരുഷാരത്തോട് പീലാത്തൊസ് പ്രഖ്യാപിച്ചു:

*ഞാനോ, നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും*
*നിങ്ങൾ ചുമത്തിയ കുറ്റമൊന്നും ഇവനിൽ കില്ല*
*– (ലൂക്കൊസ് 23:14)*

എന്നാൽ സ്വർഗസിംഹാസനത്തിൽനിന്നു പിതാവാം ദൈവം യേശുവിനെക്കുറിച്ചു വിളിച്ചറിയിച്ച പ്രഖ്യാപനം, മേല്പറഞ്ഞ സാക്ഷ്യങ്ങളെക്കാൾ എത്ര ശ്രേഷ്ഠമാണ്! ഒരു മനുഷ്യൻ പൊതുജനങ്ങളുടെ മുമ്പിൽ സംസാരിക്കാൻ ഒരുമ്പെ

ടുമ്പോൾ അവനെ മാന്യമായി പരിചയപ്പെടുത്തേതാണ്. അതുപോലെ കർത്താവായ യേശു തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുവാൻ സമയമായപ്പോൾ, തന്റെ പ്രിയപുത്രനെ പരിചയപ്പെടുത്തുന്ന പദവി ദൈവം തന്നെ ഏറ്റെടുത്തു. സ്വർഗത്തിൽ നിന്നൊരു കാഹളനാദം പോലെ അത് പ്രഖ്യാപിച്ചു: *'ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'* (മത്തായി 3:17).

യേശു, മനുഷ്യരൂപത്തിൽ ഈ ലോകത്തിൽ ആയിരുന്നപ്പോൾ, ദൈവം മനുഷ്യനെ എങ്ങനെ സൃഷ്ടിച്ചിരുന്നുവോ അതുപോലെ ജീവിച്ചു. മറ്റു സകല മനുഷ്യരും ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. (റോമർ 3:23). യേശു അങ്ങനെ ആയില്ല! അവൻ എല്ലാത്തിലും പൂർണനായിരുന്നു. അതിനാൽ, യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്ന സമയമായപ്പോൾ അവന്റെ പിതാവ് അവനെ ലോകത്തിനു പരിചയപ്പെടുത്തി; അത് തന്റെ *പരിശുദ്ധപിതാവ്* (യോഹന്നാൻ 17:11) ആയിരുന്നു. തന്റെ പ്രിയപുത്രൻ ജീവിച്ച രീതിയിൽ പിതാവ് പ്രസാദിച്ചു.

നേരത്തെ നാം കതുപോലെ, കർത്താവായ യേശു ഒരിക്കലും ദൈവത്തെക്കാൾ കുറഞ്ഞവനായിരുന്നില്ല. ദൈവം തന്നെത്താൻ താഴ്ത്തി, ഒരു കന്യകമാതാവിന്റെ ഗർഭപാത്രത്തിനുള്ളിൽ ഉരുവാകത്തക്കവണ്ണം ചെറിയരൂപമെടുത്തു, മനുഷ്യരൂപത്തിലായി. യേശു, മനുഷ്യൻ എന്ന നിലയിൽ തന്റെ സ്വർഗസ്ഥപിതാവിനു സമ്പൂർണമായും സമർപ്പിക്കപ്പെട്ടവനാകാതിരുന്നെങ്കിൽ, അവന് പിതാവിനെ സമ്പൂർണമായി പ്രസാദിപ്പിക്കുവാൻ കഴിയുമായിരുന്നില്ല. തന്റെ ഭൂമിയിലെ പരദേശവാസകാലത്ത് യേശു എല്ലായ്പ്പോഴും പിതാവിനെ ആശ്രയിക്കയും അനുസരിക്കയും ചെയ്തിരുന്നു. അങ്ങനെ യേശുവിന്റെ മനുഷ്യത്വം സ്വർഗസ്ഥനായ തന്റെ പിതാവിന്റെ വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ഉദ്ദേശത്തിന്റെയും പ്രതിഫലനമായിരുന്നു. കഷ്ടതയുടെയും സ്വാർഥതയുടെയും പാപത്തി

ന്റെയും ഈ ലോകത്തിൽ യേശു ദൈവസ്നേഹം വെളിപ്പെടുത്തി.

അതെ, ദൈവമെന്നനിലയിൽ താൻ സൃഷ്ടിച്ച അതേ ഗ്രഹത്തിൽ യേശു ഒരു മനുഷ്യനെന്നനിലയിൽ സഞ്ചരിച്ചു. കർത്താവായ യേശു ഒരിക്കലും ദൈവത്തെക്കാൾ കുറഞ്ഞവനായിരുന്നില്ല എങ്കിലും, 33വർഷം മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്നു വെളിപ്പെടുത്തി. മനുഷ്യൻ എങ്ങനെ ആയിരിക്കണമെന്നു ദൈവം ആഗ്രഹിച്ചുവോ, അതിനൊരു ലംഘനവും യേശു വരുത്തിയില്ല. ആ വർഷങ്ങളിൽ, യേശു എല്ലായ്പ്പോഴും സ്വർഗത്തിലെ പിതാവിനു സമീപസ്ഥമായിരുന്നു. അതിനാൽ തന്റെ പുത്രനെ നോക്കിയപ്പോൾ പിതാവാംദൈവം പ്രസാദിച്ചു. മനുഷ്യരുടെ ഇടയിൽ യേശു *സമ്പൂർണമനുഷ്യനായി* ജീവിച്ചു.

കുറ്റമില്ലാത്തവൻ! പാപമില്ലാത്തവൻ! സമ്പൂർണൻ! ആസന്നമരണനായ കള്ളനും പൊന്തിയോസ് പീലാത്തോസിനും യേശു കുറ്റമില്ലാത്തവനായിരുന്നു. പത്രൊസിനും യോഹന്നാനും പൗലൊസിനും യേശു പാപമില്ലാത്തവൻ ആയിരുന്നു. സ്വർഗസ്ഥനായ പരിശുദ്ധപിതാവിനു അവൻ സമ്പൂർണൻ ആയിരുന്നു. കുറ്റമില്ലാത്തവൻ! പാപമില്ലാത്തവൻ! സമ്പൂർണൻ! എങ്കിലും, അവൻ മരിച്ചു നമ്മോടുള്ള മഹാസ്നേഹംനിമിത്തം യേശു നമുക്കുവേി മരിച്ചു!

## പരിമിതിയില്ലാത്ത സ്നേഹം

നിങ്ങളുടെ ഭാവനയിൽ *'ആദ്യ ദുഃഖവെള്ളിയാഴ്ച'* ദിനത്തിൽ നടന്ന ഭയങ്കരസംഭവങ്ങളുടെ ദൃക്സാക്ഷികളെ നിങ്ങൾ ഒന്നു സങ്കല്പിക്കുക. ക്രൂശിനുചുറ്റും പുരുഷാരം തിങ്ങിനിറഞ്ഞു. അതിഭയങ്കരമായ കാഴ്ച അവർ വീക്ഷിക്കുമ്പോൾ, രക്തരൂക്ഷിതമായ ദൃശ്യമാണ് അവരുടെ മുമ്പിലുള്ളത്.

യേശുവിന്റെ ഇരുവശങ്ങളിലും രു കള്ളന്മാർ തൂക്കപ്പെട്ടിരിക്കുന്നു. ആ രു പേരും തങ്ങളുടെ സഹജീവികളുടെ മുമ്പിൽ കുറ്റക്കാരാണ്; രു പേരും തങ്ങളുടെ സൃഷ്ടാവാം

ദൈവത്തിന്റെ മുമ്പിലും കുറ്റക്കാരാണ്. രു പേർക്കും രാജ്യത്തിലെ നിയമമനുസരിച്ചു വധശിക്ഷ വിധിക്കപ്പെട്ടിരിക്കുന്നു.

ഈ രുപേരുടെയും മധ്യത്തിൽ യേശു സ്വന്തം ക്രൂശിൽ തൂങ്ങുന്നു. ആ കള്ളന്മാരിൽനിന്നും തികച്ചും വ്യത്യസ്തനായി യേശു കുറ്റക്കാരനല്ല, മനുഷ്യരുടെ മുമ്പിൽ പാപിയല്ല, തന്റെ പരിശുദ്ധപിതാവിന്റെ മുമ്പിൽ സമ്പൂർണനാണ്. *അതെ, ദൈവം ക്രിസ്തുവിൽ* (2 കൊരിന്ത്യർ 5:19) *നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടുപോലെ,* (1പത്രോസ് 1:19) *ക്രൂശിലേക്കുപോയി.* ദൈവത്തിന്റെ സ്നേഹ ഹൃദയങ്ങൾ പാപികൾക്കുവേിയുള്ള പ്രായച്ഛിത്തമരണം ക്രിസ്തു വഹിക്കുന്നു.

കള്ളന്മാർ മരിക്കണമായിരുന്നു; എന്നാൽ കർത്താവായ യേശു നിശ്ചയമായും മരിക്കേതില്ല. തന്റെ വിമർശകരോടു യേശു ഉറപ്പു പറഞ്ഞു: *'എന്റെ ജീവനെ വീും പ്രാപിക്കേതിനു ഞാൻ അതിനെ കൊടുക്കുന്നതുകൊു പിതാവു എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോടു എടുത്തുകളയുന്നില്ല. ഞാൻ തന്നെ അതിനെ കൊടുക്കുന്നു അതിനെ കൊടുപ്പാൻ എനിക്കു അധികാരമു്; വീും പ്രാപിപ്പാനും അധികാരം ു്''* (യോഹന്നാൻ 10:17–18). തന്റെ സ്നേഹം പോകുന്ന വ്യാപ്തിയെക്കുറിച്ചു ശിഷ്യന്മാരോട് സംസാരിക്കുമ്പോൾ യേശു പറഞ്ഞു: *സ്നേഹിതന്മാർക്കുവേി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല.* (യോഹന്നാൻ 15:13)

കർത്താവായ യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം പൗലൊസ് ഇത് അധികം ഉറപ്പിച്ചു: *'പാപം അറിയാത്ത ക്രിസ്തുവിനെ, നാം ക്രൂശിൽ ദൈവത്തിന്റെ നീതി ആകേതിനു ദൈവം അവനെ നമുക്കു വേി പാപം ആക്കി.'* (2കൊരിന്ത്യർ 5:21) നൂറ്റാുകൾക്കു ശേഷം, നമ്മുടെ പാപങ്ങൾക്കുവേിയുള്ള ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തെ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

അങ്ങ് എന്റെ നീതിയാകുന്നു
എനിക്കുായിരുന്നത് അങ്ങ് എടുത്തു

അങ്ങേക്കുായിരുന്നത് എനിക്കു നല്കി
അങ്ങ്, ആയിരുന്നിട്ടില്ലാത്തത് ആയിത്തീർന്നു
ഞാൻ ആയിരുന്നിട്ടില്ലാത്തത് ആയിത്തീരേതിന്!

**ഒരു ഗോതമ്പുമണി**

തന്റെ ആസന്നമരണത്തെക്കുറിച്ചു വളരെ ബോധവാനായിരുന്ന കർത്താവായ യേശു തന്റെഹൃദയം ശിഷ്യന്മാരോടു തുറന്നു പ്രസ്താവിച്ചു:

*ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു,*
*ഞാൻ എന്ത് പറയേു? പിതാവേ, ഈ*
*നാഴികയിൽ നിന്നു എന്നെ രക്ഷിക്കേണമേ.*
*എങ്കിലും ഇത് നിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു. പിതാവേ, നിന്റെ നാമത്തെ മഹത്ത്വപ്പെടുത്തേണമേ. ഈ അപേക്ഷയ്ക്ക് പിതാവ് സ്നേഹാർദ്രമായി പ്രതിവചിച്ചു: ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്ത്വപ്പെടുത്തും (യോഹന്നാൻ 12:27,28)*

**റോമൻ ക്രൂശീകരണം പോലുള്ള രക്തരൂക്ഷിതമായ ഒരു രംഗത്തിൽ പിതാവ് മഹത്ത്വപ്പെടുത്തുന്നതെങ്ങനെ എന്നു നിങ്ങൾ ആശ്ചര്യപ്പെടുന്നുാകും**

കർത്താവായ യേശു പിതാവിനോട് പ്രാർഥിക്കുന്നതിനു മുമ്പ്, അവൻ തന്റെ ശിഷ്യന്മാരോടു, ഒരു കൊയ്ത്തിനു മുമ്പ് കോതമ്പു മണി നിലത്തുവീണു ചാകേതാകുന്നു എന്നു ഓർമിപ്പിച്ചിരുന്നു.

*ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അത് തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുാകും (യോഹന്നാൻ 12:24)*

യേശു പാപമില്ലാത്ത മനുഷ്യൻ ആയിരുന്നതിനാൽ, മരണത്തിനു അവന്റെ മേൽ അവകാശമില്ല. നിങ്ങളുടെയും എന്റെയും പാപത്തിനു പ്രായശ്ചിത്തമായി അതിക്രൂരമരണം

വരിക്കുവാൻ അവൻ സ്വയംതീരുമാനിച്ചു. ആ വിധത്തിൽ അവൻ വീടെടുക്കപ്പെട്ട ജനത്തിന്റെ മഹത്ത്വമാർന്ന കൊയ്ത്തിനോടും കർത്താവായ യേശു തന്റെ ലക്ഷ്യം വെളിപ്പെടുത്തുന്നു; എല്ലാ സത്യവിശ്വാസികൾക്കും തന്റെ വാഗ്ദത്തവും അവൻ നല്കുന്നു.

*(അവന്റെ ലക്ഷ്യം) ഞാൻ പിതാവിന്റെ അടുക്കൽനിന്നു പുറപ്പെട്ടു ലോകത്തിൽ വന്നു. പിന്നെയും ലോകത്തെ വിട്ടു പിതാവിന്റെ അടുക്കൽ പോകുന്നു. (അവന്റെ വാഗ്ദത്തം) ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നേടത്ത് നിങ്ങളും ഇരിക്കേതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ 16:28; 14:3)*

ഇത് അൽഭുതകരമാണ്; അവിശ്വസനിയമായും തോന്നാം രക്ഷകൻ അൽഭുതകരമായി അവരെ സ്നേഹിക്കുന്നു എങ്കിലും, അവൻ വാഗ്ദത്തം ചെയ്യുന്ന പാപക്ഷമയെ ഇപ്പോഴും അനേകർ നിരസിക്കുന്നു. മറ്റുള്ളവർ യേശുവിന്റെ മരണത്തെ സംബന്ധിച്ചു നിസംഗരും പ്രതികരിക്കാത്തവരുമാണ്. ജനം യേശുവിനെ നിരസിച്ചാലും, അവനോടു നിസംഗരും പ്രതികരിക്കാത്തവരും ആയാലും – ഫലം ഒന്നുതന്നെ. നിത്യജീവന്റെ ഉറവിടത്തിൽനിന്നുള്ള നിത്യ വേർപാട്; നിത്യവെളിച്ചവും നിത്യസ്നേഹവും അവർക്കു നഷ്ടപ്പെടുന്നു. ഈ ഭയങ്കരാവസ്ഥ ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു.

മരിക്കുമ്പോൾ നിങ്ങൾ മരിക്കും
അതിഭയങ്കരമായ മരണം നിങ്ങൾ വരിക്കും.
നിത്യമായി നിങ്ങൾ മരിക്കും
എന്നും മരിച്ചുകൊിരിക്കും, ഒരിക്കലും മരിക്കയുമില്ല.

**നിങ്ങളെ നരകത്തിൽനിന്നു വിടുവിച്ചു സ്വർഗത്തിലെത്തിക്കുവാൻ മാത്രമല്ല, കർത്താവായ യേശു മരിച്ചത്; പിന്നെയോ, സ്വർഗത്തിൽ നിന്നു ദൈവത്തെ ഇറക്കി നിങ്ങളുടെ ഉള്ളിലാക്കുന്നതിനു കൂടെയാണ്!**

അല്ല, സ്വർഗത്തിലെ ഭാവി ജീവിതം നിത്യജീവനിൽ മാത്രമല്ല, യഥാർഥമായ ഒരു വിശ്വാസിയുടെ നിത്യ ജീവിതം മഹത്വകരവും വർത്തമാന യാഥാർഥ്യ ജീവിതവും ആയിരിക്കും എന്നു ബൈബിൾ ഉറപ്പിച്ചു പറയുന്നു.

*ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉ് എന്നുള്ളത് തന്നെ. പുത്രൻ ഉള്ളവനു ജീവൻ ഉ്; ദൈവപുത്രൻ ഇല്ലാത്തവനു ജീവൻ ഇല്ല (1 യോഹന്നാൻ 5:11,12).*

നിത്യജീവൻ ഒരു ആളത്വത്തിലാണ് കർത്താവായ യേശു ക്രിസ്തുവിൽ! ക്രിസ്തു മനുഷ്യഹൃദയത്തെ തന്റെ വാസ സ്ഥാനമാക്കുമ്പോൾ – ആ നിമിഷത്തിൽ നിത്യജീവൻ ആരം ഭിക്കുന്നു.

## വലിയ വില

ക്രിസ്തുവിന്റെ ക്രൂശിൽ, ദൈവത്തിന്റെ വിശുദ്ധിയും, ദൈവത്തിന്റെ നീതിയും, ദൈവത്തിന്റെ സ്നേഹവും ഒരുമിച്ചു പരമയാഗപ്രക്രീയയിൽ സംയോജിതമായി. അവിടെ ദൈവ ത്തിന്റെ വിശുദ്ധി തെളിയിക്കപ്പെട്ടു; ദൈവത്തിന്റെ നീതി സംതൃ പ്തമായി. അവിടെ ദൈവത്തിന്റെ സ്നേഹം നിങ്ങളെയും എന്നെയും പോലുള്ള പാപികളായ മനുഷ്യനു ആശ്ലേഷവും. എന്നാൽ അവൻ കൊടുക്കേി വന്ന വില, വളരെ വലുതാ യിരുന്നു.

അവന്റെ ഉയർച്ചയ്ക്കുവേി എന്റെ ആവോളം എന്ന തിന്റെ അനുദിന ധ്യാനഗ്രന്ഥത്തിൽ ഓസ്വേൾഡ് ചേംബേഴ്സ് ഇങ്ങനെയൊരു സൗമ്യമായ മുന്നറിയിപ്പു നല്കിയിട്ടു്

ദൈവത്തിന്റെ പിതൃസ്ഥാനത്തെക്കുറിച്ചുള്ള സന്തോഷ കരമായ വീക്ഷണത്തെ സൂക്ഷിക്കുക:

ദൈവം വളരെ ദയാലുവും സ്നേഹവാനുമാകുന്നു. ദൈവം നിശ്ചയമായും നമ്മോടു ക്ഷമിക്കും – എന്നി ങ്ങനെ പറയുന്ന പ്രസ്താവനയ്ക്ക് പുതിയനിയമ ത്തിൽ യാതൊരു സ്ഥാനവുമില്ല. പാപത്തെ ക്ഷമി

ക്കുകയും നമ്മെ തന്റെ പ്രസാദത്തിലേക്കു തിരികെ സ്വീകരിക്കുകയും ചെയ്യുന്നത്, ക്രിസ്തുവിന്റെ ക്രൂശ് മുഖാന്തരം മാത്രമാണ്: മറ്റൊരു മാർഗവുമില്ല അത് സത്യമാണെന്നു നാം മനസ്സിലാക്കുമ്പോഴും വിശ്വാസത്തിന്റെ ലാഘവത്തോടെ ഈ പാപക്ഷമയെ എടുക്കുവാൻ സാധ്യതയു്. എത്ര വലിയ വില ദൈവം കൊടുക്കുന്നതുകൊാണ് ഈ പാപക്ഷമ നമുക്കു ലഭ്യമായത് എന്നത് മറന്നുകളയുവാൻ കഴിഞ്ഞേക്കും.

വില്ലി ഹോൾട്ടിന്റെ നിസ്വാർഥ ത്യാഗത്തെക്കുറിച്ചു നാം നേരത്തേ ചിന്തിച്ചു എങ്കിലും, ദൈവം കാൽവരിയിൽ സഹിച്ച വ്യഥയ്ക്കു ഒരു സമാനതയുമില്ല. ദൈവം നമ്മോടു കാണിച്ച സ്നേഹത്തെ വിവരിക്കുവാൻ ഉദാഹരണങ്ങളുമില്ല. ദൈവശ്വാസീയമായ ദൈവത്തിന്റെ വചനത്തിലൂടെ വേദപുസ്തകത്തിലൂടെ, ഈ യാഗസ്നേഹത്തിന്റെ സമ്പൂർണ ദൃശ്യം നമുക്കു ലഭിക്കേതിനു ദൈവം തന്നെ ആ തിരശീലയെ പുറകോട്ടു നീക്കുന്നു എങ്കിൽ പോലും ദൈവ സ്നേഹത്തിന്റെ മഹാവിശാലത, നമ്മുടെ പരിമിത ബുദ്ധിക്ക് ഗ്രഹിക്കുവാൻ കഴിയുന്നതിനപ്പുറമാണ്. എങ്കിലും, സ്നേഹത്തിന്റെ ആശ്ചര്യകരമായ പ്രവൃത്തിയെക്കുറിച്ചു പ്രതികരിക്കുമ്പോൾ ദൈവസ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും അല്പമൊക്കെ നമുക്കു മനസ്സിലാക്കുവാൻ കഴിയും.

**യേശു ക്രൂശിൽ മരിച്ചപ്പോൾ, അവൻ ത്രിവിധരീതിയിലാണ് നമ്മുടെ പാപങ്ങൾക്കുവേി കഷ്ടമനുഭവിച്ചത്.**

ക്രൂശിൽ യേശുവിന്റെ ശരീരം വ്യഥയാൽ തകർക്കപ്പെട്ടു. ക്രൂശിൽ യേശുവിന്റെ സ്നേഹം പരമാവധി നീട്ടപ്പെട്ടു; അതിലേറ്റവും ഭയങ്കരമായത്, ക്രൂശിൽ പിതാവുമായുള്ള അവന്റെ ഒത്തൊരുമയിൽ അവർ അനുഭവിച്ചിരുന്ന പ്രകാശത്തിൽനിന്നും മഹത്ത്വത്തിൽനിന്നും സമാധാനത്തിൽനിന്നും ക്രിസ്തു വേർപെടുത്തപ്പെട്ടു എന്നതാണ്. അതെ, യേശു അനു

ഭവിച്ച കഷ്ടത മനുഷിക ബുദ്ധിക്കതീതമാണ്.

എന്നാൽ, യേശുവിന്റെ ശാരീരിക വ്യഥയെയും അവന്റെ വൈകാരിക വ്യഥയെയും അവന്റെ ആത്മിക വ്യഥയെയും നാം ചിന്തിക്കുമ്പോൾ പാപികളായ മനുഷ്യരോടുള്ള അവന്റെ മഹാസ്നേഹത്തിന്റെ അളവിനെക്കുറിച്ചു പുതിയ ഒരു അറിവു നമുക്കു ലഭിക്കുന്നതാണ്.

**ശാരീരികവ്യഥ:** അമൂല്യമായൊരു ഛായചിത്രത്തെ നശിപ്പിക്കുന്നതും, ഒരു കഷ്ണം അഴുക്കു കടലാസ് കീറിക്കളയുന്നതും തമ്മിൽ താരതമ്യപ്പെടുത്താനാകുമോ? സമ്പൂർണമനുഷ്യനായ ക്രിസ്തു യേശുവിന്റെ മരണത്തെ മറ്റൊരു മനുഷ്യജീവിയുടെ മരണത്തോടു താരതമ്യപ്പെടുത്തുക തികച്ചും അസാധ്യമാണ്.

പഴയനിയമത്തിൽ, പിൽക്കാലത്ത് സഹിക്കേിവരുന്ന ശാരീരിക വൈരൂപ്യത്തെ മുൻകൂട്ടി പറഞ്ഞിട്ടുള്ള ഒരു പ്രവചനമു്. *അവന്റെ രൂപം കാൽ ആളല്ല* (യെശയ്യാവ് 52:14) അവന്റെ ആകൃതികാൽ മനുഷ്യനല്ല എന്നും തോന്നുമാറ് അവന്റെ ശരീരം വിരൂപമാക്കപ്പെടുമെന്നു ദൈവം വിശദീകരിച്ചിരുന്നു. യേശുതന്നെ തന്റെ ശാരീരിക ദണ്ഡനങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നു:

> *ഇതാ, നാം യെരുശലേമിലേക്കു പോകുന്നു: അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാരുടെയും ശാസ്ത്രിമാരുടെയും കയ്യിൽ ഏല്പിക്കപ്പെടും; അവർ അവനെ മരണത്തിനു വിധിച്ചു ജാതികൾക്കു ഏല്പിക്കും. അവർ അവനെ **പരിഹസിക്കുകയും തുപ്പുകയും തല്ലുകയും കൊല്ലുകയും** – ചെയ്യും (മർക്കൊസ് 10:33,34)*

അങ്ങനെ തന്നെ സംഭവിച്ചു! മർക്കൊസ് ദൃസാക്ഷി വിവരണം കൂടെ നല്കുന്നു (ആദ്യം) അവർ കോൽകൊു അവന്റെ തലയിൽ **അടിച്ചു,** അവനെ **തുപ്പി** അവനെ **പരിഹസിച്ചു** ഒടുവിലായി അവനെ **ക്രൂശിച്ചു** (മർക്കൊസ് 15:19–20).

യേശുവിന്റെ ശരീരത്തിന്മേൽ അടിച്ച റോമൻ ചാട്ടയിൽ

മൂർച്ചയുള്ള അസ്ഥിക്കഷണങ്ങളോ ലോഹക്കഷണങ്ങളോ കെട്ടിയ തോൽവാറുകൾ ഉായിരിക്കും. ഈ ചാട്ടവാറുകൾ യേശുവിന്റെ പുറവും മാറും അടിച്ചു തകർത്തു. സങ്കീർത്തന ത്തിൽ മശിഹായുടെ വാക്കുകൾ പ്രവചനമായി നല്കിയിരി ക്കുന്നു. *അവർ എന്റെ കൈകളെയും കാലുകളെയും തുളെച്ചു. എന്റെ അസ്ഥികളൊക്കെയും എനിക്കു എണ്ണാം. അവർ എന്നെ ഉറ്റുനോക്കുന്നു* (സങ്കീർത്തനം 22:16,17). അതേ, എല്ലാ വിധത്തിലും പൂർണതയുള്ളവനായിരുന്ന കർത്താവായ യേശു അതിവേദനയും വ്യഥയുമാർന്ന മരണം വരിച്ചു. അവനെ വിധേ യനാക്കിയ അതിഭയങ്കര ദണ്ഡനങ്ങൾ നിമിത്തം, അവന്റെ ശരീരം കാൽ ആളല്ല എന്നു തോന്നിപ്പോകുമായിരുന്നു.

ദൈവം നിങ്ങളെ എത്രയധികം സ്നേഹിക്കുന്നു എന്നു കൂടുതൽ നന്നായി ഗ്രഹിക്കുവാൻ ഈ വിവരണം നിങ്ങളെ സഹായിക്കുന്നുവോ?

**വൈകാരിക വ്യഥ:** ക്രൂശിതനായ യേശുവിന്റെ ശാരീ രിക വ്യഥ, മനുഷിക ബുദ്ധിക്കു മനസ്സിലാക്കാൻ കഴിയാത്ത താണെങ്കിലും അത് അവന്റെ പീഢനങ്ങളുടെ ഒരു ഭാഗം മാത്രമെ ആകുന്നുള്ളൂ. ശാരീരിക വ്യഥ, അവന്റെ ആഴമേറിയ മഹാവ്യഥയുടെ ഉപരിതലത്തെ മാത്രമെ സ്പർശിക്കുന്നുള്ളൂ.

ക്രൂശിൽ, യേശു അതിഭയങ്കരമായ വൈകാരിക വ്യഥയ നുഭവിച്ചു. ആ ഭയജനകമായ നാഴികകളിലെ സംഭവങ്ങൾ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു

*അവർ (റോമൻ പടയാളികൾ) യേശുവിന്റെ അടുക്കൽ വന്നു, അവൻ മരിച്ചുപോയി എന്നു കാൺകയാൽ, അവന്റെ കാൽ ഒടിച്ചില്ല. എങ്കിലും, പടയാളികളിൽ ഒരുത്തൻ കുന്തം കൊു അവന്റെ വിലാപ്പുറത്തു കുത്തി, ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു.* (യോഹന്നാൻ 19:33,34)

രക്തവും വെള്ളവും ഒരുമിച്ചു പുറപ്പെട്ടത്, യേശുവിന്റെ ഹൃദയം തകർന്നുപോയതു മുഖാന്തരമാണെന്നു മെഡിക്കൽ ശാസ്ത്രജ്ഞന്മാർ വിശദീകരിക്കുന്നത് ഞാൻ കേട്ടിട്ടു്.

യേശുവിന്റെ ഹൃദയം തകർന്നു, ഹൃദയത്തിലെ രക്തം ഹൃദയത്തെ ആവരണം ചെയ്തിരിക്കുന്ന ചർമ്മസഞ്ചി (Pericardium)യിലേക്കു ഒഴുകി നിറഞ്ഞിരിക്കുന്നു. എന്നു ഹൃദയവിദഗ്ധന്മാർ പ്രസ്താവിച്ചിട്ടു്. അത് നിമിത്തമാണ് പടയാളി കുന്തംകൊു യേശുവിന്റെ വിലാപുറത്തു കുത്തിയ ഉടനെ രക്തവും വെള്ളവും പുറപ്പെട്ടത്, ക്രിസ്തുവിന്റെ മരണത്തെക്കുറിച്ചുള്ള നിരവധി പ്രവചനങ്ങൾക്കൊപ്പം, 69-ാം സങ്കീർത്തനത്തിൽ ഈ ഹൃദയം തകർക്കുന്ന സംഭവം പ്രസ്താവിച്ചിട്ടു്. *'നിന്ദ എന്റെ ഹൃദയത്തെ തകർത്തു: ഞാൻ ഏറ്റവും വിഷാദിച്ചിരിക്കുന്നു'* (സങ്കീർത്തനം 69:20). അതെ, യേശുവിന്റെ അവർണ്ണനീയ വൈകാരികമായ വ്യഥ അക്ഷരാർഥത്തിൽ യേശുവിന്റെ ഹൃദയത്തെ തകർത്തു.

യേശുവിന്റെ സ്നേഹഹൃദയത്തിലേക്കു മനുഷ്യവർഗത്തിന്റെ സർവകഷ്ടങ്ങളും പ്രവേശിച്ചപ്പോൾ പാപികളിൽനിന്നു വേർപെട്ടവന്റെ (എബ്രായർ 7:26) ആത്മാവ്, മനുഷ്യന്റെ സകല അശുദ്ധിയും വഹിച്ചുകൊ് തകരുകയായിരുന്നു; അത് യേശുവിന്റെ ഹൃദയത്തെ തകർത്തു.

ദൈവം നിങ്ങളെ എത്രയധികം സ്നേഹിക്കുന്നു എന്നു കൂടുതൽ നന്നായി മനസ്സിലാക്കുവാൻ ഇത് നിങ്ങളെ സഹായിക്കുന്നുവോ?

**ആത്മീയമായ വ്യഥ:** യേശുവിന്റെ ആത്മീയവ്യഥ ഗ്രഹിക്കുന്നതിനെക്കാൾ എളുപ്പത്തിൽ അധികമാളുകൾക്കും അവന്റെ ശാരീരിക വ്യഥയെയും, വൈകാരിക വ്യഥയെയും മനസ്സിലാക്കുവാൻ കഴിയും, യേശുവിന്റെ അതിവ്യഥ. പിതാവിനോടും പരിശുദ്ധാത്മാവിനോടും അവരുായിരുന്ന നിത്യമായ കൂട്ടായ്മ വിച്ഛേദിക്കപ്പെട്ടപ്പോൾ അവനു വഹിക്കാവുന്നതിലധികമായി.

മൂന്നു മണിക്കൂർ സമയം, 12 മണിമുതൽ 3 മണിവരെ ഘോരാന്ധകാരം ഉായി, യേശു തന്റെ പിതാവാം ദൈവത്താലും പരിശുദ്ധാത്മാവാം ദൈവത്താലും കൈവിടപ്പെട്ടു.

ആ സമയം യേശു പുത്രനാം ദൈവം ഉറക്കെ നിലവിളിക്കുന്നു *'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?'* (മത്തായി 27:46)

ആ ഭയങ്കരദിനത്തിൽ, അവർണ്ണനീയ തേജസിൽ ആശ്ലേഷിതനായിരുന്ന ദൈവത്തിന്റെ നിത്യമായ ത്രിയേക ഐക്യം വിച്ഛേദിക്കപ്പെട്ടു. നിങ്ങളുടെയും എന്റെയും പാപം നിമിത്തമാണ് അത് വിച്ഛേദിക്കപ്പെട്ടത്. തന്നിമിത്തം യേശു ക്രൂശിൽ തൂങ്ങുമ്പോൾ, യേശു തന്റെ പാപമില്ലാത്ത ശരീരത്തിൽ വഹിച്ചിരുന്ന പാപത്തോടു സഹവസിക്കുവാൻ ദൈവത്തിനു സാധ്യമല്ലാതായി. ദൈവം *'പാപം അറിയാത്തവനെ, (അവൻ) നമുക്കുവേി പാപം ആക്കി'* (2 കൊരിന്ത്യർ 5:21)

യേശു ഈ വിധം മരണം വരിക്കുമ്പോൾ ലോകം മൂന്നു മണിക്കൂർ സമയം ഘോരാന്ധകാരത്താൽ വലയം ചെയ്യപ്പെട്ടതിൽ അൽഭുതമില്ല.

> സ്രഷ്ടാവാം ക്രിസ്തു സൃഷ്ടിയായ മനുഷ്യന്റെ പാപത്തിനായി മരിച്ചപ്പോൾ, സൂര്യൻ അന്ധകാരത്തിൽ മറഞ്ഞതും തന്റെ ശോഭയെ മറച്ചതും നന്നായി – ഐസക്‌വാട്ടസ് (1674–1748)

*'ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല'* (1 യോഹന്നാൻ 1:5). ദൈവത്തിന്റെ വിശുദ്ധിയുടെ വെളിച്ചവും മനുഷ്യന്റെ പാപാവസ്ഥയുടെ അന്ധകാരവും ഒരിക്കലും ഒരുമിച്ചു വസിക്കുക സാധ്യമല്ല, വെളിച്ചം വരുമ്പോൾ ഇരുൾ അപ്രത്യക്ഷമാകുന്നതുപോലെ വെളിച്ചം ഇല്ലാതാകുമ്പോൾ ഇരുട്ട് വ്യാപിക്കും. നഷ്ടപ്പെട്ട മനുഷ്യവർഗത്തിന്റെ പാപം യേശു വഹിച്ചപ്പോൾ അന്ധകാരമാണ് വിജയം നേടിയത്.

ദൈവത്തിന്റെ വീടെുപ്പിൻ സ്നേഹത്തിന്റെ വെളിച്ചത്തിൽനിന്നു തിരിഞ്ഞുപോകുന്ന ഏതൊരു മനുഷ്യന്റെയും ജീവിതത്തിൽ ഈ ആത്മീയാന്ധകാരം ഭരണം നടത്തുന്നു. അർധരാത്രിയെക്കാൾ കട്ടിയുള്ള ഘോരാന്ധകാരം ഭീതിദായകമായ ഏകാന്തത കാലത്തെക്കാൾ ദൈർഘ്യമേറിയത്

ഇതാണ് പാപിയുടെ ഭാവി. '*ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുട്ടിനെ സ്നേഹിച്ചത് തന്നേ*' (യോഹന്നാൻ 3:19) യേശുവിനെ വിട്ടുതിരിയുന്നവർ ആത്മീയാന്ധകാരത്തിലും, മരണത്തിലും, ആത്മീയ മരണത്തിലും നിത്യമരണത്തിലും അവസാനിക്കും. യേശുവിങ്കലേക്കു തിരിയുന്നവർ ആത്മീയ ജീവനിലേക്കും നിത്യജീവനിലേക്കും നടത്തപ്പെടും.

**ജയവീരന്റെ പ്രഖ്യാപനം**

ഭയാനകമായ അന്ധകാരത്തിന്റെ മൂന്നു മണിക്കൂറുകൾക്കു ശേഷം യേശു വിലാപസ്വരത്തിൽ '*ഞാൻ അവസാനിച്ചു*' എന്നല്ല വിളിച്ചുപറഞ്ഞത് എന്നതാണ് നമുക്കു സുവാർത്ത. ഇല്ല നിശ്ചയമായും അതല്ല സംഭവിച്ചത്. സ്നേഹത്തിന്റെ വീടെടുപ്പിൻ പ്രവൃത്തി നിവർത്തിക്കപ്പെട്ടു. ഇതാ യേശു വിജയത്തിന്റെ പ്രഖ്യാപനം നടത്തുന്നു '*നിവൃത്തിയായി!*' (യോഹന്നാൻ 19:36).

**നിങ്ങളുടെയും എന്റെയും പാപത്തിന്റെ വില പൂർണമായും കൊടുത്തു തീർത്തു – നിവൃത്തിയായി!**

യേശുവിന്റെ വീടെടുപ്പിൻ പ്രവൃത്തി പൂർത്തിയാക്കി കഴിഞ്ഞപ്പോൾ, ദൈവികത്രിത്വത്തിൽ കർത്താവായ യേശു അനുഭവിച്ചിരുന്ന വെളിച്ചത്തിന്റെ കൂട്ടായ്മ എന്നേക്കുമായി പുനഃസ്ഥാപിതമായി. (യോഹന്നാൻ 17:5). നമ്മുടെ പാപത്തിനുവേ നിങ്ങളോ, ഞാനോ ചെയ്യേതായി ഇനി ഒന്നും ശേഷിച്ചിട്ടില്ല. നിങ്ങൾക്കുവേ യേശു പൂർത്തിയാക്കിയ പ്രവൃത്തിയെ അസാധുവാക്കാൻ സാത്താന് സാധ്യമല്ല. സ്പഷ്ടമായ് സാത്താന്റെ വിഷമുള്ള് നശിപ്പിക്കപ്പെട്ടു.

**മരണം, മരണത്തിന്റെ അധികാരിയെ കീഴടക്കുന്നു.**

ദൈവം, '*ജഢരക്തങ്ങൾ*' ധരിച്ചതിന്റെ കാരണം നിങ്ങളുടെയും എന്റെയും പാപത്തിനുവേ മരിക്കുക എന്നതുമാത്രമായിരുന്നില്ല, പിന്നെയോ '*മക്കൾ ജഢരക്തങ്ങളോടുകൂടി*

*യവർ ആകകൊ് അവനും അവരെപോലെ ജഡരക്തങ്ങ ളോടുകൂടിയവരായി മരണത്തിന്റെ അധികാരിയായ പിശാ ചിനെ തന്റെ മരണത്താൽ നീക്കേ തിനത്രേ'* അവൻ വന്നത് (എബ്രായർ 2:14)

ഗോല്യാത്തിനെ കൊല്ലുന്നതിന്, ദാവീദ് ഗോല്യാത്തിന്റെ വാൾ തന്നെ ഉപയോഗിച്ചതുപോലെ സാത്താന്റെ ആയുധമായ മരണത്തെ എടുത്ത് സാത്താനെ തോൽപിച്ചു.

മനുഷ്യന്റെ, സ്ത്രീ പുരുഷന്മാരുടെ യഥാർഥ വിമോച കൻ യേശുമാത്രമാണ്. യേശു, ദൈവം അയച്ച വീടെുപ്പുകാര നാണ്. നിത്യമരണത്തിൽനിന്നും ആത്മിക ബന്ധനത്തിൽ നിന്നും വിടുവിപ്പാൻ കഴിവുള്ളത് യേശുവിനു മാത്രമാണ്. ദൈവത്തിനെതിരെ മത്സരിച്ച സകല മനുഷ്യനുവേിയും സാത്താൻ നല്കുന്നത് നിത്യമരണമാണ്. ദൈവം സ്വന്തരൂപ ത്തിലും സ്വന്തദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ, യേശു സാത്താന്റെ അടിമത്ത്വത്തിൽനിന്നു വീടെുത്തു.

യേശു, മനുഷ്യശരീരത്തിലും മനുഷ്യാസ്ഥിയിലും തന്നെ സാത്താനെ തോൽപിച്ചു. യേശു മരണത്തെ ജയിച്ചു, കല്ലറ യിൽനിന്നു ഉയർത്തെഴുന്നേറ്റു. യേശുവിന്റെ സ്വർഗാരോഹണ ത്തെക്കുറിച്ചു നാം വായിക്കുന്നു. 'യേശു മുൻകൂട്ടി നമുക്കു വേി സ്വർഗത്തിൽ പ്രവേശിച്ചിരിക്കുന്നു. (എബ്രായർ 6:20). സ്വർഗത്തിൽ ആദ്യമായി **കുറ്റമില്ലാത്തവനും പാപമില്ലാത്ത വനും സമ്പൂർണനും** ആയ ഒരു മനുഷ്യൻ പ്രവേശിച്ചു! ക്രൂശിൽ ക്രിസ്തുവിന്റെ മരണം മുഖാന്തരം, മറ്റുള്ളവർക്കു പ്രവേശിപ്പാനായി, അവൻ ഒരു വഴി തുറന്നിരിക്കുന്നു.

*യേശു തന്നെ വാസ്തവമായി സ്നേഹിക്കുന്നു എന്നു ചാൾസ് വെസ്ലിക്കു സമ്പൂർണബോധ്യം ഉായിരുന്നു. 'ആശ്ച ര്യകരമായ സ്നേഹം! എന്റെ ദൈവമേ, അങ്ങ് എനിക്കുവേി മരിച്ചു. അത് എങ്ങനെ സംഭവിച്ചു?' -എന്ന് അദ്ദേഹം എഴുതി:*

*എന്നാൽ, ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു.*
*എന്നാൽ ക്രിസ്തു നിദ്രകൊവരിൽ ആദ്യഫല*

*മായി മരിച്ചവരുടെ ഇടയിൽനിന്നു ഉയർത്തിരിക്കുന്നു. മനുഷ്യൻമൂലം മരണം ഉായാൽ, മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും (1 കൊരിന്ത്യർ 15:20–21)*

പരേതനായ ഡോ. സാംഗ്സ്റ്റർ ഉജ്ജ്വല വാഗ്മിയായിരുന്നു. കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെക്കുറിച്ചു വർണിക്കുന്നതിന് അദ്ദേഹം തന്റെ വെള്ളിനാവ് ഉപയോഗിച്ചിരുന്നു. എന്നാൽ മരണത്തിനു മുമ്പ്, ക്യാൻസർ ബാധിച്ച് അദ്ദേഹത്തിന് അശേഷം സംസാരിക്കാൻ കഴിയാതെയായി. സ്വർഗത്തേക്കു പോകുന്നതിനു മുമ്പ് അദ്ദേഹം തന്റെ മകളോട് ആംഗ്യം കാണിച്ചു പെൻസിലും പേപ്പറും ചോദിച്ചു. ആ ഈസ്റ്റർ ഞായറാഴ്ച പ്രഭാതത്തിൽ അദ്ദേഹം എഴുതി, *'ഉച്ചത്തിൽ ഘോഷിക്കുന്നതിന് ആഗ്രഹമില്ലാത്ത നാക്ക് ഉാകുന്നതിനെക്കാൾ, ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന് ഉച്ചത്തിൽ ഘോഷിക്കുവാനുള്ള ആഗ്രഹവും നാക്കും ഉായിരിക്കുന്നത് എത്രയോ ശ്രേഷ്ഠം!'*

വ്യാജാരോപണങ്ങൾക്കു പ്രതിവാദം പറയുവാൻ അപ്പോസ്തലനായ പൗലൊസ് അഗ്രിപ്പാ രാജാവിന്റെ മുമ്പിൽ നിന്നുകൊ്, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെക്കുറിച്ചും അവന്റെ പുനരുത്ഥാരണത്തെക്കുറിച്ചും ഇപ്രകാരം പ്രഖ്യാപിച്ചു. *'ക്രിസ്തു കഷ്ടം അനുഭവിക്കുകയും **മരിച്ചവരുടെ പുനരുത്ഥാനത്തിൽ ആദ്യനായി** ജനത്തോടും ജാതികളോടും വെളിച്ചം അറിയിക്കയും ചെയ്തു.' (പ്രവൃത്തികൾ 26:23)*

യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മുമ്പ് മറ്റു ചിലർ ശാരീരികമായി ഉയിർത്തെഴുന്നേറ്റു എന്നു പുതിയനിയമം പറയുന്നു. ലാസർ, യായീറോസിന്റെ മകൾ, നയിനിലെ വിധവയുടെ മകൻ ഇവർ അങ്ങനെ ഉയിർത്തെഴുന്നേറ്റതാണ്. യേശു അവരെ ഉയർത്തെഴുന്നേല്പിച്ചു എങ്കിലും, ചില വർഷങ്ങൾക്കുശേഷം അവർ വീും മരിച്ചു. എന്നാൽ കർത്താവായ

യേശുക്രിസ്തുവിനെ സംബന്ധിച്ച് അങ്ങനെ സംഭവിച്ചില്ല. ഇന്നു യേശു ശാരീരികമായി ജീവിച്ചിരിക്കുന്നു എന്നു മാത്രമല്ല, മരിച്ചവരിൽനിന്ന് ആദ്യനായി ഉയർത്തെഴുന്നേല്ക്കുകയും ചെയ്തിരിക്കുന്നു, ആത്മീയമായും നിത്യമായും ജീവിക്കുന്നു. മരണത്തിന്റെയും ദ്രവത്വത്തിന്റെയും കല്ലറ, ജീവന്റെ സ്രഷ്ടാവിനെ കാരാഗ്രഹത്തിലൊതുക്കുവാൻ സാധിക്കുമോ? കർത്താവായ യേശുക്രിസ്തു സ്രഷ്ടാവാം ദൈവമായതിനാൽ അവൻ ഒന്നുമില്ലായ്മയിൽനിന്നു ജീവൻ ഉളവാക്കി. യേശു സമ്പൂർണ്ണ മനുഷ്യനായതിനാൽ അവൻ രക്ഷിതാവാം ദൈവമാണ്. അങ്ങനെ കല്ലറയിൽ നിന്നു ജീവൻ ഉളവായി, വിശ്വാസത്താൽ തന്നെ കൈക്കൊള്ളുന്ന സകലർക്കും സ്വർഗത്തിലേക്കുള്ള പാതയൊരുക്കി അവർക്ക് ഈ വാഗ്ദത്തം നല്കപ്പെട്ടിരിക്കുന്നു.

> *കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്ത്രുവിനോടു കൂടെ ജീവിപ്പിക്കും, കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗത്തിൽ ഇരുത്തുകയും ചെയ്തു (എഫെസ്യർ 2:4–7).*

കൊരിന്ത്യയിലെ വിശ്വാസികളോട് അവൻ ക്രിസ്തുവിൽ വിശ്വസിച്ചതിനാൽ, പാപത്തിന്റെ ഭവിഷ്യത്തുകളിൽനിന്നു വിടുവിക്കപ്പെട്ടിരിക്കുന്നു എന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നു: *'ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയർത്തെഴുന്നേല്ക്കയും ചെയ്തു'* (1കൊരിന്ത്യർ 15:3,4,). ഇന്നു സകലവിശ്വാസികളും *'ക്രിസ്തു എന്റെ പാപങ്ങൾക്കുവേി മരിച്ചു, ഉയിർത്തെഴുന്നേറ്റു'* എന്ന മഹത്ത്വകരമായ സത്യം അംഗീകരിക്കുന്നു.

### ഒന്നാം ദിവസം മുതൽ മൂന്നാം ദിവസം വരെ

ക്രൂശിൽ മരിച്ചതുമുതൽ മൂന്നുദിവസത്തിനുശേഷം ഉയിർത്തെഴുന്നേറ്റതുവരെ കർത്താവായ യേശുക്രിസ്തുവിനു

എന്തു സംഭവിച്ചു എന്നു നിങ്ങൾ അൽഭുതപ്പെടുന്നുവോ? ഇതേ ചോദ്യം പ്രതീക്ഷിച്ചുകൊു തന്നെ ദൈവം അതിനു ഉത്തരം നല്കിയിരിക്കുന്നു:

*കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നു വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറെക്കേതിനു സ്വർഗാധിസ്വർഗത്തിനു മീതെ കയറിയവനും ആകുന്നു. (എഫെസ്യർ 4:9,10)*

അതേ, കർത്താവായ ക്രിസ്തുസ്വർഗത്തിലേക്കു കയറുന്നതിനു മുമ്പേ, അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്കു ഇറങ്ങി എന്നു വേദപുസ്തകം പറയുന്നു. അതിനുശേഷം വിശ്വസിച്ചുകൊു മരിച്ച പഴയനിയമ വിശുദ്ധന്മാരെ നിയമിച്ചുകൊ് ക്രിസ്തു വിജയശ്രീലാളിതനായി സ്വർഗത്തിലേക്കു കയറി. മരണത്തിൽ മഹത്ത്വത്തിലേക്കുള്ള കവാടം തുറക്കുന്നു എന്ന് ഇന്നു വിശ്വാസികൾ അറിയുന്നു. ക്രിസ്തു നമുക്കുവേി ശാരീരിക മരണത്തിന്മേലും ആത്മീയ മരണത്തിന്മേലും വിജയം വരിച്ചു.

*ഹേ, മരണമേ നിന്റെ ജയം എവിടെ? ഹേ, മരണമേ നിന്റെ വിഷമുള്ളു എവിടെ? മരണത്തിന്റെ വിഷമുള്ള് പാപം; പാപത്തിന്റെ വിഷമുള്ള് ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം* (1 കൊരിന്ത്യർ 15:55-57)

## ക്രിസ്തുവിന്റെ സ്നേഹത്താലുള്ള മരണപത്ര വാഗ്ദത്തം

കർത്താവായ യേശുക്രിസ്തു സ്വർഗത്തിലേക്കു വഴിതുറന്നു. ഇപ്പോൾ നമുക്ക് അവൻ നേടിയ ജയത്തെ അനുഗമിച്ചു പോകുവാൻ കഴിയും എന്നത് എത്രയോ അൽഭുതകരം.

ക്രിസ്തുവിന്റെ മരണത്തിനു മുമ്പ് തനിക്കുള്ളവരോടുള്ള സ്നേഹം മുഖാന്തരം ഞാൻ സ്വർഗാരോഹണം ചെയ്തശേഷം ഭൂമിയിലെ വിശ്വാസികൾക്കു പരിശുദ്ധാത്മാവിനെ അയച്ചു തരാമെന്നു വാഗ്ദത്തം നല്കിയിരിക്കുന്നു. ശിഷ്യന്മാരോട് യേശു പറഞ്ഞു.

*എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞു. യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു. (യോഹന്നാൻ 7:38,39)*

*ഇപ്പോഴോ ഞാൻ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം. ഞാൻ പോയാൽ അവനെ (സത്യത്തിന്റെ ആത്മാവിനെ) നിങ്ങളുടെ അടുക്കൽ അയക്കും. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല അവൻ എന്നെ മഹത്വപ്പെടുത്തും (യോഹന്നാൻ 16: 5, 14; 16:17; 16:7,14).*

തന്റെ മരണത്തിൽ പിതാവ് മഹത്ത്വപ്പെട്ടത് എങ്ങനെ എന്നു നാം മനസ്സിലാക്കിയല്ലോ. ഇപ്പോൾ നിങ്ങൾ ചോദിച്ചേക്കാം പരിശുദ്ധാത്മാവിനെ നിങ്ങൾക്കും എനിക്കും നല്കുന്നതിനാൽ യേശു എങ്ങനെ മഹത്ത്വപ്പെടും?

ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ദൈവസ്നേഹം പ്രവഹിക്കുന്നതിനാൽ, അതു മുഖാന്തരം യേശു മഹത്ത്വപ്പെടുന്നു. *'ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ'* (റോമർ 5:5) എന്നു നാം വായിക്കുന്നു. പരിശുദ്ധാത്മാവ് നമ്മളിൽ യാഥാർഥ്യമാക്കിയ ദൈവത്തിന്റെ അധിവസിക്കുന്ന സ്നേഹം മനുഷ്യന് അതിശ്രേഷ്ഠമായതാണ്. ക്രൂശിൽ ക്രിസ്തു നിവർത്തിച്ച പ്രവൃത്തിയോടു വിശ്വാസത്താൽ നാം പ്രതികരിക്കുമ്പോൾ, കർത്താവായ യേശു പരിശുദ്ധാത്മാവിന്റെ ആളത്വത്തിൽ മറ്റുള്ളവരെ നിങ്ങളിലൂടെ സ്നേഹിക്കുവാൻ ആരംഭിക്കും. എത്ര അൽഭുതകരം!

ക്രിസ്തു നിങ്ങളുടെ പാപങ്ങൾക്കുവേി മരിച്ചു എന്നു വിശ്വസിക്കുക; ആ സത്യത്തിനായി നിങ്ങളുടെ ഹൃദയങ്ങളിൽ

ദൈവത്തിനു സ്തോത്രമർപ്പിക്കുക; ദൈവത്തിന്റെ, പാപക്ഷമെക്കും രക്ഷയുടെ സ്നേഹത്തിനായും ദൈവത്തെ സ്തുതിക്കുക.

കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിധ്യത്തിൽ നിങ്ങൾ നിങ്ങളുടെ ജീവിതത്തെ സമർപ്പിക്കുന്നു എങ്കിൽ, സ്നേഹമില്ലാത്ത ലോകത്തിൽ നിങ്ങൾ ദൈവത്തിന്റെ സ്നേഹ വാഹികൾ ആയിത്തീരും.

മഹാപണ്ഡിതനായ ഒരു ജർമ്മൻ ദൈവശാസ്ത്രജ്ഞനോട്, ദൈവത്തെക്കുറിച്ച് നിങ്ങളുടെ ഏറ്റവും ആഴമേറിയ ചിന്ത എന്താണ്? എന്നു ചോദിച്ചു അൽഭുതകരമെന്നു പറയട്ടെ, കുഞ്ഞുങ്ങളുടെ ഒരു പല്ലവിയായിരുന്നു അദ്ദേഹത്തിന്റെ മറുപടി: *'യേശു എന്നെ സ്നേഹിക്കുന്നു. അത് എനിക്കറിയാം, എന്റെ വേദപുസ്തകം അങ്ങനെ എന്നോടു പറയുന്നു.'*

**അതെ, ദൈവം വാസ്തവമായി എന്നെ സ്നേഹിക്കുന്നു!**

**അതെ, ദൈവം വാസ്തവമായി നിങ്ങളെ സ്നേഹിക്കുന്നു!**

ഓ, രക്ഷാപദ്ധതി ആവിഷ്ക്കരിച്ച സ്നേഹമേ, ഓ, അത് മനുഷ്യനിലേക്കു കൊുവന്ന കൃപയേ, കാൽവരിയിൽ ദൈവം ആ വിടവു നികത്തിയല്ലോ. മഹാകരുണ അവിടെ കാണിച്ചു; കൃപ സൗജന്യമായി നല്കി, പാപക്ഷമ എനിക്കു വർധിപ്പിച്ചു നല്കി കാൽവരിയിൽ ഭാരപ്പെട്ടിരുന്ന എന്റെ ആത്മാവ് സ്വാതന്ത്ര്യം കത്തെി!

## *ഇറാക്കിൽ നിന്നൊരുകത്ത്.*

*'ഞാൻ ഒരു മുസ്ലീം ഭവനത്തിലായിരുന്നു. മുസ്ലീം എന്ന നിലയിൽ പ്രാർഥിക്കുന്നതിനും ഉപവസിക്കുന്നതിനും എന്റെ കുടുംബം എന്നെ പഠിപ്പിച്ചിരുന്നു. ഞാൻ മുസ്ലീം സ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്തു. എന്റെ മുഖത്ത് നോക്കി ഒരു പുരുഷൻ പാപം ചെയ്യാതിരിക്കേതിനു ഞാൻ മുഖം മൂടിയിരുന്നു. പ്രത്യേകിച്ചു ജോലിയില്ല. എനിക്കു സമയം ധാരാളമുായിരുന്നു. റേഡിയോയിൽ നിരവധി ബൈബിൾ വചന*

*ങ്ങൾ കേട്ടു. എന്റെ സഹോദരഭാര്യയുടെ പക്കൽ ഭംഗിയുള്ള ചില സ്റ്റിക്കറുകൾ കു. അവരുടെ വിലാസം വെച്ചു ഞാൻ ആദ്യത്തെ കത്തയച്ചു. നിങ്ങളുടെ കത്തിനോടൊപ്പം 'ദൈവത്തിനുവേിയുള്ള അന്വേഷണം' എന്ന പുസ്തകവും ലഭിച്ചു.*

*'ദൈവത്തിനുവേിയുള്ള അന്വേഷണം' എന്താണെന്നു മനസ്സിലാക്കുവാൻ ഞാൻ ശ്രമിച്ചു. ദൈവം വാസ്തവമായി എന്നെ സ്നേഹിക്കുന്നുവോ? എന്നു 7-ാം അധ്യായത്തിൽ ഒരു ചോദ്യം കു നിങ്ങൾക്കുവേി ക്രൂശിൽ ദൈവം ചെയ്ത കാര്യവും അവൻ നിങ്ങളെ സ്നേഹിക്കുന്നു എന്ന് കാണിക്കുന്നു, നിങ്ങൾ ക്രൂശിന്റെ അർഥം മനസ്സിലാക്കുമ്പോൾ, ദൈവം നിങ്ങളെ സ്നേഹിക്കുന്നു എന്നതിന് വേറെ തെളിവുകളൊന്നും ആവശ്യമില്ല.*

*ഞാൻ ഈ അധ്യായം നൂറു പ്രാവശ്യത്തിലധികം വായിച്ചിട്ടു്. ക്രൂശ് മാത്രമാണ് എനിക്കുള്ള ഏകമാർഗം എന്നു ഞാൻ മനസ്സിലാക്കി.*

*ട്രാൻസ് വേൾഡ് റേഡിയോ റിപ്പോർട്ട്.*

## ഒരുനിമിഷം നില്ക്കുക: ചിന്തിക്കുക

1. നിങ്ങൾ ആരെയെങ്കിലും സ്നേഹിക്കുന്നു എന്നു തെളിയിക്കുന്നതിന് ഉത്തമമാർഗം എന്താണ്?
   നിങ്ങൾ പറയുന്ന വാക്കുകളാണോ?
   നിങ്ങൾ ചെയ്യുന്ന പ്രവൃത്തികളാണോ?
2. ദൈവം നിങ്ങളോടുള്ള തന്റെ സ്നേഹം തെളിയിച്ച തെങ്ങനെ?
3. ദൈവസ്നേഹത്തോടു നിങ്ങൾ വ്യക്തിപരമായി പ്രതികരിക്കുന്നതെങ്ങനെ?

ഓപ്പറേഷൻ റൂമിലെ ഇലക്ട്രോണിക്ക് അന്തരീ
ക്ഷത്തിൽ എല്ലാ സർജന്മാരും രക്തവും
ജീവനും ഒന്നാണെന്നു മനസ്സിലാക്കുന്നു. ഇവ
വേർതിരിക്കാനാവാത്തതാണ്. ഏതെങ്കിലു
മൊന്ന് നഷ്ടപ്പെട്ടാൽ നിങ്ങൾക്ക് രും നഷ്ട
പ്പെടുന്നു

ഡോ. പോൾ ബ്രാൻഡ്

## അധ്യായം 8

# എനിക്കു ജീവൻ എവിടെ കണ്ടെത്താൻ കഴിയും?

സമയം അർധരാത്രിയോടടുക്കുകയാണ്. പതിനെട്ടുമണിക്കൂർ ക്ഷീണിപ്പിക്കുന്ന ട്രെയിൻ യാത്ര, നൂറ്കണക്കിനു സഹയാത്രികരോടൊപ്പം, എന്റെ ഭാര്യയും ഞാനും പാരിസിലെ ഗാരെസെന്റ് ലാസരെ റെയിൽവെ സ്റ്റേഷനിൽ എത്തി. റെയിൽവെ ഉദ്യോഗസ്ഥർ ടിക്കറ്റ് ബാരിയർ തുറക്കുന്നതിനു ഞങ്ങൾ ക്ഷമയോടെ കാത്തുന്നിന്നു. ഞങ്ങൾക്കു അടുത്ത ട്രെയിൻപിടിക്കണം. ഞങ്ങൾക്ക് ചുറ്റുമുായിരുന്നവർ ബഹുഭൂരിപക്ഷവും യുവജനങ്ങളായിരുന്നു. ഡൊറോത്തിയും ഞാനും അവരോടൊപ്പം ഇടകലർന്നു നീങ്ങുമ്പോൾ യൂറോപ്പിലെ എല്ലാ രാജ്യങ്ങളിൽ നിന്നുള്ളവരും കൂട്ടത്തിലുായിരുന്നു എന്നു ഞങ്ങൾക്കു മനസ്സിലായി. ചില ആൺകുട്ടികളും പെൺകുട്ടികളും, തങ്ങളുടെ ബാഗുകൾ തലയിണയായിവെച്ചു ഉറങ്ങാൻ ശ്രമിച്ചു. കല്ലുപാകിയ നിലത്തു അവർ പലരും കിടന്നപ്പോൾ സ്നേഹിതർ അവർക്കു ചുറ്റും നിന്നു. വെള്ളം കുടിക്കുകയോ സാൻവിച്ച് കഴിക്കുകയോ ചെയ്തിരുന്നു.

ഞങ്ങളുടെ കാത്തിരിപ്പിനിടയിൽ ഞങ്ങൾ യുവജനങ്ങളോട് സംസാരിക്കുകയും ചിരിക്കുകയും ചെയ്തു അവർ യൗവ്വ

നസഹജമായ ആവേശത്തിലായിരുന്നു എങ്കിലും, തങ്ങൾ അന്വേഷിക്കുന്ന 'ജീവൻ' ഇതുവരെയും തങ്ങൾക്കു കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്ന ബോധം അവർക്കുായിരുന്നു. അധികം താമസിയാതെ, ഡൊറോത്തിയോടും എന്നോടുമൊപ്പം യാത്രചെയ്യുന്ന വ്യക്തിയോടു കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ഞങ്ങളുടെ സംഭാഷണം തിരിഞ്ഞു.

ഞങ്ങളുടെ സംഭാഷണത്തിനിടെ അസ്വസ്ഥരും സാഹസികരുമായ ചില യുവജനങ്ങൾ ജീവൻ കത്തെുന്നതിനുള്ള തങ്ങളുടെ ആഗ്രഹം ഞങ്ങളോടു പങ്കുവെച്ചു. അടുത്ത പട്ടണത്തിലായിരിക്കും അതു കത്തെുക എന്നു ചിലർ പ്രത്യാശിച്ചു. മറ്റു ചിലരാകട്ടെ അടുത്ത സൗഹൃദബന്ധത്തിലായിരിക്കാം എന്നു പ്രതീക്ഷിച്ചു. അടുത്ത മയക്കുമരുന്നു പാർട്ടിയിലോ മദ്യസല്ക്കാരത്തിലോ അതു കത്തൊൻ കഴിയുമെന്നു ചിലർ വിശ്വസിച്ചു. മാരകരോഗങ്ങൾ തങ്ങളെ പിടികൂടുമോ എന്നായിരുന്നു ചിലരുടെ ഭീതി.

ആഫ്രിക്കൻ കുഗ്രാമങ്ങളിൽ ഈ ഭയങ്കര വ്യാധിയെ 'ശോഷിച്ച മനുഷ്യന്റെ രോഗം' എന്നാണു പറയുന്നത്. മെഡിക്കൽ ഭാഷയിൽ എച്ച്. ഐ. വി. പോസിറ്റീവ് എന്നു പറയുന്നു. അത് ഒരു പുരുഷനിലോ സ്ത്രീയിലോ ആൺകുട്ടിയിലോ പെൺകുട്ടിയിലോ ശരിയായി ബാധിച്ചുകഴിയുമ്പോൾ എയ്ഡ്സ് എന്നു പറയുന്നു. ഈ രോഗം ബാധിച്ചു കഴിഞ്ഞാൽ അത് വിനാശകരമാണ്! എയ്ഡ്സ് ബാധ ഒരു രക്തവ്യാധിയാകുന്നു എന്നു ലോകമെങ്ങും ജനങ്ങൾ അറിയുന്നു. രക്തധാര ജീവന്റെ ശുദ്ധീകരണ നദിയായിരിക്കുമ്പോൾ ഇപ്പോഴത് മരണത്തിന്റെ അശുദ്ധ നദിയായിത്തീർന്നിരിക്കുന്നു.

രക്തം സുപ്രധാനമായ ഒരു ജീവദായകധാരയാണെങ്കിലും, എന്നെ സംബന്ധിച്ചു രക്തത്തിന്റെ ദൃശ്യം വെറുപ്പിക്കുന്ന പ്രതികരണമാണുളവാകുന്നത്. എന്റെ ഈ വൃഥാഭയത്തെ ജയിക്കുന്നതിനുള്ള ധീരശ്രമത്തിൽ ലനിലെ ഒരു ആശുപത്രിയിലെ ഓപ്പറേഷൻ രംഗം വീക്ഷിക്കുന്നതിനുള്ള ക്ഷണം ഞാൻ സ്വീകരിച്ചു. ശസ്ത്രക്രീയക്കുപയോഗിക്കുന്ന മൂർച്ചയേറിയ

കത്തി രോഗിയുടെ ത്വക്കിനെ സ്പർശിച്ചതും ഞാൻ ബോധര ഹിതനായി. ഞാൻ വിയർത്തു വിറങ്ങലിച്ചു വിയർപ്പിൽകു ളിച്ചതുക എന്റെ ഡോക്ടർ സ്നേഹിതൻ, ആ സ്ഥാനത്തു നിന്നു മാറിപ്പോകാൻ എന്നെ ഉപദേശിച്ചു. എന്നെ ആരും നിർബന്ധിക്കേ തായി വന്നില്ല!

രക്തത്തിന്റെ ദൃശ്യത്തോടു ഒരു വ്യക്തിയുടെ പ്രതികണം എന്തായാലും, രക്തം ഛർദിച്ചു ഗുരുതരാവസ്ഥയിലായ ഒരു മനുഷ്യന്റെ ജീവനും ആരോഗ്യവും ഒരു രക്തസംക്രമണ ത്താൽ ഇന്നു പുനഃസ്ഥാപിക്കുവാൻ കഴിയും. ആധുനിക ശാസ്ത്രജ്ഞാനത്തിൽ ആരോഗ്യവാനായ ഒരു മനുഷ്യന്റെ രക്തധമനിയിൽനിന്നു എടുക്കുന്ന രക്തം, മരണാസന്നനോ ഗുരുതരാവസ്ഥയിലായതോ ആയ ഒരു രോഗിക്കു ജീവദായക നദിയായി അവന്റെ സിരകളിൽ നല്കാവുന്നതാണ്.

രക്തത്തിന്റെ രഹസ്യങ്ങളെയും അൽഭുതങ്ങളെയും മെഡിക്കൽ സയൻസ് വെളിപ്പെടുത്തുന്നതിനു എത്രയോ മുമ്പ്, ദൈവം തന്നെ പ്രഖ്യാപിച്ചു; *'മാംസത്തിന്റെ ജീവൻ രക്ത ത്തിൽ അല്ലോ ജീവിക്കുന്നത്'* (ലേവ്യാ 17:11). രക്തത്തിൽ ജീവന്റെ സത്ത ഉൾക്കൊള്ളുന്നു എന്നു ഡോ. പോൾ ബ്രൻഡ് സമ്മതിക്കുന്നു. *'ഓപ്പറേഷൻ റൂമിലെ ഇലക്ട്രോണിക്ക് അന്ത രീക്ഷത്തിൽ എല്ലാ സർജന്മാരും രക്തവും ജീവനും ഒന്നാ ണെന്നു മനസ്സിലാക്കുന്നു. ഇവ വേർതിരിക്കാനാവാത്തതാണ്. ഏതെങ്കിലുമൊന്നു നഷ്ടപ്പെട്ടാൽ, നിങ്ങൾക്കു രും നഷ്ട പ്പെടുന്നു.'*

എച്ച്. ഐ. വി. അണുബാധ, സമ്പർക്കത്താൽ രക്തമാ ലിന്യം സംഭവിക്കുന്നതാണ് എങ്കിലും, സാർവത്രികമായ മറ്റൊരു രോഗം ്‌ എന്ന വസ്തുത അനേകരും അറിയുന്നി ല്ല. *'ഭൂതലത്തിൽ കുടിയിരിപ്പാൻ ദൈവം ഒരുത്തനിൽനിന്നു (ഒരേരക്തത്തിൽനിന്ന്) മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി'* (പ്രവൃത്തി 17:26) എന്നതിനാൽ, ഈ മാരകമാലിന്യം സകലമ നുഷ്യവർഗത്തെയും ബാധിച്ചിരിക്കുന്നു. ബൈബിളിൽ അറി

വിന്റെ ഉറവിടം ആദാമിലാണ് സകല തലമുറകളുടെയും ആദ്യ പിതാവിലാണ് ക െ ത്തി യി രിക്കുന്നത്.

*ഒന്നാം മനുഷ്യനായ ആദാം* (1 കൊരിന്ത്യർ 15:45) പാപം ചെയ്തപ്പോൾ, സകല ദേശങ്ങളിലും അധിവസിക്കുന്ന സകലമനുഷ്യവർഗവും സകല തലമുറകളും മരണവിധിക്കധീനരായി. വേദപുസ്തകം വ്യക്തമായിപറയുന്നു: *ആദാമിൽ എല്ലാവരും മരിക്കുന്നു* (1കൊരിന്ത്യർ 15:22). മലിന രക്തത്താൽ, ശരീരത്തിലാകമാനം എയ്ഡ്സ് മുഖേന മരണം വ്യാപിക്കുന്നതുപോലെ, പാപം മുഖാന്തരമുായ ഈ മലിനീകരണം ഒരു തലമുറയിൽനിന്നു അടുത്ത തലമുറയിലേക്കു പകർന്ന് നല്കപ്പെടുന്നു. അത് അങ്ങനെ അല്ലാതിരുന്നെങ്കിൽ ശാരീരിക രോഗത്തിന്റെയും മരണത്തിന്റെയും താഴ്വരയിലൂടെ കടക്കാതെ ആളുകൾ നേരെ സ്വർഗത്തിലേക്കു പോകുമായിരുന്നു. പക്ഷേ, കാര്യം അങ്ങനെയല്ല.

എന്നാൽ, ദൈവത്തിനു സ്തോത്രം, യേശു ജനിച്ചപ്പോൾ മനുഷ്യവർഗത്തിനു ജീവദായകമായ രക്തനദി നല്കപ്പെട്ടു. അത് സംഭവിച്ചത് ഇങ്ങനെയാണ്. മറിയയോട്, അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കുമെന്നും അവന് *'യേശു'* എന്നു പേർവിളിക്കേണമെന്നും ഗബ്രിയേൽ ദൂതൻ അറിയിച്ചു. ചാരിത്രവതിയും അവിവാഹിതയുമായ ഒരു കന്യകയോട് ഗബ്രിയേൽ, അവളുടെ ഗർഭധാരണം എങ്ങനെ ആയിരിക്കുമെന്നു വിവരിച്ചു.

> *പരിശുദ്ധാത്മാവ് നിന്റെമേൽ വരും അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും ആകയാൽ ഉൽഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും (ലൂക്കൊസ് 1:35)*

പരിശുദ്ധാത്മാവിൻ ബീജവും സ്ത്രീയുടെ ബീജവും സംയോജിപ്പിക്കപ്പെട്ടു. ഈ അൽഭുതസംഭവത്താൽ ദൈവത്തിന്റെ ജീവൻ മനുഷ്യവർഗത്തിനുലഭ്യമായി. ആ ശിശു മറിയയുടെ ഗർഭപാത്രത്തിൽ വളരുവാൻ ആരംഭിച്ചപ്പോൾ, ആ ഭ്രൂണ

ത്തിൽ സംക്രമിച്ച രക്തം ദൈവത്തിന്റെ വിലയേറിയ രക്തം അശേഷം കലർപ്പില്ലാത്തതും മാലിന്യമില്ലാത്തതുമായി. അതേ, കർത്താവായ യേശുവിന്റെ രക്തം ജീവൻ തന്നെ ആയിരുന്നു!*

മനുഷ്യ രക്തം അവിശ്വസനീയമാം വിധം സങ്കീർണമായ ഒരു വസ്തുതയാണ്. ഇന്നും മെഡിക്കൽ ഗവേഷകന്മാർ. ഈ അൽഭുത പ്രവാഹത്തിന്റെ ജീവദായക രഹസ്യങ്ങൾ കണ്ടെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ലളിതഭാഷയിൽ മനുഷ്യ ശരീരത്തിലെ ചില ധർമങ്ങളെ ഇങ്ങനെ വിവരിക്കാൻ കഴിയും: ശരീരശുദ്ധീകരണം, ജീവൻ നിലനില്ക്കുന്നതും രോഗപ്രതിരോധം നിർവഹിക്കുന്നതും ഇത് തന്നെ, എത്രയോ അൽഭുതകരമാണ്. അതിലും അൽഭുതകരമായ വസ്തുത, ദൈവം നിങ്ങൾക്കും എനിക്കും ഇതിനു സമാനമെങ്കിലും അത്യൽഭുതകരമായ ഉദ്ദേശ്യത്തോടുകൂടി ഒരു രക്തധാരലഭ്യമായിരിക്കുന്നു എന്നതാണ് *'യഥാർഥ'* ജീവൻ അന്വേഷിക്കുന്ന ഏതൊരാൾക്കും ഈ രക്തം ലഭ്യമാകുന്നു. പാപിക്ക് യേശുവിന്റെ രക്തം പാപത്തിൽനിന്നും അവനെ ശുദ്ധീകരിക്കുന്ന ദൈവ

---

**രക്തത്തിന്റെ രസതന്ത്രം എന്ന തന്റെ എം. ആർ ഡീഹാൻ എം.ഡി. ശരീരശാസ്ത്ര ഗ്രന്ഥങ്ങളെയും പ്രസവ നേഴ്സിംഗ് ആധികാരിക രേഖകളെയും ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു, 'അമ്മ തന്റെ ഗർഭപാത്രത്തിന്റെ രഹസ്യ അറയിൽ ശരീരവളർച്ചയ്ക്കാവശ്യമായ പോഷകങ്ങൾ ഭ്രൂണത്തിനാവശ്യമായ രക്തം മുഴുവനും ഭ്രൂണത്തിൽ തന്നെയാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. ഗർഭധാരണം മുതൽ പ്രസവം വരെ. അമ്മയിൽനിന്ന് ഒരുതുള്ളി രക്തം പോലും ശിശുവിലേക്കു പകരപ്പെടുന്നില്ല'. ഡോ. റോബട്ട് ഇ. കോൾമാൻ ഇതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. (പുരുഷ ബീജസങ്കലനത്തോടുകൂടെ രക്തം ഭ്രൂണത്തിൽ തന്നെ ഉല്പാദിപ്പിക്കപ്പെടുന്നു, അതുകൊണ്ട് അമ്മയുടെ ശരീരത്തൽനിന്നും രക്തം സ്വീകരിക്കുന്നില്ല) എന്ന ഈ വീക്ഷണം തന്നെ മറ്റു മെഡിക്കൽ ഡോക്ടർമ്മാർ ഗൗരവമായി ചോദ്യം ചെയ്തിട്ടുണ്ട് എന്നു ഞാൻ പറയട്ടെ. അതൊരു ജീവശാസ്ത്ര കാര്യമായി പ്രശ്നമാക്കേണ്ടതില്ല എന്നു ഞാൻ കരുതുന്നു. യേശുവിന്റെ ജനനം ദൈവത്താൽ ആയിരുന്നു സംഭവിച്ചത് എന്ന സത്യം തന്നെ പരമ്പരാഗത പാപ പ്രസരണം എന്നതിനെ നിഷേധിക്കുന്നു. യേശുവിന്റെ രക്തത്തെ സംബന്ധിച്ചുള്ള വേദപുസ്തക സവിശേഷത ഇതു തന്നെ!*

ത്തിന്റെ ദാനമാണ്. ആത്മികമായി മരിച്ചിരിക്കുന്നവന് യേശുവിന്റെ വിലയേറിയ രക്തം 'ജീവൻ' നല്കുന്നു. ആത്മികമായി ജീവിച്ചിരിക്കുന്നവർക്കു സാത്താന്റെ ആക്രമണത്തിൽനിന്നു സംരക്ഷിക്കുന്നതാണ് യേശുവിന്റെ രക്തം. ഈ വിലയേറിയ രക്തത്തെക്കുറിച്ചു നാം ഇങ്ങനെ വായിക്കുന്നു:

വ്യർഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീടെുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെകൊല്ല ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊത്രേ, എന്നു നിങ്ങൾ അറിയുന്നുവല്ലോ. (1 പത്രോസ് 1:18,19)

## രക്തം: അതിന്റെ ശുദ്ധീകരണ ശക്തി

ചില ദിവസങ്ങൾക്കു മുമ്പ്. ദുരാഗ്രഹികളായ ഒരു ട്രാൻസ്പോർട്ട് കമ്പനി ആരോഗ്യനിബന്ധനകൾ പാലിച്ചില്ല എന്നു മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. തങ്ങളുടെ ലാഭം വർധിപ്പിക്കുന്നതിന്, ഈ കമ്പനി ഒരു ട്രക്കിൽ വിഷവസ്തുക്കൾ ഒരു സ്ഥലത്തേക്കു കൊുപോയി; അതിനുശേഷം അനൗദ്യോഗികമായി മടക്കയാത്രയിൽ ദ്രാവക ഭക്ഷ്യവസ്തുക്കൾ കയറ്റിക്കൊുവരുന്നതിന് അതേ ട്രക്കുതന്നെ ഉപയോഗിച്ചു. അനേകർക്കു ഗുരുതരമായ രോഗബാധയുാകുന്നതിന് ഇതു കാരണമായി.

എന്നാൽ മനുഷ്യശരീരത്തിൽ ദൈവം അൽഭുതകരമായ ഒരു ട്രാൻസ്പോർട്ട് സിസ്റ്റം വഹിച്ചുകൊുപോകുന്ന പ്രക്രിയ ഏർപ്പെടുത്തിയിട്ട് കോശങ്ങളിലേക്കു ഭക്ഷണം എത്തിക്കുന്നതും, മാലിന്യം നീക്കം ചെയ്ത് പുറത്തേക്കു വിടുന്നതും ഓരേ സിസ്റ്റം തന്നെയാണ്. ദൈവത്തിന്റെ കുറ്റമറ്റ സൃഷ്ടിനിമിത്തം, രക്തധാരകളിൽ യാതൊരു മലിനീകരണവും ഉാകുന്നില്ല. ആശ്ചര്യമെന്നു പറയട്ടെ, മനുഷ്യ ശരീരത്തിലെ ഒരൊറ്റ കോശംപോലും ഒരു രക്തത്തിൽനിന്നും തലനാരിഴ അകലത്തിലല്ല. ഈ കോശങ്ങളിൽനിന്നു വിഷവസ്തു

ക്കൾ പുറം തള്ളിയില്ലെങ്കിൽ രോഗമോ മരണമോ ആയിരിക്കും അനിവാര്യമായും സംഭവിക്കുക.

*നമ്മുടെ ജീവിതത്തിൽനിന്നും പാപത്തിന്റെ മാലിന്യ സാന്നിധ്യത്തെ നീക്കം ചെയ്യുന്ന തന്റെ പ്രക്രിയയെക്കുറിച്ചു ദൈവം ഇതുതന്നെയാണ് വിശദീകരിച്ചിരിക്കുന്നത്. യേശുവിന്റെ വിലയേറിയ രക്തത്താൽ മാത്രമാണ്, ആ ശുദ്ധീകരണം. 'അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ, നമുക്കു തമ്മിൽ കൂട്ടായ്മ ഉ്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.' (1യോഹന്നാൻ1:7). അതുപോലെ തന്നെ, നമ്മുടെ പാപങ്ങളുടെ മോചനത്തിനു പാപങ്ങൾ ക്ഷമിച്ചുകിട്ടുവാൻ വേറൊരു മാർഗവും ഇല്ല എന്നും ദൈവം വ്യക്തമാക്കിയിരിക്കുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ല (എബ്രായർ 9:22)*

**രക്തം:അതിന്റെ ജീവദായക ശക്തി**

ജീവൻ നിലനിർത്തേതിനു ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും ആവശ്യമായ വെള്ളവും പോഷണങ്ങളും എത്തിക്കുക എന്നത് രക്തം നിർവ്വഹിക്കുന്ന ഒരു ധർമമാണ് ശരീരത്തിലെ കോശങ്ങളിലും പേശികളിലും രക്തം എത്തിച്ചേരുന്നതിനാൽ ഈ ശരീരഭാഗങ്ങളിലും രക്തം എത്തിച്ചേരാതിരുന്നാൽ ഈ ശരീരഭാഗങ്ങൾ നിർജീവമാകും രക്ത ചംക്രമണം ഇല്ലാതാകുമ്പോൾ ശരീരം മരിക്കും, ജീവൻ രക്തത്തിലാകുന്നു എന്ന് സ്പഷ്ടമാണ്.

ഇത് മനസ്സിലാക്കിയിരുന്ന ശിഷ്യന്മാർ യേശുവിന്റെ സ്വന്തം രക്തത്തെക്കുറിച്ചു പറഞ്ഞപ്പോൾ ഞെട്ടിപ്പോയി. യേശു ഊന്നിപ്പറഞ്ഞു.

> *നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവനില്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു*

*നിത്യജീവൻ ഉ്. എന്റെ മാംസം സാക്ഷാൽ ഭക്ഷ ണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു (യോഹന്നാൻ 6:53-55).*

യേശു, താൻ എന്താണ് വാസ്തവത്തിൽ അർഥമാക്കി യത് എന്നു വിശദീകരിച്ചു. *എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവ നിലും വസിക്കുന്നു* (യോഹന്നാൻ 6:56). ആത്മീയ ജീവിത ത്തിന്റെ യഥാർഥ ഉറവിടം മനസ്സിലാക്കുന്നത് എത്രയോ സന്തോഷമാണ്! യേശുവിന്റെ രക്തം പാപികളെ പാപ ത്തിൽനിന്നും വീടെുക്കുന്നതിനായി ചൊരിയപ്പെട്ടു. യേശു വിന്റെ ചൊരിയപ്പെട്ട രക്തം മുഖാന്തരം നമുക്കു യേശുവിന്റെ പങ്കുവെയ്ക്കപ്പെട്ട ജീവിതത്തിന്റെ ഓഹരിക്കാരാകുവാൻ കഴി യും. കർത്താവായ യേശു തന്റെ രക്തം പാനം ചെയ്യുന്നതിന്റെ യഥാർഥ അർഥം വിശദീകരിച്ചു. 'ഞാൻ അവനിൽ! – എത്ര അൽഭുതകരം!

ക്രിസ്തുവിന്റെ അധിവാസ സന്നിധ്യത്തിന്റെ പുനരുഥാ നശക്തി വ്യക്തിപരമായി അനുഭവിച്ച വിശ്വാസികൾക്ക് വിജ യത്തോടെ സാക്ഷ്യം പറയാം: ഉയർത്തെഴുന്നേറ്റ ക്രിസ്തു ഇപ്പോൾ എന്നിൽ വസിക്കുന്നു. അങ്ങനെയുള്ളവർക്ക് ഒരു സംസർഗ ശുശ്രൂഷയിൽ അപ്പവീഞ്ഞുകളിൽ ഓഹരിക്കാരാ കുന്നത്, കർത്താവിനോടുള്ള സാക്ഷ്യത്തിന്റെയും സ്തോത്ര ത്തിന്റെയും സന്ദർഭമാണ്*

യേശുവിന്റെ വിലയേറിയ രക്തത്തിൽ ജീവദായകശക്തി; ഒരു വിശ്വാസി പരിശുദ്ധാത്മാവിൻ ശക്തിയാൽ ഉയര ത്തിൽനിന്നു ജനിക്കുമ്പോൾ അൽഭുതകരമായി അവനിലേക്കു പകരപ്പെടുന്നു. ഓരോ മനുഷ്യന്റെയും ജീവനു വേിയുള്ള

---

*****ദിവ്യബലിയിൽ ശുശ്രൂഷിക്കപ്പെടുന്ന അപ്പവും വീഞ്ഞും അക്ഷരാർഥത്തിൽ ക്രിസ്തുവിന്റെ മാംസവും രക്തവുമായി രൂപാന്തരപ്പെടുന്നു എന്നു വിശ്വസി ക്കുന്ന ദശലക്ഷകണക്കിനു ആളുകൾ ഉ് എന്നത് ദുഃഖകരമാണ്. യേശു വിന്റെ ജീവൻ അധിവസിക്കുന്നതിനെക്കുറിച്ച് കർത്താവ് സാദൃശ്യമായി പറ ഞ്ഞകാര്യം അക്ഷരാർഥത്തിൽ ഭൗതിക മാംസരക്തങ്ങളായി അവർ സങ്കല്പി ച്ചിരിക്കുന്നു.*

അന്വേഷണത്തിനു അടിസ്ഥാനമായിരിക്കുന്നത് രക്തസംക്രമണമാണ്.

**രക്തം: അതിന്റെ സംരക്ഷണ ശക്തി**

മനുഷ്യരക്തത്തിനു അൽഭുതകരമായ മറ്റൊരു ധർമം കൂടെയുണ്ട്. രക്തം ജീവൻ ശുദ്ധീകരണം വരുത്തുന്നത് മാത്രമല്ല, അത് ജീവൻ സംരക്ഷണം നല്കുന്നതുമാണ്.

ഇന്ത്യയിൽ പ്ലേഗ് പടർന്നു പിടിച്ചപ്പോൾ ലോകമെങ്ങും മനുഷ്യർ പരിഭ്രാന്തിയിലായി, ഇന്ത്യയിൽനിന്നു പുറപ്പെട്ടിരുന്ന അന്തർദേശീയ ജെറ്റ് യാത്രാവിമാനങ്ങളുടെ പറക്കൽ താൽക്കാലികമായി നിറുത്തിവച്ചു. യാത്രക്കാരെ മെഡിക്കൽ പരിശോധനയ്ക്കുവേണ്ടി ഏകാന്തമുറികളിൽ പാർപ്പിച്ചു. ഈ മാരകവ്യാധി ലോകമെങ്ങും പരക്കാതിരിക്കേണ്ടതിന് ഇന്ത്യയിൽ നിന്നുള്ള എല്ലാ വിമാന യാത്രകളും താൽക്കാലികമായി നിറുത്തിവെച്ചു.

പ്ലേഗിന്റെ ആക്രമണമല്ലെങ്കിൽ പോലും, ജീവനു ഭീഷണിയായ അണുക്കളുടെ ആക്രമണം മനുഷ്യശരീരത്തിനു നേരേ നിരന്തരം ഉണ്ടായികൊണ്ടിരിക്കും, എന്നാൽ രക്തത്തിന് അൽഭുതകരമായ പ്രതിരോധശക്തിയുണ്ട്. ബാക്ടീരിയയുടെ ആക്രമണത്തെയും വ്യാപനത്തെയും ഫലപ്രദമായി തടയുന്ന ആന്റിടോക്സിൻ രക്തത്തിൽ ഉണ്ട്. ബാക്ടീരിയായുടെ ആക്രമണം ഉണ്ടാകുമ്പോൾ ശ്വേതാണുക്കൾ—അവയുടെ പ്രാഥമിക കർത്തവ്യം പ്രതിരോധമാണ്—വർധിച്ചു പെരുകി, പ്രതിരോധനിര സൃഷ്ടിക്കുന്നു.

മനുഷ്യരക്തംപോലെതന്നെ, കർത്താവായ യേശുക്രിസ്തുവിന്റെ രക്തവും ജീവൻ സംരക്ഷണ ശുശ്രൂഷ നിർവഹിക്കുന്നു എന്നു മനസ്സിലാക്കുന്നത് അൽഭുതകരമല്ലേ? സാത്താന്യ ശക്തികളുടെ നിരന്തരക്രമണങ്ങളിൽനിന്നു വിശ്വാസിയെ സംരക്ഷിക്കുന്നത് യേശുക്രിസ്തുവിന്റെ രക്തമാണ്. സാത്താനും ദൈവജനവുമായി അന്ത്യകാലത്തു നടക്കുന്ന പോരാട്ടത്തെക്കുറിച്ചുള്ള പ്രവചനത്തിൽ: *'അവർ അവനെ (സാ*

*ത്താനെ) കുഞ്ഞാടിന്റെ രക്തംഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല'* (വെളിപ്പാടു 12:11) എന്നു കാണുന്നു. പിശാചിന്റെ എല്ലാ ആക്രമണങ്ങളെയും യേശുവിന്റെ വിലയേറിയ രക്തത്താൽ നിങ്ങൾക്കും ജയിക്കുവാൻ കഴിയും.

സാത്താന്റെ മേൽ യേശു കൈവരിക്കുവാൻ പോകുന്ന വിജയത്തെക്കുറിച്ചു, പിശാച് ആദമിനെയും ഹവ്വയെയും വശീകരിച്ച സംഭവത്തിന്റെ തൊട്ടുപിന്നാലെ പ്രവചിച്ചിരിക്കുന്നു. സ്ത്രീയുടെ സന്തതി സാത്താന്റെ നാശം വരുത്തും എന്നു യഹോവയായ ദൈവം വാഗ്ദത്തം ചെയ്തു. *'ഞാൻ നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉാക്കും. അവൻ നിന്റെ തലതകർക്കും. നീ അവന്റെ കുതികാൽ തകർക്കും'* (ഉല്പത്തി 3:15). സ്ത്രീയുടെ സന്തതി സാത്താന്റെ തല തകർക്കും. സർപ്പം മശിഹായുടെ കുതികാൽ തകർക്കുന്നതിനു മുമ്പല്ല അത് സംഭവിക്കുന്നത്. അതേ സ്ത്രീയുടെ സന്തതി – കർത്താവായ യേശുക്രിസ്തു തന്റെ വിലയേറിയ രക്തം ചിന്തിയതിനാൽ.

*'മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി' (എബ്രായർ 2:14)*

പാരിസിലെ ഗാരെസെന്റ് ലാസരെ റെയിൽവേ സ്റ്റേഷനിൽ ഞങ്ങൾ കുമുട്ടിയ മായാന്വേഷികളായ വിദ്യാർഥികളെപ്പോലെയല്ല, മറ്റനേകർ യഥാർഥ ജീവന്റെ ഉറവിടം കത്തിയിട്ടു്.

ചിലദിവസങ്ങൾക്കുമുമ്പ്, ഡൊറോത്തിയും ഞാനും തങ്ങൾ യഥാർഥജീവനിൽ കത്തെി എന്നു നിർണയമുള്ള ഉഗാൻഡൻ പൗരന്മാരെ കാണുകയുായി. കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്തിൽ ഹൃദയശുദ്ധീകരണം നടത്തുന്നതുമായ ശക്തി അവർ കത്തെി. അവരെ സംബന്ധിച്ചിടത്തോളം പഴയതെല്ലാം കഴിഞ്ഞുപോയി, കാലും, സകലവും പുതുതായിരിക്കുന്നു എന്നു അവർക്കു സാക്ഷ്യം പറയുവാൻ കഴിയും.

കെനിയയിലെ എംബസ്സി ഉദ്യോഗസ്ഥർ ഞങ്ങൾക്കു മുന്നറിയിപ്പു നല്കിയിരുന്നു എങ്കിലും, പരിശുദ്ധാത്മ നിയോഗത്താൽ എന്റെ ഭാര്യയും ഞാനും ഉഗാൻഡയിലേക്കു പുറപ്പെട്ടു. ഉഗാൻഡയിലെ ശുശ്രൂഷകന്മാർക്കും അവരുടെ ഭാര്യമാർക്കും വേിയുള്ള സെമിനാറിന്റെ സമയക്രമീകരണം ദൈവമാണ് നടത്തിയത്.

ഞങ്ങൾ പിന്നീട് മനസ്സിലാക്കിയതുപോലെ, ഞങ്ങളുടെ മടക്കയാത്രയും ദൈവം ക്രമീകരിച്ചു. (മറ്റൊരു സൈനികാധിനിവേശം ഉാകുന്നതിനു മുമ്പ് അവസാനമായി എന്റബെയിൽനിന്നു പുറപ്പെട്ട വിമാനം ഞങ്ങളുടേതായിരുന്നു.)

ഞങ്ങൾ എയർപ്പോർട്ടിൽ ഇറങ്ങിയപ്പോൾ തന്നെ സംഘർഷത്തിന്റെയും ഭീതിയുടെയും അന്തരീക്ഷം ഞങ്ങൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. അവിടെ നേരിൽ കാണുവാൻ കഴിഞ്ഞ അരാജകത്വവും മാലിന്യവും വർണനാതീതമാണ്. അവിടെ ഉായിരുന്ന ഒരു കാർ, ബോംബ് വീണുതർന്ന റോഡിലൂടെയുള്ള യാത്രയ്ക്കു ലഭ്യമായി. അല്പദൂരം കഴിഞ്ഞപ്പോൾ, അച്ചടക്കരഹിതരായ പട്ടാളക്കാർതോക്കു ചൂി ഞങ്ങളുടെ കാർ തടഞ്ഞു. അവർ ഗവൺമെന്റ് പട്ടാളക്കാരണോ വിമതപട്ടാളക്കാരാണോ, പട്ടാളവേഷമണിഞ്ഞ കൊള്ളക്കാരാണോ എന്നു ഞങ്ങൾക്കു അറിയില്ലായിരുന്നു. ഏതായാലും ഞങ്ങളുടെ ഡ്രൈവർ അവരുടെ വർഗക്കാരനാണെന്ന് അവർ തിരിച്ചറിഞ്ഞതിനാൽ, ഞങ്ങളെ കൊള്ളയടിക്കാതെയും ഉപദ്രവിക്കാതെയും വൈമനസ്യത്തോടെ അവർ കടത്തിവിട്ടു.

ഞങ്ങൾ ലക്ഷ്യസ്ഥാനത്തെത്തി. ഭയചകിതമായ ഒരു ജനതയുടെ മധ്യത്തിൽ വൃത്തിഹീനവും ഇരുളടഞ്ഞതുമായ ഒരു സ്ഥാനത്തായിരുന്നു സെമിനാർ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് എന്നു ഞങ്ങൾ മനസ്സിലാക്കി. പാസ്റ്റർമാരും അവരുടെ ഭാര്യമാരും എത്തിക്കഴിഞ്ഞപ്പോൾ, അതിവേഗം ഞങ്ങൾ ചുറ്റുപാടുകൾ വിസ്മരിച്ചു ദൈവത്തിന്റെ മഹത്ത്വവും അൽഭുതകരകമായ സാന്നിധ്യവും അവിടെ നിറഞ്ഞു. ജീവിക്കുന്ന ദൈവ

ത്തോടുകൂടെ പർവതമുകളിൽ ആയിരിക്കുന്ന അതേ അനുഭവം ഞങ്ങൾക്കു സമ്മാനിച്ച ആ സെമിനാർ ദിനങ്ങൾ ഞങ്ങളുടെ ഓർമയിൽനിന്നു ഒരിക്കലും മാഞ്ഞുപോകയില്ല.

ഡൊറോത്തിയും ഞാനും വേദപുസ്തകത്തിൽനിന്നും വിവരിച്ച ദൈവികസത്യങ്ങൾ കേൾക്കുന്നതിനും, വളരെ അസൗകര്യമുള്ള ബെഞ്ചുകളിൽ ആ ശുശ്രൂഷകന്മാരും ഭാര്യമാരും ദിവസവും എട്ടു മണിക്കൂർ ശ്രദ്ധയോടെ ഇരുന്നു. ഞാൻ പഠിപ്പിക്കുമ്പോൾ, എന്റെ ഭാര്യ പ്രസംഗത്തിന്റെ ഔട്ട് ലൈൻ ബ്ലാക്ക് ബോർഡിൽ എഴുതിയിട്ടു. ശ്രോതാക്കൾ അത് കടലാസിൽ എഴുതിയെടുത്തു. പെട്ടന്നു വാതിൽക്കൽ ഒരു ഏറ്റുമുട്ടലുായി. മദ്യപിച്ചിരുന്ന ഒരുവനെ അവന്റെ തോക്കുമായി പ്രവേശനകവാടത്തിൽ പിടികൂടിയിരുന്നു എങ്കിലും അവന്റെ കൂട്ടാളി ജനക്കൂട്ടത്തിന്റെ ഇടയിലൂടെ ഓടിക്കയറി ഡെറോത്തിയുടെ ഹൃദയത്തിനു നേരേ തോക്കു ചൂി. *'ഈ പ്രിയമനുഷ്യൻ യേശുവിനെ അറിയുവാൻ ഇടയാകേതിനു നമുക്കു പ്രാർഥിക്കാം,'* എന്നു ഡൊറോത്തി ശാന്തമായിപ്പറഞ്ഞു.

നിത്യതയെന്ന് എനിക്കു തോന്നിപ്പോയ ആ ഏകാന്തനിമിഷങ്ങളിൽ, എന്റെ ദ്വിഭാഷി അൽഭുതപരതന്ത്രനായി എന്നോടുപറഞ്ഞു: ഈ മദോന്മത്തനായ പട്ടാളക്കാരൻ പറഞ്ഞത് എനിക്കു വിശ്വസിക്കാനാകുന്നില്ല, *'എനിക്ക് ഈ സ്ത്രീയുടെ ദൈവത്തെ അറിയണം'* എന്നാണ് അയാൾ പറഞ്ഞത്.

എന്റെ ദ്വിഭാഷി സംസാരിച്ചുകൊു നില്ക്കുമ്പോൾ ഞാൻ അവിസ്മരണീയമായ ഒരു കാഴ്ച്ച കു. ആക്രമണകാരിയെ മുട്ടുകുത്താൻ ഒരു ദൂതൻ നിർബന്ധിച്ചതാണോ, ഞങ്ങളുടെ യോഗങ്ങളിൽ പ്രസരിച്ച ദൈവിക വിശുദ്ധിയുടെയും ശക്തിയുടെയും അസാധാരണ സാന്നിധ്യമാണോ മദ്യപിച്ചിരുന്ന പട്ടാളക്കാരനെ തളർത്തിയത്, അതോ അവന്റെ ഹൃദയത്തിലെ ഭയമാണോ അവനെ മുട്ടുകുത്താൻ തക്കവിനയമുള്ളവനാക്കിയത് എനിക്കു മനസ്സിലായില്ല. ആ കൃത്യനിമിഷാർധത്തിൽ ആ തോക്കിന്റെ കുഴൽ സാവകാശം താഴേക്കു

ചരിക്കയും ആ മരകായുധം പട്ടാളക്കാരനോടൊപ്പം നിലത്തു വീഴുകയും ചെയ്തു!

ഇതൊരു യോഗാനന്തര ഉപദേശത്തിനുള്ള നിമിഷമല്ല! ഡൊറോത്തി അത് നന്നായി അറിഞ്ഞിരുന്നു. 'ഈ പ്രാർഥന എന്നോടു ചേർന്നു പ്രാർഥിക്കൂ,' അവൾ പറഞ്ഞു. വളരെ സാവകാശം പടിപടിയായി ആ പാവം പട്ടാളക്കാരൻ ക്രൂശിന്റെ ചുവട്ടിലേക്ക് പാപികളുടെ രക്ഷകനിലേക്കു നയിക്കപ്പെട്ടു. അവിടെ അവൻ യേശുവിന്റെ രക്തത്താൽ യഥാർഥജീവൻ കത്തെി!

ഞാൻ ഈ അനുഭവം ഇപ്പോൾ പങ്കുവെയ്ക്കുന്നത് എന്തിനാണ്? അവിസ്മരണീയമായ ആ സെമിനാറിനുശേഷം ഉായസംഭവമാണ് അതിനുകാരണം.

ഞങ്ങളുടെ യോഗത്തിൽ അക്രമിച്ചു കയറിയ ആ മനുഷ്യനെ ഭയപ്പെടുന്നതിനും വെറുക്കുന്നതിനും കാരണമുള്ള വളരെയധികം ആളുകൾ ആ കൂട്ടത്തിൽ ഉായിരുന്നിരിക്കണം. അടുത്തയിടെ ജീവനു ഭീഷണിയുായവരും കൂട്ടത്തിലുായിരുന്നു. സന്നിഹിതനായിരുന്ന ഒരു പാസ്റ്ററുടെ നേർക്കുായ വധശ്രമവും പരാജയപ്പെട്ടെങ്കിലും ഒരു പട്ടാളക്കാരൻ അദ്ദേഹത്തിന്റെ വിരലുകൾ തകർത്തുകളഞ്ഞിരുന്നു. എങ്കിലും അവർ എല്ലാവരും യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിയുകയും സ്നേഹിക്കുകയും ചെയ്തിരുന്നതിനാൽ തങ്ങളുടെ മധ്യത്തിൽ നില്ക്കുന്ന, ക്രിസ്തുവിൽ പുതിയ സഹോദരനെ അശ്ലേഷിക്കുന്നതിനും അവനുവേി പ്രാർഥിക്കുന്നതിനും മുന്നോട്ടുവന്നു.

യാതൊരു സംഗീതോപകരണവുമില്ലാതെ, മനോഹരമായ ആഫ്രിക്കൻ ഈണത്തിൽ അവർ ഹൃദയംതുറന്നു പാടി. അവർ ആലപിച്ച ഗാനങ്ങൾ ഇപ്പോഴും എന്റെ സ്മരണയിൽ അലയടിക്കുന്നു:

ഓ, യേശുവിൻ രക്തം
ഓ, യേശുവിൻ രക്തം
ഓ, യേശുവിൻ രക്തം
എന്നെ പാപത്തിൽനിന്നു ശുദ്ധീകരിക്കുന്ന രക്തം!

നമ്മുടെ ലോക നേതാക്കന്മാർ ആ ദിവസം ഞങ്ങളോടൊപ്പം ഉായിരുന്നു എങ്കിൽ! അന്തർഗോത്ര, അന്തർവർഗ, അന്തർദേശീയ ഭിന്നതകൾക്കു ദൈവത്തിന്റെ ഏകമാർഗം അവർ തിരിച്ചറിയുമായിരുന്നു.

*അവൻ (ക്രിസ്തു) ക്രൂശിൽ ചൊരിഞ്ഞ രക്തംകൊ് അവൻ മുഖാന്തരം സമാധാനം ഉാക്കി (കൊലൊസ്യർ 1:20). മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊ് അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവനെക്കൊു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊസ്യർ1:21)*

അതെ, *'അവന്റെ (ക്രിസ്തുവിന്റെ) രക്തത്താൽ നീതികരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽനിന്നു രക്ഷിക്കപ്പെടും.'* (റോമർ 5:9,10).

## ഒരുനിമിഷം നില്ക്കുക: ശ്രദ്ധിക്കുക

1. നിങ്ങൾ വാസ്തവമായി ഈ *'ജീവൻ'* ആഗ്രഹിക്കുന്നുവോ? *'അവർക്കു ജീവൻ ഉാകുവാനും. അത് സമൃദ്ധിയായി ഉാകുവാനുമത്രെ ഞാൻ വന്നത്'* (യോഹന്നാൻ 10:10) എന്നു കർത്താവായ യേശു പറഞ്ഞ ജീവൻ ഇതുതന്നെ.
2. വേദപുസ്തകപ്രകാരം മനുഷ്യശരീരത്തിൽ ജീവൻ എന്തിലാണ് കത്തെുന്നത്? (ലേവ്യ.17:11)
3. യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്തിന്റെ നിത്യമായ സവിശേഷത എന്താണ്?
   ആ രക്തത്തിന്റെ ശുദ്ധീകരണ ശക്തിയിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?
   ആ രക്തത്തിന്റെ ജീവദായക ശക്തിയിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?
   ആ രക്തത്തിന്റെ സംരക്ഷണ ശക്തിയിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?
   കർത്താവായ യേശു പറഞ്ഞു: *ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല.* (യോഹന്നാൻ 11:25,26)

ഒരു കലാകാരന്റെ പെയിന്റിംഗിന്റെ പരി
പൂർണത ഒരു മനുഷ്യമുഖത്തിന്റെ പ്രശോഭ.
ഒരു പ്രകൃതി ദൃശ്യത്തിന്റെ മനോഹാരിത
ഇവയൊന്നും ശബ്ദത്താൽ വിവരിക്കുക
സാധ്യമല്ല കാഴ്ച്ചയാണ് ആവശ്യം.

അധ്യായം 9

# എനിക്കു ദൈവത്തിന്റെ കുടുംബത്തിൽ അംഗമാകുവാൻ എങ്ങനെ കഴിയും?

1940-കളിൽ നേത്രശസ്ത്രക്രിയയിൽ മെഡിക്കൽ സയൻസ് വലിയ പുരോഗതിനേടി. ഇപ്പോൾ മരിച്ച ഒരു വ്യക്തിയുടെ കണ്ണിലെ പടലം (ശുക്രചർമ്മം–Cornea) എടുത്ത് അന്ധനായ ഒരാളിനു നല്കുവാൻ തക്ക വൈദഗ്ദ്ധ്യം നേടി താൻ നടത്തിയ ആദ്യത്തെ ശുക്രചർമ്മം മാറ്റിസ്ഥാപിക്കലിനെക്കുറിച്ചു ഡോ. സാംഗ്സ്റ്റർ നല്കിയ സാക്ഷ്യം ഞാൻ ഓർക്കുന്നു.

സൂര്യോദയത്തിനു വളരെമുമ്പ് ഡോ. സാംഗ്സ്റ്റർ ഇംഗ്ലിലെ മനോഹരമായ സറിഡൗൻസിലേക്കു രു വ്യക്തികളോടൊപ്പം പോയി. ഒന്ന്, ജന്മനാൽ അന്ധയായിരുന്ന ഒരു വനിതയും മറ്റേത്, അവളുടെ നേത്രഡോക്ടറും ആയിരുന്നു. അവളുടെ ശസ്ത്രക്രിയക്കുശേഷം യാതൊരുവിധ പ്രകാശവും അവളുടെ കണ്ണുകളിൽ ബാധിക്കാതിരിക്കേതിന് വളരെയധികം ബാൻഡേജു പടലങ്ങൾ കൊു കെട്ടിയിരുന്നു. സാവകാശം ബാൻഡേജുകൾ അഴിച്ചു. പ്രകാശത്തോട് അവൾക്ക്

പ്രതികരണമുായതിനാൽ അവൾ ആവേശ ഭരിതനായിരുന്നു. ഇപ്പോൾ സൂര്യോദയത്തിനു മുൻപ്, അതുവരെയും ഒന്നും കിട്ടില്ലാത്ത ആ സ്ത്രീയുടെ കണ്ണുകളിൽ നിന്നും അവസാനത്തെ ബാൻഡേജും നീക്കം ചെയ്തു.

ചക്രവാളസീമയിൽ പ്രഭാതസൂര്യൻ ഉദിച്ചുയർന്ന ആ സൂര്യോദയ ദൃശ്യം എത്ര മനോഹരമായിരുന്നു. നിഴലുകൾ ചെറുതാകുകയും; പ്രഭാതമഹത്ത്വത്തിൽ പച്ചിലകൾ വ്യക്തമാകയും ചെയ്തു. പക്ഷികൾ, മഞ്ഞു നനഞ്ഞ പുൽമേടുകളിൽ തങ്ങളുടെ പ്രഭാതഭക്ഷണം തിരയുകയായിരുന്നു. തന്റെ ജീവിതത്തിലാദ്യമായി കാണുവാൻ കഴിഞ്ഞതും ഒരു സ്ത്രീക്ക് സന്തോഷിക്കാവുന്ന അതിമനോഹരമായ ദൃശ്യമാണ് തന്റെ മുമ്പിൽ ഒരുക്കപ്പെട്ടത്. കണ്ണുകളിൽനിന്ന് ആനന്ദാശ്രുക്കൾ പൊഴിച്ചുകൊ് അവൾ അവൾ അൽഭുതം കൂറി "നിങ്ങൾ ഇത് എന്നോടു വിവരിക്കുവാൻ ശ്രമിച്ചു; എന്നാൽ ഇത് ഇത്ര ആശ്ചര്യകരമായിരിക്കുമെന്നു ഞാൻ ഒരിക്കലും സങ്കല്പിച്ചിരുന്നില്ല!" ദൈവസൃഷ്ടിയുടെ നിശബ്ദമഹത്വത്തിൽ അവൾ ആസനസ്ഥയായി.

ഒരിക്കലും കിട്ടില്ലാത്ത ഒരു വ്യക്തിയോട്, ചുവപ്പിന്റെ വർണഭംഗി നിങ്ങൾ വിവരിക്കുന്നതെങ്ങനെ? അല്ലെങ്കിൽ, വെളിച്ചത്തോടു ഒരിക്കലും പ്രതികരിച്ചിട്ടില്ലാത്ത കണ്ണുകളുള്ള ഒരു മനുഷ്യനോട് സൂര്യാസ്തമനത്തിന്റെ തങ്കചന്തം വിവരിക്കുവാൻ സാധിക്കുമോ? നിശ്ചയമായും അത് അസാധ്യമാണ്. ദൃശ്യസൗന്ദര്യം വിവരിക്കുന്ന വാക്കുകൾ, ദൃശ്യസംവിധാനമില്ലാത്തെ ഒരു മനുഷ്യനിൽ എന്തെങ്കിലും ചലനമുാക്കുമോ? ഒരു കലാകാരന്റെ പെയിന്റിംഗിന്റെ പരിപൂർണത ഒരുമനുഷ്യമുഖത്തിന്റെ പ്രശോഭ, ഒരു പ്രകൃതിദൃശ്യത്തിന്റെ മനോഹാരിത – ഇവയൊന്നും ശബ്ദത്താൽ വിവരിക്കുക സാധ്യമല്ല, കാഴ്ചയാണാവശ്യം!

ഒരു വിശ്വാസി ആത്മീയസൗന്ദര്യത്തെക്കുറിച്ചു ഒരു വിശ്വാസിക്കു ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഇതേ

വൈഷമ്യമുാകുന്നു. ഒരിക്കൽ, ലനിലെ ഗയ്യസ് ഹോസ്പിറ്റലിൽ അവസാനവർഷ പരീക്ഷയ്ക്ക് ഒരുമ്പെടുന്ന മെഡിക്കൽവിദ്യാർഥിയോട് സംസാരിക്കുമ്പോൾ, ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചു വിവരിക്കുവാൻ ഞാൻ ശ്രമിച്ചു. *'എനിക്കത് കാണുവാൻ കഴിയുന്നില്ല'* എന്നായിരുന്നു അയാളുടെ മറുപടി. ഞാൻ അത് മനസ്സിലാക്കി. സംഭാഷണം അല്പം കൂടെ തുടർന്നു *'നിങ്ങൾക്കത് കാണുവാൻ കഴിയുമെന്ന് ഞാൻ സംശയിക്കുന്നില്ല: എന്തെന്നാൽ ഒരു ഇരുട്ടുമുറിയിൽ താമസിക്കുന്ന ഓരാളിനെപ്പോലെയാണ് നിങ്ങൾ, അത് എങ്ങനെയാണെന്നു എനിക്കറിയാം. ഞാൻ ആത്മീയ അന്ധകാരത്തിൽ ജീവിച്ചിരുന്നു. ഇപ്പോൾ ഞാൻ വെളിച്ചത്തിലാണ്; അവിടെ ദൈവസ്നേഹത്തിന്റെ സൂര്യൻ പ്രകാശിക്കുന്നു, ഡേവിഡ്'* ഞാൻ പറഞ്ഞു. നിങ്ങൾക്കു ദൈവത്തിന്റെ സ്നേഹം ഗ്രഹിക്കുവാൻ കഴിയണമെങ്കിൽ നിങ്ങൾ ആ ഇരുട്ടുമുറിയിൽനിന്നു ദൈവത്തിന്റെ സൂര്യപ്രകാശത്തിലേക്കു വരണം. ഞാൻ തുടർന്നു. ആ ദിവസം ഡേവിഡ് മുട്ടുകുത്തി, തന്റെ പാപങ്ങൾ ക്ഷമിക്കുന്നതിനും തന്റെ ജീവിതത്തിൽ പ്രവേശിക്കുന്നതിനും കർത്താവായ യേശുവിനോടു അപേക്ഷിച്ചു. അവൻ മുട്ടുകളിൽ നിന്നെണീറ്റപ്പോൾ പറഞ്ഞവാക്കുകൾ ഞാൻ ഒരിക്കലും മറക്കുകയില്ല. ഇത് ഇത്ര അൽഭുതകരമായിരിക്കുമെന്നു ഞാൻ ഒരിക്കലും ചിന്തിച്ചിരുന്നില്ല!

ശാരീരികകാഴ്ച ദൈവസൃഷ്ടിയുടെ മനോഹാരിത മനുഷ്യനു അനുഭവസ്ഥമാകുന്നതുപോലെ, ആത്മീയ കാഴ്ച ദൈവത്തിന്റെ സാന്നിധ്യത്തിന്റെയും, ശക്തിയുടെയും സ്നേഹത്തിന്റെയും അനുഭവങ്ങൾ മനുഷ്യന്റെ ആത്മാവിനു ലഭ്യമാക്കുന്നു.

കർത്താവായ യേശു സ്വർഗാരോഹണം ചെയ്തശേഷം ലവൊദിക്യ നഗരത്തെക്കുറിച്ചു ഞെട്ടിപ്പിക്കുന്ന ഒരു രോഗനിർണയം, അപ്പൊസ്തലനായ യോഹന്നാനു നല്കി. *'നീ നഗ്നനെന്നു അറിയാതിരിക്കുന്നു'* (വെളിപ്പാട് 3:17) തന്റെ ദയനീയ

സ്ഥിതി അറിയാതിരിക്കുന്ന ഒരു കുരുടനെ നിങ്ങൾക്കു സങ്കല്പിക്കാൻ കഴിയുമോ? ആത്മീയാന്ധതയെക്കുറിച്ചുള്ള ഈ വെളിപ്പെടുത്തൽ നല്കിയശേഷം, അതിനുള്ള പരിഹാരം കർത്താവ് നിർദേശിച്ചു: *'നിനക്കു കാഴ്ചലഭിക്കേതിനു കണ്ണിൽ ലേപം എഴുതുക'* (വെളിപ്പാട് 3:18). ആ ഔഷധക്കുറിപ്പ് എത്ര പ്രധാനമാണ്! ആത്മീയ അന്ധതയ്ക്ക് ആത്മീയ നേത്രശസ്ത്രക്രീയയാണ് ആവശ്യം; അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്.

ആദ്യമായി നിങ്ങൾ ജീവിച്ചത് ശാരീരികജനനം ആയിരുന്നു. അതിൽ നിങ്ങൾക്കു ആത്മീയകാഴ്ച്ചയോ ജനനമോ ലഭിക്കുന്നില്ല. ആത്മീയ അന്ധകാരത്തിൽനിന്നു ദൈവമഹത്വത്തിന്റെ വെളിച്ചത്തിന്റെ പരിജ്ഞാനത്തിലേക്കു നടത്തപ്പെടുവാൻ (2 കൊരിന്ത്യർ 4:6) ഒരു വീുംജനനം നിങ്ങൾക്ക് ആവശ്യമാണ്. യേശു നിക്കോദമോസിനോടു പറഞ്ഞു.

> *ജഢത്താൽ ജനിച്ചത് ജഢം ആകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവു ആകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുത്. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ കഴിയുകയില്ല (യോഹന്നാൻ 3:6,7,8) ...പുതുതായി ജനിച്ചില്ലാ എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല* (യോഹന്നാൻ 3:3)

**അതുകൊ്, നിങ്ങൾക്കു ദൈവരാജ്യം കാണുവാൻ കഴിയണമെങ്കിൽ നിങ്ങൾ വീും ജനിക്കണം.**

സകല മനുഷ്യജീവികളെയും പോലെ ദൈവത്തിനുവേയുള്ള ഒരു ശൂന്യസ്ഥാനവുമായിട്ടാണ് നിങ്ങളും ജനിച്ചത്: അത് നിറെക്കപ്പെടേതാണ്. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അധിവസിക്കുന്ന സാന്നിധ്യത്താൽ മാത്രമെ ഈ ആത്മീയശൂന്യാവസ്ത പരിഹരിക്കപ്പെടുകയുള്ളൂ. നിങ്ങൾ ക്രിസ്തുവിനെ, രക്ഷകനായി നിങ്ങളുടെ ജീവിതത്തിൽ സ്വീക

രിക്കുമ്പോൾ ക്രിസ്തുവിന്റെ മരണത്തിന്റെ ആവശ്യവും ഉദ്ദേശ്യവും നിങ്ങളിൽ ഫലമുളവാകുന്നു. നിങ്ങളുടെ പാപക്ഷമയ്ക്കുവേി മാത്രമല്ല, ക്രിസ്തു മരിച്ചത്. നിങ്ങളുടെ ഹൃദയം കർത്താവിനു വസിക്കത്തക്കവണ്ണം ആത്മീയ ശുദ്ധിയുള്ള ഒരു സ്ഥാനമാകുക എന്നതായിരുന്നു, ക്രിസ്തു മരിച്ചതിന്റെ ഉദ്ദേശ്യം. നിങ്ങളുടെ ഹൃദയത്തിലേക്കു യേശു അധിവസിക്കുന്നതിനായി വരണമെങ്കിൽ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടേതാവശ്യമാണ്.

ഒരു ആഫ്രിക്കൻ യുവവിശ്വാസിയുമായി സംസാരിക്കുമ്പോൾ, തന്റെ രാജ്യത്തിലെ യുവജനങ്ങളോട് ക്രിസ്തുവിനെക്കുറിച്ചുള്ള സുവാർത്ത അറിയിക്കുവാൻ അവനുള്ള ഭാരം എനിക്കു ബോധ്യപ്പെട്ടു. അതിനടുത്ത ആഴ്ചയിൽ ഏകദേശം ഇരുനൂറു ശുശ്രൂഷകന്മാരെ വേദപുസ്തകം അഭ്യസിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിച്ചിരുന്നു; ആ യുവാവിനെയും ആ കൂട്ടത്തിലേക്കു ഞാൻ ക്ഷണിച്ചു. പാസ്റ്റർമാർ അകലെ ആയിരുന്നെങ്കിലും ദുർഘടമായ റോഡുകളിലൂടെ ബസിൽ യാത്ര ചെയ്ത് അവിടെ എത്തുന്നതിന് അവനെ ഞാൻ ഉത്സാഹിപ്പിച്ചു. വില്യം വളരെക്ഷീണിതനായിരുന്നു എങ്കിലും, ദൈവത്തെക്കുറിച്ചും വേദവചനത്തെക്കുറിച്ചും അധികം പഠിക്കുന്നതിനുള്ള ആകാംക്ഷയോടെ അവൻ എത്തിച്ചേർന്നു. ഒരു വിനോദയാത്ര ചെയ്യുന്നതിനല്ല, വില്യം തിക്കും തിരക്കും നിറഞ്ഞ ആഫ്രിക്കൻ ബസിൽ കയറി അവിടെയെത്തിയത്! കോൺഫറൻസിൽ എത്തിച്ചേരാൻ അത് മാത്രമേ മാർഗമുള്ളൂ. ആ യാത്രയുടെ അവസാനത്തിൽ അവനെ കാത്തിരുന്ന കാര്യമായിരുന്നു അവന്റെ ലക്ഷ്യം.

നിങ്ങൾക്കു ക്രിസ്തുവുമായും, ക്രിസ്തുവിനു നിങ്ങളോടും കൂട്ടായ്മ ഉാകത്തക്കവണ്ണം നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിക്കുവാൻ കർത്താവിനുള്ള ഏകമാർഗം നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്കുക എന്നതാണ് എന്നു കർത്താവിനറിയാം. നിങ്ങളുടെ പാപങ്ങളുടെ ക്ഷമ ആവശ്യമാണ് എങ്കിൽ

പോലും, ക്രിസ്തുവിൽ നിങ്ങളുടെ പുതുജീവിതവും, ദൈവവുമായുള്ള നിങ്ങളുടെ കൂട്ടായ്മയുടെ കഴിവും ആണ് ദൈവം അത്യന്തികമായി ആഗ്രഹിച്ചത്. ഇതിൽ കുറഞ്ഞ ഏതെങ്കിലുമൊന്നു നിങ്ങളെ തൃപ്തിപ്പെടുത്തുമോ? ക്രിസ്തുവുമായുള്ള വ്യക്തിപരമായ നിങ്ങളുടെ ബന്ധത്തിനു വേിത്തന്നെയാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടത്.

ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്നു എന്നു അറിയുന്നത്, നിത്യജീവൻ നിങ്ങളിൽ ആരംഭിച്ചിരിക്കുന്നു എന്നു അറിയുന്നതാണ്. ക്രിസ്തുവിന്റെ അധിവാസ സാന്നിധ്യം ക്രിസ്തുവിന്റെ ജീവൻ നിങ്ങളുടെ ജീവിതത്തിൽ നല്കുന്നു.

> *ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു. ആ ജീവൻ അവന്റെ പുത്രനിൽ ഉ് എന്നുള്ളത് തന്നേ. പുത്രൻ ഉള്ളവനു ജീവൻ ഉ്; ദൈവപുത്രൻ ഇല്ലാത്തവനു ജീവൻ ഇല്ല. (1 യോഹന്നാൻ 5:11,12)*

എന്റെ സ്നേഹിതൻ ഡേവിഡ്, തന്റെ പാപങ്ങളെ ക്ഷമിക്കുവാൻ കർത്താവായ യേശുവിനോടു പ്രാർഥിക്കയും, ക്രിസ്തു അവന്റെ ജീവിതത്തിൽ പ്രകാശിക്കുകയും ചെയ്ത ഉടനെ *'അത് ഇത്ര ആശ്ചര്യകരമായിരിക്കുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചില്ല'* എന്നു പറയാൻ അൽഭുതമില്ല!

### *എന്നാൽ എങ്ങനെ?*

യേശുവിന്റെ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും പത്രൊസ് പ്രസംഗിക്കുന്നത് ജനം കേട്ടപ്പോൾ, രക്ഷകനെ അറിയുവാനുള്ള ആഗ്രഹം ദൈവം അവർക്കു നല്കി. പരിശുദ്ധാത്മാവ് നിങ്ങൾക്കുവേി ചെയ്യുന്നത് അവർക്കുവേി ചെയ്തു. യേശു കർത്താവും (KURIOS–YAHWEH) ദൈവത്തിന്റെ മശിഹായും ആകുന്നു. എന്നു പത്രൊസ് പറഞ്ഞത് അവർ ശ്രദ്ധിച്ചു. യേശു ആരാകുന്നു എന്ന ആ പുതിയനിയമബോധം അവരിൽ പാപബോധവും രക്ഷയുടെ ആവശ്യബോധവും ഉളവാക്കി. ക്രൂശിക്കപ്പെട്ട

ക്രിസ്തുവിനോടു അവരുടെ നിസംഗതയും, രക്ഷകനെ അവർ നിരസിച്ചതും അവർക്കു ബോധ്യമായപ്പോൾ അവർക്കു ഹൃദ യത്തിൽ കുത്തുകൊ ു. *'ഞങ്ങൾ എന്തു ചെയ്യേു?'* (പ്രവൃ ത്തികൾ 2:37) എന്നു ചാദിച്ചു.

പത്രൊസ്, മാനസാന്തരപ്പെടുവാൻ ആ ജനത്തെ ആഹ്വാനം ചെയ്തു. മാനസാന്തരമില്ലെങ്കിൽ വിശ്വാസം യാഥാർഥ വിശ്വാസമല്ല, അത് കേവലം വിശ്വാസഭാവം മാത്രമെ ആകുന്നുള്ളൂ. രക്ഷണ്യവിശ്വാസത്തിൽ ഒരു വിശ്വാസമനോ ഭാവവും, മനോഭാവവ്യത്യാസവും ഉൾപ്പെടുന്നു.

ക്രിസ്തു ക്രൂശിൽ മരിച്ചത് എന്തിന് വേിയെന്നുള്ള വിശ്വാസത്തോടുകൂടെ നിങ്ങൾ അവനു നന്ദി പറയുമ്പോൾ ദൈവത്തോടും പാപത്തോടുമുള്ള നിങ്ങളുടെ മനോഭാവത്തിനു സമൂല മാറ്റം വന്നു. അപ്പോഴാണ് പരിശുദ്ധാത്മാവ് നിങ്ങ ളിൽ ആ നേത്രശസ്ത്രക്രീയ നടത്തുന്നത്; അപ്പോൾ നിങ്ങ ളുടെ മനസ്സ് ഒരു വ്യത്യസ്തവീക്ഷണത്തിൽ വസ്തുതകളെ കാണുവാൻ ആരംഭിക്കും. *'മാനസാന്തരം'* എന്ന പദത്തിന്റെ അർഥം തന്നെ *'മനസ്സിനു മാറ്റം വരിക'* എന്നതാണല്ലോ. അതി നാൽ സത്യസന്ധമായ ഒരു പുതുജനനാനുഭവം, ദൈവ ത്തെയും പാപത്തെയും സംബന്ധിച്ചു അടിസ്ഥാനപരമായ ഒരു മാറ്റമുളവാക്കുന്നതാണ്.

**ദൈവത്തെ സംബന്ധിച്ച്:** മാനസാന്തരം (മനസ്സിന്റെ മാറ്റം) ദൈവത്തെ സംബന്ധിച്ച എല്ലാ തെറ്റായ ധാരണക ളെയും നിരസിക്കുന്നു. പഴയ ആചാരങ്ങളുടെയും ജാതിയാ നുഷ്ഠാനങ്ങളുടെയും കടുത്തപിടിയിൽ വലഞ്ഞിരുന്ന ആഫ്രി ക്കയിലെ ജനങ്ങൾ, യേശുവിലേക്കുതിരിഞ്ഞു കഴിയുമ്പോൾ തങ്ങളുടെ ആരാധന വസ്തുക്കളെ പരസ്യമായി ദഹിപ്പിച്ചു കളയുന്നത് ഞാൻ കിട്ടു്. വേദപുസ്തകത്തിലെ ദൈവത്തെ അംഗീകരിക്കുന്നതിൽ സ്വന്തം മത–സാമൂഹ്യസ മ്പ്രദായങ്ങൾ വിട്ടുവന്ന അനേകർക്ക്, സാമൂഹ്യസമ്മർദങ്ങളും ചിലപ്പോൾ ഭീഷണികളും നേരിടേി വരുന്നതും ഞാൻ കി

ട്ട്. രക്ഷണ്യവിശ്വസം, യേശു യഹ്വെ ഏകരഷക ദൈവം എന്ന സമ്പൂർണബോധ്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്കണം.

**പാപത്തെ സംബന്ധിച്ച്:** വിശ്വാസത്തിൽ നിങ്ങൾ രക്ഷാനുഭവത്തിലേക്കു പ്രവേശിക്കുമ്പോൾ, നിങ്ങളുടെ സ്വന്ത പാപാവസ്ഥയെ ദുഃഖത്തോടും ലജ്ജയോടും കൂടെതിരിച്ചറിയും, നിങ്ങളുടെ മനസ്സുമാറ്റം, മാനസാന്തരം നിങ്ങൾ പാപത്തെ കില്ല എന്നു വിചാരിക്കുന്നില്ല എന്നതാണ് അർഥമാകുന്നത്, നിങ്ങളുടെ പാപത്തിനു നിങ്ങൾ ഒഴികഴിവ് പറയുന്നില്ല. നിങ്ങളുടെ നീതി നിങ്ങളെ രക്ഷിക്കും എന്നു നിങ്ങൾ പ്രതീക്ഷിക്കുന്നുമില്ല 'വിശുദ്ധനായ ദൈവത്തിനു മുമ്പിൽ നിങ്ങളുടെ നീതി പ്രവൃത്തികൾ കറപുര തുള്ളിപോലെ ആകുന്നു' (യെശയ്യാവ് 64:6). എന്നാൽ, നിങ്ങൾ ക്രിസ്തുവിലേക്കു തിരിയുമ്പോൾ. നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിനു അനിഷ്ടമായ സകല കാര്യങ്ങളിൽ നിന്നും നിങ്ങൾ പിൻതിരിയും

ഒരു പട്ടാളക്കാരൻ അവധിയെടുത്തുപോന്നു എന്നു സങ്കല്പിക്കുക. ഒരു ദിവസം അയാൾക്കു രു കത്തുകൾ ലഭിക്കുന്നു. ഒന്ന്, തന്റെ സ്നേഹിതനിൽനിന്നും, മറ്റേത് തന്റെ കമാൻഡിംഗ് ഓഫീസറിൽ നിന്നും ഉള്ളതാണ്. ആദ്യത്തേത് സ്നേഹിതന്റെ വിവാഹത്തിൽ സംബന്ധിക്കുന്നതിനുള്ള ക്ഷണക്കത്താണ്, രാമത്തെ കത്ത്, ഡ്യൂട്ടിക്കു ഹാജരാകാനുള്ള കമാൻഡറുടെ കല്പനയാണ്. നിശ്ചയമായും ക്ഷണത്തിനും കല്പനയ്ക്കും വ്യത്യാസമു്. ഒരു ക്ഷണക്കത്ത് നന്ദിപൂർവം നിരസിക്കാം; എന്നാൽ കല്പന അനുസരിച്ചേ മതിയാകൂ; അല്ലെങ്കിൽ മത്സരി എന്നു മുദ്രകുത്തപ്പെടും.

ദൈവം നിങ്ങളെ സ്നേഹിക്കയും, പാപം നിങ്ങളുടെ ജീവിതത്തെ നശിപ്പിക്കുമെന്നു അറിയുകയും ചെയ്യുന്നതിനാൽ, മാനസാന്തരപ്പെടുവാൻ ദൈവം നിങ്ങളെ ക്ഷണിക്കുകയല്ല, മാനസാന്തരപ്പെടുവാൻ ദൈവം നിങ്ങളോടു കല്പിക്കുകയാണ്. ഗ്രീസിന്റെ യുണിവേഴ്സിറ്റി തലത്തിൽ തത്വചിന്തകരോടും ഇതര ശ്രോതാക്കളോടും കല്പിക്കുകയാണ്. ഗ്രീസിന്റെ യൂണി

വേഴ്സിറ്റി തലത്തിൽ തത്ത്വചിന്തകരോടും ഇതര ശ്രോതാക്കളോടും സുവിശേഷം അറിയിച്ച ശേഷം പൗലൊസ് ആ സന്ദേശം ഇപ്രകാരം ഉപസംഹരിച്ചു: *'ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു ദൈവം മനുഷ്യരോടു കല്പിക്കുന്നു'* (പ്രവൃത്തികൾ 17:30). *'എല്ലാവരും'* എന്നതിൽ നിങ്ങളും ഉൾപ്പെടുന്നു.

ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ തെറ്റായ ധാരണകളിൽനിന്നും, നിങ്ങളുടെ പാപത്തിൽനിന്നും തിരിയുമ്പോൾ, വിശ്വാസത്താൽ യേശുവിനെ നിങ്ങളുടെ രക്ഷകൻ ദൈവമായി അംഗീകരിക്കുന്നു എന്നതാണ് ഈ പ്രക്രീയയുടെ മഹാൽഭുതം! പരിശുദ്ധാത്മാവ് *നിങ്ങളുടെ ഹൃദയത്തിൽ ഇച്ഛിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും,* (ഫിലിപ്പിയർ 2:13) പരിവർത്തിക്കും ദൈവത്തിന്റെ ദൃഷ്ടിയിൽ ശരിയായുള്ളത് നിങ്ങൾ പ്രവർത്തിക്കും. ദൈവഹിതം ചെയ്യുന്നതിനുള്ള ശക്തിയായി ആഗ്രഹിക്കുന്നു ഏതൊരു വ്യക്തിക്കും അത് നല്കാമെന്നു ദൈവം വാഗ്ദത്തം ചെയ്തിട്ടു്, അപ്പോൾ മാത്രമെ, നിങ്ങളുടെ ജീവിതം രൂപാന്തരപ്പെടുകയുള്ളൂ; ദൈവം ആഗ്രഹിക്കുന്നവിധം അതിനു മാറ്റംവരികയുള്ളൂ.

ഒരു സ്നേഹിതൻ എന്നനിലയിൽ കർത്താവായ യേശുവിനെ സ്നേഹിക്കുവാൻ ഞാൻ നിങ്ങളെ ത്വരിതപ്പെടുത്തുന്നു. പ്രാർഥനയിൽ ദൈവത്തിന്റെ മുമ്പിൽ തലവനാകുവാൻ കഴിയുന്ന നിശബ്ദമായ ഒരു സ്ഥാനംകത്തെുക. എന്നാൽ, തത്തമ്മ പറയുന്നതുപോലെ വൃഥാവർത്തനം ചെയ്യുന്നു എങ്കിൽ, നിങ്ങളുടെ വാക്കുകൾക്കു പ്രയോജനമില്ല. വിശ്വാസത്തോടെ നിങ്ങൾ യേശുവിനോടു പ്രതികരിക്കുക. *'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'* (യോഹന്നാ 14:6) എന്നു യേശു പറഞ്ഞിട്ടു്.

നിങ്ങൾ കണ്ണുകൾ അടച്ചു, ഹൃദയത്തിൽനിന്ന് ഈ പ്രാർഥന ഉരുവിടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? താഴെ കൊടുത്തിരിക്കുന്ന പ്രാർഥന നിങ്ങൾക്ക് സഹായകരമാകും.

## *എന്റെ പ്രാർഥനാ പ്രതികരണം*

**ദൈവമേ, ഞാൻ അങ്ങയെ അറിഞ്ഞിട്ടില്ല; അങ്ങയെ സ്നേഹിച്ചിട്ടുമില്ല. എന്നാൽ, അവിടന്ന് എന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്തതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു.**

**ഞാൻ ഒരു പാപിയായിരുന്നു. എന്റെ രക്ഷ സമ്പാദിക്കാൻ എനിക്കു സാധ്യമല്ല. വിശ്വാസത്താൽ ഇപ്പോൾ ഞാൻ അങ്ങയിലേക്കു തിരിയുന്നു. അങ്ങയുടെ പാപക്ഷമെക്കായി ഞാൻ അപേക്ഷിക്കുന്നു! ഞാൻ ഒരു പാപിയാകുന്നു എന്നു ഏറ്റു പറയുന്നു. ഞാൻ എന്റെ പാപത്തെക്കുറിച്ചു അനുതപിക്കുന്നു. കർത്താവായ യേശുവേ, എനിക്കുവേി അങ്ങ് മരിച്ചതിലും, അങ്ങയുടെ വിലയേറിയ രക്തത്തിന്റെ ശുദ്ധീകരണശക്തിയും ജീവദായകശക്തിയും എനിക്കു വാഗ്ദാനം ചെയ്തതിനാലും ഞാൻ അങ്ങേക്കു നന്ദിപറയുന്നു. വിശ്വാസത്താൽ, ഇപ്പോൾ ഞാൻ എന്റെ ജീവിതത്തെ അങ്ങയുടെ വിലയേറിയ രക്തത്തിന്റെ സംരക്ഷണത്തിൻ കീഴിൽ സമർപ്പിക്കുന്നു.**

**കർത്താവായ യേശുവേ, അങ്ങ് എന്റെ ഹൃദയത്തിൽ വരണമേ; എന്റെ ജീവിതത്തിന്റെ നിയന്ത്രണം അങ്ങ് ഏറ്റെടുക്കേണമേ.**

**കർത്താവായ യേശുവേ, അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞാൻ വീും ജനനം പ്രാപിച്ചിരിക്കുന്നതിനാൽ ഞാൻ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ പുനരുത്ഥാന ശക്തിയാൽ ഞാൻ ഇപ്പോൾ ദൈവപൈതലായിരിക്കുന്നു എന്നും, അങ്ങയുടെ കൂടെ ഞാൻ എന്നേക്കും ജീവിക്കും എന്നും അറിയുന്നത് അൽഭുതകരമായ അനുഭവമാകുന്നുവല്ലോ!**

*'അവനിൽ വിശ്വസിക്കുന്നവൻ ഒരുനാളും ലജ്ജിച്ചുപോകയില്ല'* (1 പത്രോസ് 2:6)

നിങ്ങൾ ഇപ്പോൾ ചെയ്തിരിക്കുന്ന കാര്യം മറ്റൊരാളോടു പറയുക. ക്രിസ്തു നിങ്ങളിൽ ജീവിക്കുന്നു; യേശുവിനുവേി

ജീവിക്കുന്നതിനും സംസാരിക്കുന്നതിനും നിങ്ങൾക്കാവശ്യമായ ബലം യേശുതന്നെയാണ് എന്നു ഓർമിക്കുക.

*'യേശുവിനെ കർത്താവ് എന്നു വായ്കൊ് ഏറ്റുപറയുകയും, ദൈവം അവനെ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊ് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊു നീതിക്കായി വിശ്വസിക്കുകയും വായ്കൊു രക്ഷെക്കായി ഏറ്റു പറയുകയും ചെയ്യുന്നു'* (റോമർ 10:9-10)

## സ്ലോവാക്യയിൽനിന്ന് ഒരു കത്ത്

*'പ്രിയ സ്നേഹിതരേ, എന്റെ ജീവിതത്തിൽ ഞാൻ വായിച്ചിട്ടുള്ളതിൽ ഏറ്റവും ആവേശകരമായ 'ദൈവത്തിനുവേ ി യുള്ള അന്വേഷണം' എന്ന പുസ്തകം വായിച്ചു തീർന്നതേയുള്ളൂ. ഇനിമേൽ ഞാൻ പഴയതുപോലെ ആയിരിക്കയില്ല എന്നു അറിയുന്നു. കർത്താവായ യേശു എന്നെസ്വീകരിച്ചു ഞാൻ എന്റെ ജീവിതം യേശുവിനു നല്കി. എന്റെ എല്ലാ സ്നേഹിതർക്കും ഈ സന്തോഷം ലഭിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതുകൊ് മറ്റുള്ളവർക്കു വായ്പകൊടുക്കുന്നതിനു ര് പുസ്തകങ്ങൾകൂടെ ഓർഡർചെയ്യാമോ എന്നു ദയവായി അറിയിച്ചാലും....*

*'സുവിശേഷവും രക്ഷയുടെ ദാനവും എന്റെ ജീവിതത്തിൽ ക്രിസ്തുവിനെയും എനിക്കു നല്കിയതിൽ ഞാൻ നന്ദി പറയുന്നു.... ഇത്ര വിശിഷ്ടമായ ഒരു പുസ്തകം ഉള്ള കാര്യം ഞങ്ങൾ അറിഞ്ഞിരുന്നില്ല.'*

–റിപ്പോർട്ട്

## ഒരുനിമിഷം നില്ക്കുക: ശ്രദ്ധിക്കുക

1. ഒരു ഔദാര്യദാനം ലഭിച്ചാൽ എറ്റവും നല്ലനിലയിൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ എങ്ങനെ കഴിയും? 'ദയവായി അത് എനിക്കുതരിക' എന്നു പറയുമോ? 'നന്ദി' എന്നു പറയുമോ?
2. നിങ്ങൾ ദൈവപൈതലാകുന്നു എന്ന ഉറപ്പു നിങ്ങൾക്കു നല്കുന്നത് നിങ്ങളുടെ വികാരങ്ങളാണോ വിശ്വാസമാണോ?
   കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനു നിങ്ങൾ കാരണമല്ല – ദൈവത്തിന്റെ ദാനമത്രേയാകുന്നു –(എഫെസ്യർ 2:8)
3. കർത്താവായ യേശുവിലുള്ള നിങ്ങളുടെ വിശ്വാസത്തിൽ മാനസാന്തം ഉൾപ്പെടുന്നുവോ?
   നന്ദി – സ്തോത്രം ഉൾപ്പെടുന്നുവോ?
   ക്രിസ്തുവിൽ സമ്പൂർണാശ്രയം ഉൾപ്പെടുന്നുവോ?
4. നിങ്ങളെ രക്ഷിച്ചതിനാൽ നിങ്ങൾ ദൈവത്തോടു നന്ദി പറയുകയും യേശുവിനെ സ്തുതിക്കുകയും ചെയ്യുമോ?
   യേശു നിങ്ങൾക്കുവേി ചെയ്ത കാര്യങ്ങൾക്കു മാത്രമല്ല യേശു ആരായിരിക്കുന്നു എന്ന ബോധ്യത്തിലും യേശുവിനെ സ്തുതിക്കേതാണ്.

ആദ്യം ദൈവത്തിലൂടെയും പിന്നീട് യേശുവിലൂടെയും കടക്കാതെ ഏതെങ്കിലുമൊരു സാഹചര്യമോ വൈഷമ്യമോ പരിശോധനയോ യാതൊന്നും തന്നെ എന്നെ സമീപിക്കുകയില്ല. അത് എന്നെ സമീപിക്കുമെങ്കിൽ വലിയ ഒരു ഉദ്ദേശ്യത്തോടുകൂടെയാണ് അത് വരുന്നത്. ഒരുപക്ഷേ, ആ നിമിഷത്തിൽ എനിക്ക് അത് മനസ്സിലാകുകയില്ല, എന്നാൽ അസ്വസ്ഥനാകുവാൻ ഞാൻ വഴങ്ങുന്നില്ല; ഞാൻ ദൈവത്തിന്റെ ദൃഷ്ടികളിലേക്ക് എന്റെ കണ്ണുകൾ ഉയർത്തുന്നു. എന്റെ ഹൃദയത്തിനു വലിയ അനുഗ്രഹം നല്കുക എന്ന ഉദ്ദേശ്യത്തോടുകൂടെ ദൈവസിംഹാസനത്തിൽ നിന്നുമാണ് അത് വരുന്നത് എന്ന് അറിഞ്ഞുകൊു ഞാൻ അത് സ്വീകരിക്കും, യാതൊരു ദുഃഖവും എന്നെ അസ്വസ്ഥനാക്കുകയില്ല; യാതൊരു പരിശോധനയും എന്നെ നിരായുധനാക്കുകയില്ല. യാതൊരു സാഹചര്യവും എന്നെ ദുഃഖിപ്പിക്കുകയില്ല എന്തെന്നാൽ എന്റെ കർത്താവ് എങ്ങനെയിരിക്കുന്നുവോ ആ സന്തോഷത്തിൽ ഞാൻ വിശ്രമിക്കും അതാണ് വിശ്വാസത്തിന്റെ വിജയം!

അലൻ റെഡ്പാത്ത്

## അധ്യായം 10

# ഇനിയെന്ത്?

രക്ഷ സമ്പൂർണമായും സൗജന്യമാണ്! രക്ഷ സമ്പാദിക്കേതിനു ആർക്കും ഒന്നും ചെയ്യുവാൻ സാധ്യമല്ല. കർത്താവായ യേശു അതെല്ലാം നിർവഹിക്കുന്നു.

നിങ്ങൾക്കു നല്കിയിരിക്കുന്ന മാതൃകയനുസരിച്ചു നിങ്ങൾ ആത്മാർഥമായി പ്രാർഥിച്ചു എങ്കിൽ, ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസം നിങ്ങളെ ഒരു യഥാർഥദൈവപൈതലാക്കി തീർത്തിരിക്കുന്നു.

*അവനെ കൈക്കൊ് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു (യോഹന്നാൻ 1:12)*

ഇനിയും നിങ്ങൾ സ്വഭാവികമായി ഇങ്ങനെ ചോദിച്ചേക്കാം *'ഇനിയെന്ത്?'*

മരണത്തെ ജയിച്ചു സ്വർഗത്തിലേക്കു മടങ്ങിപ്പോകുന്നതിനു മുമ്പ് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: 'എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും' (യോഹന്നാൻ 15:4). ഈ വാക്കുകളിൽ ക്രിസ്തീയ ജീവിതത്തിന്റെ അന്തഃസത്ത യേശു വിവരിക്കുകയായിരുന്നു. ദൈവത്തിന്റെ വീക്ഷണത്തിൽ വിശ്വാസി ദൈവപുത്രനിൽ വസിക്കുന്നു സ്വർഗത്തിൽ അവൻ സുരക്ഷിതനായി എത്തുന്നതുവരെയും അവൻ ക്രിസ്തുവിൽ വസിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും,

മനുഷിക വീക്ഷണത്തിൽ, ഉയർത്തെഴുന്നേറ്റ കർത്താവ് വിശ്വാസികളിലും അവരുടെ കുടുംബങ്ങളിലും സ്നേഹിതരിലും സഹപ്രവർത്തകരിലും വസിക്കുന്നതിനാൽ അവരിൽ അധിവസിക്കുന്ന ക്രിസ്തു വിവരിക്കുന്ന അതേ യോഗ്യതയുള്ള ജീവിതം നയിക്കേ താണ്.

നിങ്ങൾ ഒരു ലോഹകമ്പി തീയിൽ വെയ്ക്കുന്നു എന്നു വിചാരിക്കുക. അല്പം കഴിയുമ്പോൾ *'കമ്പി തീയിൽ'* ആകുന്നു എന്നു നിങ്ങൾ പറയും. സൂക്ഷിച്ചുനോക്കിയാൽ കമ്പി ചുട്ടു പഴുത്ത് ചുവന്ന നിറത്തിൽ കാണപ്പെടും ഇപ്പോൾ, *'കമ്പിയിൽ തീ'* എന്നു നിങ്ങൾക്കു പറയുവാൻ കഴിയും.

നിങ്ങൾ ഒരു ബക്കറ്റിൽ നിറെച്ചിരിക്കുന്ന വെള്ളത്തിൽ ഒരു കപ്പ് താഴ്ത്തുന്നു എന്നു സങ്കല്പിക്കുക. കപ്പ് വെള്ളത്തിലാണ്; അതേസമയം വെള്ളം കപ്പിലാണ്! നിങ്ങൾ വീും ജനിച്ചപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ ക്രിസ്തുവിന്റെ ശരീരത്തിലേക്കു നിമജ്ഞനം ചെയ്തു.

*നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു* (കൊലൊസ്യർ3:3) എന്നു വേദപുസ്തകം നിങ്ങൾക്കു ഉറപ്പു തരുന്നു. അതേ, നിങ്ങൾ വീുംജനിച്ചിരിക്കുന്നതിനാൽ, നിങ്ങൾ ഇപ്പോൾ ക്രിസ്തുവിൽ ആകുന്നു ആശ്ചര്യം! മാത്രമല്ല, നിങ്ങൾ വീുംജനിച്ചപ്പോൾ, ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അധിവസിക്കുന്ന ജീവൻ, പരിശുദ്ധാത്മാവിൻ ശക്തിയാൽ നിങ്ങൾക്കു വ്യക്തിപരമായൊരു മഹത്ത്വാനുഭവം ആയിത്തീർന്നിരിക്കുന്നു. *'മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു'* (കൊലൊസ്യർ 1:27) എന്നു നിങ്ങൾക്കു സന്തോഷിക്കാനും കഴിയും. നിങ്ങൾ വീും ജനിച്ചിരിക്കുന്നതിനാൽ ഉയർത്തെഴുന്നേറ്റ ക്രിസ്തു നിങ്ങളിൽവസിക്കുന്നു അൽഭുതകരം!

ഞാൻ ക്രിസ്തുവിൽ ആകുന്നു; ക്രിസ്തു എന്നിൽ ആകുന്നു എന്ന ഈ രു സത്യങ്ങളെയും സ്വതന്ത്രമാക്കുന്ന സ്വാധീനത്തെക്കുറിച്ചു വേദപുസ്തകം എന്തു പറയുന്നു എന്നു നോക്കാം.

## *ഞാൻ ക്രിസ്തുവിൽ*

*നാം എല്ലാവരും ഏകശരീരമാകുന്നു ഓരേ ആത്മാവിനാൽ സ്നാനം ഏറ്റിരിക്കുന്നു (1 കൊരിന്ത്യർ 12:13)*

*അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയിൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേതിനുതന്നെ. (റോമർ 6:4,5)*

*നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു (കൊലൊസ്യർ 3:3)*

പല വർഷങ്ങൾക്കു മുമ്പ് രക്താർബുദം ബാധിച്ചിരുന്ന ഒരു ചെറിയ ബാലനെ എനിക്കറിയാം. അവനന്ന് ഏഴു വയസ്സു മാത്രമേ പ്രായമുായിരുന്നുള്ളൂ. മൂന്നു മാസത്തിലൊരിക്കൽ ഡോക്ടറെ സന്ദർശിച്ചു. നട്ടെല്ലിൽ അവന് ഒരു കുത്തിവെയ്പ് എടുക്കണമായിരുന്നു. നട്ടെല്ലിൽ സൂചി സ്പർശിക്കുമ്പോൾ മറ്റ് ആൺകുട്ടികളും പെൺകുട്ടികളും കരയുന്നതുപോലെ ഡാരിൽ കരയാത്തതെന്താണ് എന്ന് ഒരിക്കൽ ഡോക്ടർ അവനോടു ചോദിച്ചു: *'അതെ, നല്ല വേദനയു്: പക്ഷേ, ഡോക്ടർ നിങ്ങൾക്കു മനസ്സിലാകുന്നില്ല, ആ സൂചി എന്നെ സ്പർശിക്കുന്നതിനു മുമ്പേ യേശുവിന്റെ കൈകളിലൂടെയാണ് കടന്നുപോകുന്നത്.'* നിങ്ങൾ ഇപ്പോൾ ക്രിസ്തുവിൽ ആയിരിക്കുന്നതിനാൽ നിങ്ങളുടെ ജീവിതത്തെ പരിശോധിക്കുകയോ സ്പർശിക്കുകയോ ചെയ്യുന്ന സകലവും കൈകാര്യം ചെയ്യുവാൻ ക്രിസ്തു മതിയായവനാണ് എന്നു അറിയുന്നത് അൽഭുതകരം തന്നെ! അതാണ് വിശ്വാസം!

കർത്താവായ യേശുവിനെ നിങ്ങൾ വിശ്വാസത്താൽ സ്വീകരിച്ചതുപോലെ, നിങ്ങളുടെ ജീവിതത്തിലെ സകല ആവശ്യങ്ങളും നിർവഹിച്ചു തരുന്നതിനു കർത്താവായ യേശു ക്രിസ്തുവിന്റെ പര്യാപ്തതയെ സ്വന്തമാക്കുന്നതിനു അതേ വിശ്വാസത്തിന്റെ തത്ത്വം നിങ്ങളെ സഹായിക്കുന്നതാണ്. അതായത് നിങ്ങളുടെ വിശ്വാസത്തിന്റെ ആദ്യ പ്രവൃത്തി, തുടർച്ചയായ വിശ്വാസമനോഭാവം സ്വീകരിക്കുന്നതിനു നിങ്ങൾക്കു വാതിൽ തുറന്നിരിക്കുന്നു എന്നർഥം. *'ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുവിനെ കൈക്കൊതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പീൻ'* (കൊലൊസ്യർ 2:6)

നിങ്ങൾ, വീുംജനിച്ചിരിക്കുന്നു എങ്കിലും, നിങ്ങൾ യേശുവിന്റെ ജീവിതം അതുപോലെ അനുകരിക്കുവാൻ ദൈവം നിങ്ങളെക്കുറിച്ചു ആഗ്രഹിക്കുന്നില്ല. ലക്ഷോപലക്ഷം വിശ്വാസികൾ അത് ചെയ്യുന്നതിനു ആഗ്രഹിച്ചിട്ടു വിജയിക്കാത്തതിൽ നിരാശപ്പെട്ടു പോയിട്ടു്. എന്നാൽ ദൈവം നമ്മുടെ ക്രിസ്തീയ ജീവിതത്തിനു അൽഭുതകരമായ കരുതൽ ചെയ്തിട്ടു്. നാം ക്രിസ്തുവിൽ മരിച്ചുകഴിഞ്ഞു. നാം ക്രിസ്തുവിൽ മരിച്ചിരിക്കയാൽ, നാം ന്യായപ്രമാണത്തിന്റെ ന്യായവിധികൾക്കും കല്പനകൾക്കും മരിച്ചിരിക്കുന്നു. തന്നിമിത്തം, ന്യായപ്രമാണത്തിന്റെ കല്പനകൾ നിവർത്തിക്കുവാനുള്ള സ്വയ അധ്വാനങ്ങൾക്കും നാം മരിച്ചിരിക്കുന്നു. ആത്മീയജീവിതം നയിക്കുന്നതിനു നമ്മിൽ തന്നെ നാം ഏതെങ്കിലും വിശ്വാസം വെച്ചിട്ടുങ്കിൽ, അതിനെല്ലാം നാം മരിച്ചിരിക്കുന്നു. എന്നാൽ ഉയർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിൽ നമ്മെ സംരക്ഷിക്കയും പോഷിപ്പിക്കയും ചെയ്യുന്ന എല്ലാ അനുഗ്രഹങ്ങൾക്കും നാം മഹത്ത്വപൂർണരായി ജീവിച്ചിരിക്കുന്നു എന്നതിനാൽ ദൈവത്തിനു സ്തോത്രം!

നമ്മുടെ ജീവിതത്തിലെ പരീക്ഷകളെയും സമ്മർദങ്ങളെയും സ്വയംകൈകാര്യം ചെയ്യുവാൻ നാം ശ്രമിക്കുമ്പോഴാണ് പ്രശ്നമുാകുന്നത്. തന്റെ പുതുജനനത്തിനു ശേഷവും,

ക്രിസ്തീയ ജീവിതം വിജയകരമായി നയിക്കുവാൻ താൻ അപ്രാപ്തനാണെന്നു ഒരു വിശ്വാസി മനസ്സിലാക്കും. ഈ പ്രവണതയ്ക്കെതിരെ മുന്നറിയിപ്പു നല്കികൊ് കർത്താവ് പറഞ്ഞു: 'എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്യുവാൻ സാധ്യമല്ല' (യോഹന്നാൻ 15:5)

വാസ്തവത്തിൽ, സ്വയപ്രയത്നം എന്ന ഈ ഭോഷത്വത്തെക്കുറിച്ചു. അപ്പോസ്തലനായ പൗലൊസ്, ഗലാത്യയിലെ വിശ്വാസികളോടു കർശനമായ ഭാഷയിൽ സംസാരിച്ചിട്ട് വിശ്വാസത്താൽ മാത്രം ജീവിക്കുക എന്ന തത്ത്വത്തിൽനിന്നു പിന്മാറിപ്പോയ അവരുടെ മനോഭാവത്തെ തിരുത്തുന്നതിനു പൗലൊസ് അവനോടു ചോദിക്കുന്ന ചോദ്യം സ്വയം ഉത്തരം പറയാവുന്നതാണ്.

*'ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു; നിങ്ങൾക്കു ആത്മാവുലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? നിങ്ങൾ ഇത്രബുദ്ധികെട്ടവരോ? ആത്മാവുകൊു ആരംഭിച്ചിട്ടു ഇപ്പോൾ ജഡം കൊാോ സമാപിക്കുന്നത്? ഇത്രഎല്ലാം വെറുതെ അനുഭവിച്ചുവോ?'* (ഗലാത്യർ 3:2,3)

അവരും നിങ്ങളെപ്പോലെ വിശ്വാസത്തിൽ തന്നെയാണ് ക്രിസ്തുവിലുള്ള ജീവിതം ആരംഭിച്ചത്. ആശ്രയിക്കുന്ന വിശ്വാസത്താൽ മാത്രമേ, *യേശുക്രിസ്തുഎന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴുവാൻ കഴിയുകയുള്ളൂ* (റോമർ 5:17)

ഗലാത്യയിൽ, ആശ്രയിക്കുന്ന വിശ്വാസത്തിനു പകരം ആചാരപരമായ സ്വയപ്രയത്നം അവർ സ്വീകരിച്ചു. എന്നാൽ, നിങ്ങൾ കത്തെിയ കർത്താവിൽ ആശ്രയിക്കുന്ന വിശ്വാസത്തിൽ നിങ്ങൾ തുടർന്നു ജീവിക്കുമെങ്കിൽ ഗലാത്യയിൽ നിലനിന്നിരുന്ന ദയനീയസ്ഥിതി ഒരിക്കലും, നിങ്ങളുടെ ജീവിതാനുഭവമാകയില്ല.

### *ക്രിസ്തു എന്നിൽ ജീവിക്കുന്നു.*

*ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല;* ***ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്.*** *(ഗലാത്യർ 2:20)*

*ക്രിസ്തു* ***നിങ്ങളിൽ ഉങ്കിലോ*** *ശരീരം പാപം നിമിത്തം മരിക്കേതെങ്കിലും ആത്മാവ് നീതിനിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവന്റെ ആത്മാവും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, ക്രിസ്തുയേശുവിനെ മരണത്തിൽനിന്നു ഉയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവുകൊു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും (റോമർ 8:10,11)*

*അവരോടു ജാതികളുടെ ഇടയിൽ ഈ മർമത്തിന്റെ മഹിമാധനം എന്ത് എന്നു അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി ആ മർമം മഹത്ത്വത്തിന്റെ പ്രത്യാശയായ* ***ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു*** *എന്നു ഇതു തന്നെ (കൊലൊസ്യർ 1:27)*

*ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേതിനും. (എഫെസ്യർ 3:17).*

ക്രിസ്തുവിന്റെ അധിവസിക്കുന്ന ജീവനിൽ നിങ്ങൾ ആശ്രയിക്കുന്ന വിശ്വാസം ഇങ്ങനെ നിങ്ങൾക്കു വെളിപ്പെടുത്തുവാൻ കഴിയും. *'കർത്താവായ, അങ്ങേയ്ക്കു നന്ദി. ഞാൻ ഒന്നുമില്ല എല്ലാം അവിടന്നു ആകുന്നുവല്ലോ. അങ്ങ് എന്നിൽ ആയിരിക്കുന്നതിനും, എന്നിലൂടെ ആയിരിക്കുന്നതിനും ഞാൻ അങ്ങയെ അനുവദിക്കുന്നു'* നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ ഉത്തരവാദിത്തം ദൈവം മറ്റൊരാൾക്കു കർത്താവായ യേശുക്രിസ്തുവിനു നല്കിയിരിക്കുന്നു! നിങ്ങൾ അഭിമുഖീകരിക്കുന്ന, ജീവിതത്തിലെ അപൂർണതകളെയും, അവസരങ്ങളെയും നേരിട്ടതിനു യേശു മാത്രമാണ് പ്രാപ്തനായിരിക്കുന്നത്. ക്രിസ്തുവിനെകൂടാതെ ഒരു ദൈവശാസ്ത്രജ്ഞനായിരിക്കുവാൻ നിങ്ങൾക്കു കഴിയും. ക്രിസ്തുവിനെ കൂടാതെ

നിങ്ങൾക്ക് ഒരു പ്രസംഗകനായിരിക്കാൻ കഴിയും; ക്രിസ്തുവിനെ കൂടാതെ നിങ്ങൾക്കു ഒരു മിഷനറിയായിരിക്കുവാൻ കഴിയും; എന്നാൽ ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നില്ല എങ്കിൽ നിങ്ങൾക്കു ഒരു ക്രിസ്ത്യാനി വിശ്വാസി ആയിരിക്കുവാൻ ഒരിക്കലും സാധ്യമല്ല!

ക്രിസ്തീയജീവിതം, യഥാർഥത്തിൽ നയിക്കുവാൻ കഴിയുന്ന ഒരേയൊരു വ്യക്തി യേശു മാത്രമാണ്. തന്റെ പരിശുദ്ധാത്മാവിനാൽ യേശു അൽഭുതകരമായി നിങ്ങളുടെ ഹൃദയത്തെ തന്റെ വാസസ്ഥലമാക്കിയിരിക്കുന്നു. നിങ്ങൾക്കു മുമ്പ് സ്വയമായി ചെയ്യുവാൻ കഴിയാതിരുന്നത്, ഇപ്പോൾ നിങ്ങളിലൂടെയും നിങ്ങൾക്കുവേിയും ചെയ്യുവാൻ യേശുവിനു കഴിയും. അസാന്മാർഗികതയുടെയും അശുദ്ധിയുടെയും ലോകത്തിൽ വിശുദ്ധിയായ കർത്താവ് തന്നെയാണ് നിങ്ങളുടെ വിശുദ്ധി. പരീക്ഷകളുടെ ലോകത്തിൽ, ജയാളിയായ കർത്താവു തന്നെയാണ് നിങ്ങളുടെ ജയവീരൻ. സ്വാർഥത അന്വേഷിക്കുന്ന ലോകത്തിൽ സ്നേഹമായ യേശുതന്നെയാണ് നിങ്ങളുടെ സ്നേഹം. നിശ്ചയമായും, *'പുനരുത്ഥാനവും ജീവനു'*മായ കർത്താവ് തന്നെയാണ് നിങ്ങളുടെ ക്രിസ്തീയ ജീവിതം!

നിങ്ങൾ, താഴ്മയോടുകൂടെ നിങ്ങളുടെ ജീവിതം കർത്താവിനു സമർപ്പിക്കുമ്പോൾ, നിങ്ങൾ മുഖാന്തരം, മറ്റുള്ളവരുടെ ആത്മാക്കളെ കത്തെുവാൻ നിങ്ങളെ ഉപയോഗിക്കും! 'കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്' (ലൂക്കൊസ്19:10). തങ്ങളുടെ ജീവിതം മറ്റുള്ളവർക്കു യേശുവിന്റെ ജീവൻ പകരാനുള്ള പാത്രങ്ങളാകുന്നു എന്നു കത്തെുമ്പോൾ വിശ്വാസികളുടെ ജീവിതം ആവേശഭരിതരാകും.

ഓർക്കുക യേശു സ്വർഗത്തിലേക്കു മടങ്ങിപ്പോയി എങ്കിലും, അവൻ നിങ്ങളിൽ നിന്നും അകന്നുപോയിട്ടില്ല. യേശു സ്വന്ത ശിഷ്യന്മാരെ ഭൂമിയിൽ വിട്ടിട്ടു പോകുമ്പോൾ ഇപ്രകാരം പറഞ്ഞു:

*കുറഞ്ഞോന്നു കഴിയുമ്പോൾ ലോകം എന്നെ കാണുകയില്ല നിങ്ങളോ എന്നെ കാണും. ഞാൻ ജീവിക്കുന്നതുകൊു നിങ്ങളും ജീവിക്കും.* ***ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നു നിങ്ങൾ അന്നു അറിയും*** *(യോഹന്നാൻ 14:19–20)*

നിങ്ങൾ ചോദിച്ചേക്കാം: *'ക്രിസ്തുവിൽ ദൈവം എനിക്കു നല്കിയിട്ടുള്ള സകല വിഭവങ്ങളും എന്റെ ജീവിതത്തിൽ യാഥാർഥ്യവും പ്രായോഗികവുമാകുന്നതെങ്ങനെ?'* അതൊരു ചോദ്യമാണ്. മാനസിക വിശ്വാസത്തിനും പ്രായോഗിക വിശ്വാസത്തിനും തമ്മിലുള്ള വിടവ് അത് കാണിക്കുന്നു. പ്രവർത്തിക്കുന്ന ഒരു വിശ്വാസത്തിനായുള്ള ഒരു ആഗ്രഹവും അതിലു്. ക്രിസ്തുവിന്റെ വിജയം വരിക്കുന്ന ജീവിതം, നന്ദിപറയുമ്പോൾ വിശ്വാസിയിലൂടെ സ്വതന്ത്രമാക്കപ്പെടുന്നു. യാഥാർഥ വിശ്വാസം എല്ലായ്പ്പോഴും *'നന്ദി–സ്തോത്രം'* പറയുന്നു.

ക്രിസ്തുവിൽ നിങ്ങൾക്കുള്ള രക്ഷണ്യവിശ്വാസത്തെ പ്രദർശിപ്പിക്കാനുള്ള ഉത്തമ മാർഗം, നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടതിനാൽ നന്ദിപറയുക എന്നതാണ്. നിങ്ങളുടെ ആവശ്യങ്ങളിൽ യേശു എന്തായിരിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അവൻ അതായിത്തീരും എന്ന യഥാർഥ്യം മനസ്സിലാക്കി കർത്താവിനു നന്ദി പറയുക. *'വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല'* (എബ്രായർ 11:6). നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുമ്പോൾ, ക്രിസ്തു നിങ്ങൾക്കു സകലവും ആയിരിക്കുന്നതിനാലും അവൻ മതിയായവൻ ആയിരിക്കുന്നതിനാലും നിരന്തരം സ്തോത്രമർപ്പിച്ചുകൊ് നിങ്ങളുടെ ക്രിസ്തീയജീവിതം നയിക്കുക.

ക്രിസ്തുവിനോടുള്ള നിങ്ങളുടെ ഭക്തിനിമിത്തം പീഡ അനുഭവിച്ച വിശ്വാസികളോടു പത്രൊസ് ഇപ്രകാരം പറഞ്ഞു: *'ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ'* (1പത്രോസ് 3:15) നിങ്ങളുടെ വിശ്വാസം നിങ്ങൾ

പീഡിപ്പിക്കപ്പെടുമ്പോൾ എങ്ങനെ പെരുമാറണമെന്ന ദൈവത്തിന്റെ രഹസ്യമാണ് ആ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. യേശു നിങ്ങളുടെ ജീവിതത്തിൽ കർത്താവായിരിക്കുന്നു എന്നു ഉറപ്പായിരിക്കട്ടെ.

പഴയനിയമത്തിൽ ദൈവത്തിന്റെ നാമങ്ങളിൽ ഒന്ന് അഡോനായ് എന്നാകുന്നു. *'ദൈവം എന്റെ യജമാനൻ ആകുന്നു'* അഡോനായ് എന്ന പദത്തിനർഥം. *'ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ'* എന്നു വിശ്വാസികളെ പ്രബോധിപ്പിച്ചപ്പോൾ, കർത്താവായ ദൈവം എന്റെ യജമാനൻ എന്ന അർഥമാണ് പത്രൊസ് നല്കിയത്. കർത്താവായ യേശു നിങ്ങളുടെ ജീവിതത്തിന്റെ യജമാനനായിരിക്കയാൽ, നിങ്ങൾക്കു അവനുമായുള്ള നിരന്തര കൂട്ടായ്മ ആസ്വദിക്കുവാൻ കഴിയും. നിങ്ങളുടെ അനുദിനജീവിതത്തിലെ ആവശ്യങ്ങൾക്കും അവസരങ്ങൾക്കും വേി അപ്പോൾ മാത്രമേ യേശുവിൽ സ്വതന്ത്രമായി നിങ്ങൾക്കു ആശ്രയിക്കുവാൻ കഴിയുകയുള്ളൂ. ജോർജ്ജ് മാദോസൻ എന്ന ഗാനരചയിതാവ് എഴുതിയതുപോലെ:

*കർത്താവേ, എന്നെ ഒരു അടിമയാക്കേണമേ,*
*അപ്പോൾ ഞാൻ സ്വതന്ത്രനാകും*
*എന്റെ വാൾ സമർപ്പിക്കുവാൻ എന്നെ നിർബന്ധിക്കേണമേ, അപ്പോൾ ഞാൻ ജയാളിയാകും!*

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പൊതുവായ ധാരണയ്ക്കു വിപരീതമായി എനിക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്യുന്നതിന് എനിക്ക് അവകാശം ലഭിക്കുന്നതല്ല യഥാർഥസ്വാതന്ത്ര്യം. പിന്നെയോ, ഞാൻ ചെയ്യേത് ചെയ്യുവാനുള്ള ശക്തി എനിക്ക് ലഭിക്കുന്നതിനാലാണ് ആ സ്വാതന്ത്ര്യം കത്തുന്നത്! *'എന്നെ ശക്തനാക്കുന്നൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു'* (ഫിലിപ്പ്യർ 4:13) എന്ന പൗലൊസിന്റെ വാക്കുകൾ ഓർക്കുക.

1859-ൽ ഉത്തര അയർലിൽ ഉായ ആത്മീയ ഉണർവിൽ ആയിരക്കണക്കിനാളുകൾ ക്രിസ്തുവിങ്കലേക്കു

വന്നു. ആ മാനസാന്തരികൾ *'ഒരു വിശ്വാസ സമർപ്പണ പത്രം'* ഒപ്പിട്ടുകൊാണ് തങ്ങളുടെ വ്യക്തിപരമായ അർപ്പണത്തെ പ്രഖ്യാപിച്ചത്. ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ജീവിതരൂപാന്തര അനുഭവം വളരെ ശക്തിയായി ജനത്തിനുായതിനാൽ ആ രാജ്യത്തിലെങ്ങും ധാർമിക അന്തരീക്ഷത്തിനു വലിയ മാറ്റമു ായി.

അപ്രകാരമുള്ള ഒരു സമർപ്പണപത്രം ഒപ്പിട്ടുകൊടുക്കുന്നതിൽ വൈശിഷ്ട്യമൊന്നും ഇല്ലെങ്കിലും, ദൈവത്തോടു നിങ്ങൾക്കുള്ള അർപ്പണവും പ്രതികരണവും ഉറപ്പാക്കേതിന് അടുത്ത പേജിലെ അർപ്പണപത്രം ഒപ്പിട്ടു സൂക്ഷിക്കുന്നത് നല്ലതാണ്.

*നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്യാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളത് യേശുമുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ –ആമേൻ (എബ്രായർ* 13:20–21).

## *ഹംഗറിയിൽനിന്ന് ഒരുകത്ത്*

'റിച്ചാർഡ് എ. ബെന്നറ്റ് എഴുതിയ ***'ദൈവത്തിനുവേിയുള്ള അന്വേഷണം'*** എന്ന പുസ്കത്തോടൊപ്പം വിശുദ്ധ ബൈബിൾ കൂടെ അയച്ചു തന്നതിൽ വളരെ നന്ദി അറിയിക്കുന്നു.

ഞാൻ പുസ്തകം വായിച്ചു തീർത്തു. ബൈബിളിൽ ആ വേദഭാഗങ്ങൾ കുപിടിക്കുകയും ചെയ്തു.

***'ഞാൻ എന്ത്*** *വിശ്വസിക്കണം;* ***എന്തു കൊ് വിശ്വസിക്കണം*** *എന്നീ കാര്യങ്ങൾ തിരിച്ചറിയുന്നതിനു 'ദൈവത്തിനുവേിയുള്ള അന്വേഷണം' എന്ന പുസ്തകം എന്നെ സഹായിച്ചു. ഞാൻ എന്റെ വിശ്വാസത്തിന്റെ ആയുഷ്കാലസമർപ്പണം നടത്തുകയുായി.'*

ട്രാൻസ്‌വേൾഡ് റേഡിയോ റിപ്പോർട്ട്

**നിങ്ങളുടെ വ്യക്തിപരമായ**
**അർപ്പണത്തെ സഹായിക്കുന്ന**

*വിശ്വാസ സമർപ്പണത്തിനുള്ള*

**തിരുവെഴുത്തുകൾ അടുത്ത**
**പേജുകളിൽ നല്കിയിട്ടു്**

# എന്റെ വിശ്വാസ സമർപ്പണം

**പിതാവാം ദൈവത്തെ, എന്റെ ദൈവമായി ഞാൻ സ്വീക രിക്കുന്നു.**

*'ജീവനുള്ള സത്യ ദൈവത്തെ സേവിപ്പാൻ നിങ്ങൾ തിരിഞ്ഞുവന്നു'*
*(1 തെസ്സലൊനിക്യർ 1:9)*

**യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി ഞാൻ സ്വീകരിക്കുന്നു**

*'മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം ക്രിസ്തുവിനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യിൽ ഉയർത്തിയിരിക്കുന്നു'*
*(പ്രവൃത്തികൾ 5:31)*

**ദൈവസ്നേഹത്താൽ എന്നെ നിറക്കേതിനു പരിശുദ്ധാത്മാവിനെ ഞാൻ സ്വീകരിക്കുന്നു**

*'ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവി നാൽ നമ്മുടെ ഹൃദയങ്ങളിൽ പകർത്തിയിരിക്കുന്നുവല്ലോ'*
*(റോമർ 5:5)*

**എന്റെ നിയമമായിരിക്കേതിനു ദൈവവചനത്തെ ഞാൻ സ്വീകരിക്കുന്നു**

*'എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനു ഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേ തിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു'*
*(2 തിമൊഥെയൊസ് 3:16,17)*

**ദൈവത്തിന്റെ ജനം എന്റെ ജനമായി ഞാൻ സ്വീകരിക്കുന്നു.**

*'നിന്റെ ജനം എന്റെ ജനം; നിന്റെ ദൈവം എന്റെ ദൈവം!'*
*(രൂത്ത് 1:16)*

**ഞാൻ എന്നെത്തന്നെ കർത്താവിനു സമ്പൂർണമായി സമർപ്പിക്കുന്നു**

*'നമ്മിൽ ആരും തനിക്കായി തന്നെ ജീവിക്കുന്നില്ല; ആരും തനിക്കായി മരിക്കുന്നതുമില്ല; ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു. മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു'*
*(റോമർ 14:7,8)*

**ഞാൻ ഇത് മനഃപൂർവമായി ചെയ്യുന്നു!**

*'നിങ്ങൾ ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തു കൊൾവിൻ...ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും !'*
*(യോശുവ 24:15)*

**ഞാൻ ഇത് ആത്മാർഥമായി ചെയ്യുന്നു.**

*വിശുദ്ധിയിലും നിർമലതയിലും പെരുമാറിയിക്കുന്നു എന്നു ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം തന്നെ ഞങ്ങളുടെ പ്രശംസ'*
*(2 കൊരിന്ത്യർ 1:12)*

**ഞാൻ അത് സ്വമേധയായി ചെയ്യുന്നു.**

*'നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാ ദാനമായിരിക്കുന്നു'*
*(സങ്കീർത്തനം 110:3)*

**ഞാൻ നിത്യമായ ഉടമ്പടി ചെയ്യുന്നു**

*'ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ പട്ടിണിയോ, നഗ്നതയോ ആപത്തോ, വാളോ?'*
*(റോമർ 8:35)*

*പേര്*________________________________________

*തിയതി*________________________________________

എട്ടു ഭാഷകളിലായി 200,000 കോപ്പികളിലുമധികം
പ്രസിദ്ധീകൃതമാക്കിയിട്ടുണ്ട്.

# വിശ്വാസത്തിനു പോഷണം

ഒരു വേദപുസ്തക മാന്വൽ

**റിച്ചാർഡ് എ. ബെന്നറ്റ്** അമേരിക്ക, കാനഡാ, യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ, സഭകളിലും കോൺഫെറൻസുകളിലും ബൈബിൾ കോളജുകളിലും നാല്പതു വർഷത്തിലധികമായി ശുശ്രൂഷിക്കുന്നു. ട്രാൻസ് വേൾഡ് റേഡിയോയിൽനിന്നും ഫാർ ഈസ്റ്റ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷനിൽനിന്നും അഞ്ചു രാജ്യങ്ങളിലേക്ക് അദ്ദേഹത്തിന്റെ ബൈബിൾ പഠനങ്ങൾ ഇരുപത് വർഷം പ്രക്ഷേപണം ചെയ്തിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനെ കൂടുതൽ അടുത്തറിയുവാൻ ആളുകളെ സഹായിക്കുന്നതിന് തങ്ങളുടെ തന്ത്രപ്രധാനമായ ശുശ്രൂഷയിലൂടെ റിച്ചാർഡും അദ്ദേഹത്തിന്റെ സഹധർമ്മിണി ഡോറോത്തിയും ആത്മാർഥമായി ആഗ്രഹിക്കുന്നു.

*പരമാവധി പ്രയോജനത്തിന് ആത്മീയ പോഷണം ആസ്വദിക്കയും അനുഭവസ്ഥമാക്കുകയും ആഗിരണം ചെയ്യുകയും ചെയ്യേണ്ടതാണ്. ഈ പ്രക്രിയ പ്രാവർത്തികമാക്കുന്നത് എങ്ങനെ എന്നു ഡോ. ബെന്നറ്റ് നമ്മെ കാണിക്കുന്നു.*

ഡോ. സ്റ്റീഫൻ എഫ്. ഓൽഫോർഡ്

Authentic

ISBN : 978-81-7362-857-3
9 788173 628573 00350

Food for faith *(Malayalam)*

www.ccim-media.com

വിശ്വാസത്തിനു പോഷണം

റിച്ചാർഡ് എ. ബെന്നറ്റ്

# വിശ്വാസത്തിനു പോഷണം



## റിച്ചാർഡ് എ. ബെന്നറ്റ്